# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

## കായംകുളം നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട്

## 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/ജി.എ.5-169/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ ജില്ല
ഫോൺ – 0477-2252753
e-mail:ddhglfalpy@gmail.com

തീയതി,14/2/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

ചെയർമാൻ (സെക്രട്ടറി മുഖാന്തിരം)
കായംകുളം നഗരസഭ.

സർ,

വിഷയം - കായംകുളം നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് – റിപ്പോർട്ട് പുറപ്പെടുവിക്കുന്നത്.

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള നഗരപാലികാ നിയമം 295(4) -ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായംകുളം നഗരസഭയുടെ 2015-2016 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം.2 ലെ 2-1, 2-2, 2-3 എന്നീ ഖണ്ഡികകളിലേക്കും ഭാഗം.3 ലെ 3-1, 3-3, 3-4, 3-5, 3-6, 3-9, 3-10, 3-11, 3-12, 3-13, 3-14 എന്നീ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിൻമേൽ നഗരസഭ എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ് *(കേരള മുനിസിപ്പാലിറ്റി - പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ ചട്ടം 14, 15).*

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്. *[1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23. 1997 ലെ കേരള മുനിസിപ്പാലിറ്റി-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക].*

*വിശ്വസ്തതയോടെ,*

*സീനിയർ ഡെപ്യൂട്ടി ഡയറക്ടർ*

*പകർപ്പ്*

*1.സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് (ഉപരി പത്രം സഹിതം)*
*2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരി പത്രം സഹിതം)*
*3.ഡയറക്ടർ, നഗരകാര്യ വകുപ്പ് (ഉപരി പത്രം സഹിതം)*
*4.റീജിയണൽ ജോയന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് (ഉപരി പത്രം സഹിതം)*

നം.കെ.എസ്.എ/എ.എൽ.പി/ജി.എ.5-169/17 തിയ്യതി:14/2/2017

ആലപ്പുഴ ജില്ലയിലെ കായംകുളം നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരള നഗരപാലികാ നിയമം - വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ കായംകുളം നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.4.2015 മുതൽ 31.3.16 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ആർ. അശോകൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 20.1.2017 മുതൽ<br>31.1.2017 വരെ | ശ്രീ. എസ്സ്. വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി. എൻ. സുജ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി. ദീപ. കെ. ഗോപാൽ, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രാജി. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ. ശ്രീകാന്ത്. സി. എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി.ഷീബ. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

1)പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. രാജശ്രീ കോമളത്ത്. | 01.4.2015 മുതൽ 21.10.2015 വരെ. |
| 2 | ശ്രീ. എൻ. ശിവദാസൻ. | 12.11.2015 മുതൽ 31.3.16വരെ. |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. പ്രദീപ്കുമാർ. ആർ. | 01.04.2015 മുതൽ 14.01.2016 വരെ. |
| 2 | ശ്രീ. എൻ കൃഷ്ണൻകുട്ടി (സൂപ്രണ്ട്- അഡീഷണൽ ചാർജ്.) | 15.01.2016 മുതൽ 22.01.2016 വരെ. |
| 3 | ശ്രീ. ജെ. മുഹമ്മദ്ഷാഫി. | 23.01.2016 മുതൽ 09.02.2016 വരെ. |

| | | |
|---|---|---|
| 4 | ശ്രീ. ഡി. ജയകുമാർ. | 09.02.2016ANമുതൽ 31.3.2016വരെ. |

3.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി. ജെ.ശ്രീജയ.<br>വേക്കന്റ്.<br>ശ്രീമതി. കെ. സതിയമ്മ. | 01.4.15 മുതൽ 31.5.15 വരെ.<br>01.6.15 മുതൽ 13.1.16 വരെ.<br>14.1.16 മുതൽ 31.3.16വരെ. |
| 2 | വെറ്ററിനറി സർജൻ | ഡോ.കെ. സന്തോഷ്.<br>ഡോ. എം.രാധാകൃഷ്ണപിള്ള.<br>ഡോ .വി.നാരായണപിള്ള. | 01.4.15 മുതൽ 21.9.15 വരെ.<br>21.9.15 ANമുതൽ 8.2.16 വരെ.<br>9.2.16 മുതൽ 31.3.16 വരെ. |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അജിത. ജി. | 01.4.15 മുതൽ 31.3.16 വരെ. |
| 4 | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | ഡോ.അനു. എം.എസ്. | 01.4.15 മുതൽ 31.3.16 വരെ. |
| 5 | ചീഫ് മെഡിക്കൽ ഓഫീസർ (ആയൂർവേദം). | ഡോ. ഡോറിബെൽ.<br>ഡോ. ഒ.ജയലക്ഷ്മി. | 01.4.15 മുതൽ 20.5.15 വരെ.<br>20.5.15ANമുതൽ 31.3.16 വരെ. |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ). | ഡോ. വിജയേന്ദ്രൻ. പി. | 01.4.15 മുതൽ 31.3.16 വരെ. |
| 8 | പ്രിൻസിപ്പൽ, ഗവ.ഗേൾസ് ഹയർസെക്കന്ററി സ്കൂൾ. | ശ്രീമതി. ബീനാകുമാരി. എം.ജി. | 01.4.15 മുതൽ 31.3.16 വരെ. |
| 9 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ. എസ്. കൃഷ്ണകുമാർ.<br>ശ്രീമതി. എൻ.ഷൈനി. | 01.4.15 മുതൽ 14.7.15 വരെ.<br>14.7.15ANമുതൽ 31.3.16 വരെ. |
| 10 | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം. | ശ്രീ. നിഷാദ്. റ്റി.<br>ശ്രീ. വിജയൻ. ആർ.<br>ശ്രീ. കൃഷ്ണകുമാർ. വി. | 01.4.15 മുതൽ 17.11.15വരെ.<br>17.11.15ANമുതൽ30.1.16വരെ<br>30.1.16ANമുതൽ31.3.16വരെ. |
| 11 | എസ്.സി.ഡി.ഒ. | ശ്രീമതി. ജലജ. ഡി. | 01.4.15 മുതൽ 31.3.16 വരെ. |

ഉള്ളടക്കം

| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-13 |
| | ഭാഗം -2 | |
| 2 | 2-1 റവന്യൂ - ഹെൽത്ത് വിഭാഗങ്ങളുടെ അനാസ്ഥ – നഗരസഭയ്ക്ക ഭീമമായ സാമ്പത്തിക നഷ്ടമുണ്ടാക്കുന്നു - ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-1 |
| 3 | നിയമാനുസൃതമല്ലാത്ത നിരവധി കെട്ടിടങ്ങൾ - നഗരസഭാധികൃതർ നടപടി സ്വീകരിക്കുന്നില്ല | 2-2 |
| 4 | അനധികൃത കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതി ഈടാക്കുന്നില്ല | 2-3 |
| 5 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല - നഗരസഭയ്ക്ക് വരുമാന നഷ്ടം | 2-4 |
| 6 | അൺ - എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-5 |
| 7 | വിമുക്ത ഭടൻമാരുടെ വസ്തു നികുതി ഒഴിവാക്കൽ – നടപടിക്രമങ്ങൾ സുതാര്യമല്ല | 2-6 |
| | ഭാഗം -3 | |
| 8 | പദ്ധതികൾ നിർവ്വഹണത്തിൽ ഗുരുതര വീഴ്ച - നഗരസഭക്ക് 3.77 കോടി പാഴായി | 3-1 |
| 9 | മരാമത്തു വേലകൾ - നിർമ്മാണ പ്രവർത്തനങ്ങളിലും ചെലവു നടത്തുന്നതിലും ഗുരുതര ക്രമക്കേടുകൾ - രേഖകൾ തയ്യാറാക്കുന്നതിൽ ന്യൂനതകൾ | 3-2 |
| 10 | 11,70,722/- രൂപയുടെ ചെലവുമായി ബന്ധപ്പെട്ട രേഖകളില്ല | 3-3 |
| 11 | റെയിൽവേ ടെർമിനൽ ബസ് സ്റ്റാന്റിനു ചുറ്റമതിൽ നിർമ്മാണം - ചെയ്യാത്ത പ്രവൃത്തിക്കു തുക നല്കി - ഗുരുതര ക്രമക്കേട് | 3-4 |
| 12 | MLA ഫണ്ടുപയോഗിച്ച് മുനിസിപ്പൽ ട്രെയിനിംഗ് സെന്റർ നിർമ്മാണം - വെട്രിഫൈഡ് ടൈലിനു പണം നൽകി , സെറാമിക് ടൈൽ കൊണ്ട് തറ നിർമ്മിച്ചു - ഗുരുതര ക്രമക്കേട് | 3-5 |
| 13 | TB റോഡിലും മെയിൻ റോഡിലും ഫുട്പാത്ത് - അളവുകളിൽ ക്രമക്കേടുകൾ, പിഴ / കോമ്പൻസേഷൻ ഈടാക്കിയതിൽ കുറവ് | 3-6 |
| 14 | താലൂക്ക് ആശുപത്രി ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് ഹൈവേ വരെ ഫുട്പാത്ത് നിർമ്മാണം | 3-7 |
| 15 | റെയിൽവേ ടെർമിനൽ ബസ് സ്റ്റാന്റ് യാർഡ് കോൺക്രീറ്റിംഗ് | 3-8 |
| 16 | ഗുണഭോക്തൃ സമിതി മുഖേന നടത്തിയ മരാമത്തു വേലകൾ - നിയമവിരുദ്ധമായി ചെലവു നടത്തി | 3-9 |
| 17 | തെരുവുവിളക്ക് പരിപാലനം -അശാസ്ത്രീയമായി എസ്റ്റിമേറ്റ് തയ്യാറാക്കി- നഗരസഭക്ക് 17 ലക്ഷംരൂപയുടെ അധികചെലവ്. | 3-10 |

| | | |
|---|---|---|
| 18 | 36-ാം വാർഡിൽ 36W ന്റെ സിംഗിൾ ട്യൂബ് സെറ്റ് സ്ഥാപിക്കൽ – നടക്കാത്ത പ്രവൃത്തിയുടെ പേരിൽ ചെലവു നടത്തി | 3-11 |
| 19 | സി.ഡി.എസ്സ് ട്രയിനിഗ് സെന്റർ - ലക്ഷ്യം കൈവരിച്ചില്ല, ലക്ഷങ്ങൾ പാഴായി | 3-12 |
| 20 | അഗതി ആശ്രയ – പദ്ധതി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല - അഗതികൾ അവഗണിക്കപ്പെടുന്നു | 3-13 |
| 21 | ഉത്പാദനമേഖലയ്ക്ക് അർഹമായ പ്രാധാന്യം നൽകുന്നില്ല - വകയിരുത്തിയതിൽ ചെലവഴിച്ചത് തുച്ഛമായ തുക | 3-14 |
| 22 | റവന്യൂ സെക്ഷൻ കൗണ്ടർ സ്ഥാപിക്കൽ - പ്രോക്യൂവർമെന്റ് മാന്വൽ അവഗണിച്ചു | 3-15 |
| 23 | പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണം, നിർവഹണം - അപാകതകൾ | 3-16 |
| 24 | കിണർ നിർമ്മാണം - ഇടനാടിന് ബാധകമായ നിരക്കിൽ സബ്സിഡി നൽകി - അധിക ചെലവ് | 3-17 |
| 25 | പ്രോജക്ട് വെയ്ക്കാത്ത പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചു | 3-18 |
| 26 | ഇ.എം.എസ് ഭവന പദ്ധതി - ആനുകൂല്യം കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3-19 |
| 27 | നഗരസഭ സി.ഡി.എസ്.ട്രയിനിങ് സെന്ററിന് ഫർണിച്ചർ, വൈദ്യുതി ഉപകരണങ്ങൾ വാങ്ങൽ - വാങ്ങൽ നടപടിക്രമത്തിൽ അപാകത | 3-20 |
| 28 | ഭൗതിക സാഹചര്യങ്ങളൊരുങ്ങിയിട്ടും ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചില്ല | 3-21 |
| 29 | ബാന്റ് സെറ്റ് വാങ്ങൽ – നടപടിക്രമങ്ങൾ പാലിച്ചില്ല, ട്രൂപ്പ് രൂപീകരിച്ചതിന്റെ വിവരം നൽകിയില്ല | 3-22 |
| 30 | മരുന്നുകളും സഹായക ഉപകരണങ്ങളും കിട്ടിയില്ല – ഹോം കെയറിലൊതുങ്ങുന്ന സാന്ത്വന പരിചരണം | 3-23 |
| 31 | താലൂക്ക് ഹോസ്പിറ്റൽ 389531/- രൂപയുടെ ചെലവ് രേഖകൾ ഇല്ല | 3-24 |
| 32 | മുൻകൂർ നൽകിയ തുക ക്രമീകരിച്ചില്ല | 3-25 |
| 33 | വാഹനങ്ങളുടെ ലോഗ് ബുക്ക് ക്രമ പ്രകാരം പരിപാലിക്കുന്നില്ല | 3-26 |
| | ഭാഗം -4 | |
| 34 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to<br>4-10 |
| | അനുബന്ധം | |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (മലയാളം) | 1 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (ഇംഗ്ലീഷ്) | 2 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയുടെ 2015-16 വർഷത്തെ ബജറ്റ് 26.3.15 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 48,84,70,513 | 46,36,09,030 |
| വാർഷിക കണക്ക് പ്രകാരം | 16,09,38,633 | 22,07,34,002 |

പ്രതീക്ഷിത വരവ് ചെലവുകൾ യഥാർത്ഥ വരവു ചെലവുകളിൽ നിന്നും തീർത്തും വിഭിന്നമാണ്. ഇതിൽ നിന്നും ബജറ്റ് യാഥാർത്ഥ്യ ബോധത്തോടുകൂടിയല്ല തയ്യാറാക്കിയത് എന്നു കാണാം. ബജറ്റ് കൂടുതൽ യാഥാർത്ഥ്യ ബോധത്തോടുകൂടി തയ്യാറാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 23.7.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 140900529.98 |
| വരവ് | 160938633 |
| ആകെ | 301839162.98 |
| ചെലവ് | 220734002 |
| നീക്കിയിരിപ്പ് | 81105160.98 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | TC ചെയ്തത് (+/_) | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നി ന്നും പിൻ വലിച്ചത് | ആകെ (2)+(3)+(5) | ചെലവ് | തിരിച്ചടച്ചവ് | ബാക്കി |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| വികസന ഫണ്ട് (Gen) | 22013223 | 50888719(+) | 53830631 | - | 72901942 | 35127787 | 0 | 37774155 |
| വികസന ഫണ്ട് (SCP) | 18015250 | 15782512(-) | 29504512 | 4168592 | 22183842 | 22183842 | 0 | 0 |
| വികസന ഫണ്ട് (TSP) | | | | | | | 0 | 0 |
| സംരക്ഷണ ഗ്രാന്റ്(Road) | 9379298 | | 19865000 | 13380973 | 22760271 | 22760271 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (NR) | 7904955 | | 12597000 | 4357924 | 12262879 | 12262879 | 0 | 0 |
| ധന. കമ്മീ ഷൻ ഗ്രാന്റ് | 23470761 | 33987201(-) | 56469809 | 37312713 | 60783474 | 60783474 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 1809678 | 1119006 (-) | - | 443987 | 2253665 | 2253665 | 0 | 0 |
| അയ്യൻകാളി ദേശിയതൊഴിലുറപ്പ് പദ്ധതി | 425482 | | 16693 | | 442175 | 18560 | 0 | 423615 |

1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 399 | 273956470 | 293 | 104483199 | - | 106 | 73% |

നടപ്പാക്കാത്ത പദ്ധതികളിൽ 93 എണ്ണം മാത്രമാണ് 2016-17 സ്പിൽ ഓവറായി ഏറ്റെടുത്തിട്ടുള്ളത്, 13 എണ്ണം ഉപേക്ഷിച്ചു. ഇതിൽ നിന്നും ഓഡിറ്റ വർഷം പദ്ധതി നിർവ്വഹണം കാര്യക്ഷമമായിരുന്നില്ല എന്ന വ്യക്തമാകുന്നു.

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 38.68 % ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 24875474 | 28507183 | 3631709 | 14.6% |
| നികുതിയേതര വരവുകൾ | 11832175 | 21323647 | 9491472 | 80% |
| മറ്റ് വരവുകൾ | 2710640 | 4837693 | 2127053 | 78.5% |
| ആകെ | 39418289 | 54668923 | 15250234 | 38.68% |

1-8 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 583080 | 360 |
| കർഷകതൊഴിലാളി പെൻഷൻ | 1918380 | 227 |
| വിധവാപെൻഷൻ | 16758440 | 1886 |
| വാർദ്ധക്യകാലപെൻഷൻ | 13888650 | 3565 |
| വികലാംഗപെൻഷൻ | 6241725 | 647 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 466840 | 47 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 300000 | 10 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.1.2017 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 117203/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം - കാര്യക്ഷമമല്ല

വിവിധ വരവിനങ്ങളുടെ ഡിമാന്റ്, പിരിവ് കുടിശ്ശിക വിവരങ്ങൾ ശരിയായി തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ, ലഭിക്കാനുള്ള തുകകൾ ലഭിച്ചിട്ടുണ്ടോ എന്നും, ലഭിക്കാൻ ബാക്കിയുള്ളവ കൃത്യമായി പിരിച്ചെടുക്കുന്നുണ്ടോ എന്നും പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

വിവിധ ചെലവുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല, പ്രത്യേകിച്ചും എഞ്ചിനീയറിംഗ് വിഭാഗം, തന്മൂലം ചെലവുകളുടെ കൃത്യത പരിശോധിച്ചുറപ്പാക്കുന്നതിനും ചെലവുകളിൽ ഇരട്ടിപ്പുണ്ടോ എന്ന് മനസ്സിലാക്കുന്നതിനും സാധിക്കുന്നില്ല.

എല്ലാ ജീവനക്കാരും പേഴ്സണൽ രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കുകയും അവ നിശ്ചിത കാലയളവിൽ മേലധികാരികൾ പരിശോധന നടത്തുകയും ചെയ്യുന്നില്ല. ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ലാത്തതു നഗരസഭയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുകയും കാര്യമായ സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു. *(വിശദ വിവരത്തിന് ഈ റിപ്പോർട്ടിലെ 2, 3 എന്നീ ഭാഗങ്ങളിലേക്ക് ശ്രദ്ധക്ഷണിക്കുന്നു)*

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.6.16 മുതൽ19.6.16 വരെ. | 2013-14 | 22.8.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.3.14 | 2012-13 | തീയതി നൽകിയില്ല. |

1-12 അംഗൻവാടികൾക്ക് കെട്ടിടം ഉണ്ടാക്കുന്നതിൽ നഗരസഭ കാര്യമായ താല്പര്യം കാണിക്കുന്നില്ല

സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന അനേകം കുടുംബങ്ങൾ അധിവസിക്കുന്ന ഈ നഗരസഭാ പ്രദേശത്തെ സാധാരണക്കാരുടെ കുഞ്ഞുങ്ങളുടെ ആശ്രയകേന്ദ്രങ്ങളാണ് അംഗൻവാടികൾ. ആകെ 61 അംഗൻവാടികളാണ് ഇവിടെ പ്രവർത്തിക്കുന്നത്. എന്നാൽ ഇവയിൽ 24 എണ്ണം മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ഇതിൽ തന്നെ 4 എണ്ണം നഗരസഭയുടെ കമ്മ്യൂണിറ്റി ഹാളിലും 2 എണ്ണം സ്കൂളുകളിലും ആണ് പ്രവർത്തിക്കുന്നത്. ബാക്കിയുള്ള 37 എണ്ണവും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയിൽ 6 എണ്ണത്തിനു കുടിവെള്ള സൗകര്യങ്ങളില്ല. 21 എണ്ണത്തിനു മാത്രമാണ് ടോയ്ലറ്റ് സൗകര്യങ്ങളുള്ളത്. ഇതിൽ കേവലം 4 എണ്ണത്തിൽ മാത്രമാണ് baby friendly toilet ഉള്ളത്. 14 എണ്ണം മാത്രമാണ് വൈദ്യുതീകരിച്ചത്. മറ്റ് ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും കാര്യമായ പുരോഗതി ഇല്ല. ഇതിൽ നിന്നും അംഗൻവാടികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിൽ നഗരസഭാ അധികൃതർ കാര്യമായ ശ്രദ്ധ ചെലുത്തുന്നില്ല എന്നു വ്യക്തമാകുന്നു.

വികേന്ദ്രീകരണാസൂത്രണ പദ്ധതി നിലവിൽ വന്ന് രണ്ട് ദശാബ്ദങ്ങൾ കഴിയാറായിട്ടും ആയിരക്കണക്കിനു പദ്ധതികൾ തയ്യാറാക്കി ശതകോടികൾ ചെലവഴിച്ചിട്ടും നഗരസഭയിലെ ഭൂരിഭാഗം അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം പോലും ഉണ്ടാക്കുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല എന്നത് തികച്ചും നിരാശാജനകമാണ്. നഗരസഭയിലെ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിനും മറ്റ് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-13 ദുരിതാശ്വാസ നിധി - രൂപികരിച്ചിട്ടില്ല - ദുരിത ബാധിതരെ അടിയന്തിര ഘട്ടങ്ങളിൽ നഗരസഭ സഹായിക്കുന്നില്ല

നഗരത്തിലെ സാമ്പത്തികമായും ആരോഗ്യപരമായും ദുർബലരായവരെ അടിയന്തിര ഘട്ടത്തിൽ സഹായിക്കുക എന്നത് നഗരസഭയുടെ അടിസ്ഥാന ധർമ്മങ്ങളിലൊന്നാണ്. സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന ഒരു നഗരമാണ് കായംകുളം. അടിയന്തിര ഘട്ടങ്ങളിൽ ദുർബ്ബല ജനവിഭാഗങ്ങൾക്ക് സഹായം എത്തിക്കുന്നതിനായി എല്ലാ നഗരസഭകളിലെയും ചെയർമാന്റെ പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ച് പ്രവർത്തിക്കണമെന്ന് സർക്കാർ നിർദ്ദേശവുമുണ്ട്. ഇതിനായി സർക്കാർ പ്രത്യേക ചട്ടങ്ങളും തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ ചട്ടങ്ങളും തയ്യാറാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും നഗരസഭയിൽ ചെയർമാന്റെ പേരിലുള്ള ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടില്ല . ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 റവന്യൂ - ഹെൽത്ത് വിഭാഗങ്ങളുടെ അനാസ്ഥ – നഗരസഭയ്ക്ക് ഭീമമായ സാമ്പത്തിക നഷ്ടമുണ്ടാക്കുന്നു - ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ആലപ്പുഴ ജില്ലയിൽ ജനസംഖ്യയിലും വിസ്തൃതിയിലും വ്യാപാര സ്ഥാപനങ്ങളുടെ എണ്ണത്തിലും രണ്ടാം സ്ഥാനത്തുള്ള നഗരവും ഓണാട്ടുകര പ്രദേശത്തെ ഏറ്റവും പ്രധാന വ്യാപാര കേന്ദ്രവുമാണ് കായംകുളം. എന്നാൽ വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള നികുതി വരുമാനത്തിന്റെയും ലൈസൻസ് ഫീ വരുമാനത്തിന്റെയും കാര്യത്തിൽ നഗരസഭയ്ക്ക് കാര്യമായ നേട്ടമില്ല. നികുതി, ലൈസൻസ് ഫീ എന്നിവ കൃത്യമായി പിരിച്ചെടുക്കുന്നില്ല എന്നു മാത്രമല്ല നഗരത്തിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിൽ പോലും ഗുരുതരമായ വീഴ്ച ഉണ്ടായതായും കാണുന്നു. തൻമൂലം വർഷങ്ങളായി നഗരസഭയ്ക്ക് ഭീമമായ നഷ്ടം ഉണ്ടാകുന്നു.

തൊഴിൽ നികുതി ഇനത്തിലുള്ള നഷ്ടം

നഗരത്തിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ അവയുടെ അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. അർദ്ധവർഷം 12,000/- രൂപയിലധികം (മാസം ശരാശരി 2000/- രൂപ) വരുമാനമുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും കേരളാ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം നികുതി ഈടാക്കാവുന്നതാണ്. അർദ്ധ വർഷം 120/- രൂപാ മുതൽ 1250/- രൂപാ വരെ (പ്രതിവർഷം 240/- രൂപാ മുതൽ 2500/- രൂപാ വരെ) ഇതനുസരിച്ച് സ്ഥാപന തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

എന്നാൽ നഗരസഭയിലെ റവന്യൂ സെക്ഷൻ നാളിതുവരെ നഗരത്തിലെ വ്യാപാര സ്ഥാപനങ്ങളുടെ കൃത്യമായ വിവര ശേഖരണം പോലും നടത്തിയിട്ടില്ല. വളരെ അലക്ഷ്യമായിട്ടാണ് ദശലക്ഷക്കണക്കിന് രൂപയുടെ വരുമാന സാധ്യതയുള്ള ഈ മേഖല കൈകാര്യം ചെയ്യുന്നത്. വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ക്രമക്കേടുകൾ കാണുന്നു.

1. റവന്യൂ സൂപ്രണ്ട് ഓഡിറ്റിൽ എഴുതി നല്കിയ പത്രിക പ്രകാരം കേവലം 1780 വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് 2015-16 രണ്ടാം അർദ്ധവർഷം വരെ റവന്യൂ സെക്ഷൻ ശേഖരിച്ചിട്ടുള്ളത്. ഇവയിൽ 1308 എണ്ണത്തിൽ നിന്നും മാത്രമാണ് തൻവർഷം നികുതി ഈടാക്കിയത്. കായംകുളം നഗരത്തെ സംബന്ധിച്ചിടത്തോളം ഇത് താരതമ്യേന കുറഞ്ഞ എണ്ണമാണ്.

കായംകുളത്തിന്റെ പകുതിയിൽ താഴെ മാത്രം ജനസംഖ്യയും ഭൂവിസ്തൃതിയും താരതമ്യേന കുറച്ച് വ്യാപാര സ്ഥാപനങ്ങളും ഉള്ള ചെങ്ങന്നൂർ നഗരസഭയിൽ പോലും തൻവർഷം 1431 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുണ്ട് എന്ന കാര്യം ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്

അതുപോലെ, നഗരസഭയിലെ ഹെൽത്ത് വിഭാഗത്തിന്റെ കണക്കിൽപ്പെട്ട പല സ്ഥാപനങ്ങളും ഈ കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു,

| വാർഡ് നം. | ആകെ സ്ഥാപനങ്ങൾ | |
|---|---|---|
| | റവന്യൂ വിഭാഗത്തിന്റെ കണക്കു പ്രകാരം | ഹെൽത്ത് വിഭാഗത്തിന്റെ കണക്കു പ്രകാരം |
| 3 | 69 | 102 |
| 4 | 8 | 24 |
| 7 | 32 | 44 |
| 9 | 11 | 20 |
| 13 | 174 | 192 |

ഇതിൽ നിന്നും നഗരത്തിലെ വ്യാപാര സ്ഥാപനങ്ങളുടെ കണക്കുകൾ ശേഖരിക്കുന്നതിൽ പോലും ഗുരുതരമായ വീഴ്ചയുണ്ടായി എന്നു കാണാം.

2. വ്യാപാര സ്ഥാപനങ്ങളുടെ പേര്, മേൽവിലാസം, കെട്ടിട നമ്പർ, വ്യാപാരത്തിന്റെ സ്വഭാവം എന്നിവ രേഖപ്പെടുത്താതെ ഉടമയുടെ പേരും വിലാസവും മാത്രമാണ് ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലും രസീതുകളിലും രേഖപ്പെടുത്തിയിട്ടുള്ളത്. കളക്ഷൻ സ്റ്റാഫ് തങ്ങളുടെ മനോധർമ്മമനുസരിച്ച് പിരിച്ച് തങ്ങളുടെ ഹാൻഡ് ബുക്കുകളിൽ എഴുതുന്ന തുകകളാണ് ഇവയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതും കൃത്യമായി ചെയ്തിട്ടുമില്ല. ഇതുമൂലം ഏതൊക്കെ സ്ഥാപനങ്ങൾ നികുതി ഒടുക്കി എന്ന് മനസ്സിലാക്കാൻ സാധിക്കാതെ വരികയും നികുതി ഒടുക്കാത്തവയെ കണ്ടെത്താൻ കഴിയാതാവുകയും ചെയ്യുന്നു.

3. വ്യാപര സ്ഥാപനങ്ങളുടെ പേര്, വ്യാപാര സ്വഭാവം എന്നിവ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ഓരോ സ്ഥാപനത്തിൽ നിന്നും അവയുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചുറപ്പാക്കാൻ സാധിക്കാതെ വരുന്നു. ഓഡിറ്റു വേളയിൽ മാത്രമാണ് ഓഡിറ്റിന്റെ നിർദ്ദേശാനുസരണം നഗരസഭയുടെ രേഖകളിലുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് ആദ്യമായി തയ്യാറാക്കിയത്. എന്നാൽ അതിലും പൂർണ്ണ വിവരങ്ങൾ ഇല്ല.

4. ഓഡിറ്റിൽ എഴുതി തയ്യാറാക്കി നല്കിയ പത്രിക പ്രകാരം 2015-16 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ആകെ കച്ചവട സ്ഥാപനങ്ങൾ | | തൊഴിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങൾ | | ലഭിച്ച നികുതി തുക | |
|---|---|---|---|---|---|
| ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
| 1722 | 1780 | 1296 | 1308 | 678530 | 686150 |

ഇതിൽ നിന്നും കണക്കിൽപെട്ട സ്ഥാപനങ്ങളിൽ 426 എണ്ണം ആദ്യ അർദ്ധ വർഷവും 472 എണ്ണം രണ്ടാം അർദ്ധ വർഷവും നികുതി ഒടുക്കിയിട്ടില്ല എന്നും കാണാം. 2014-15 ൽ 1810 വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിച്ചതായും അതിൽ 1464 സ്ഥാപനങ്ങളിൽ നിന്നും നികുതി പിരിച്ചതായും ഓഡിറ്റിൽ നല്കിയ പത്രികയിൽ വ്യക്തമാക്കുന്നു. അതായത് 346 സ്ഥാപനങ്ങളുടെ നികുതി മുൻ വർഷവും പിരിച്ചിരുന്നില്ല. കുടിശ്ശിക സഹിതം ഈ വർഷം പിരിച്ചിരുന്നു എങ്കിൽ കഴിഞ്ഞ വർഷത്തേതിലും 346 സ്ഥാപനങ്ങൾ കൂടുതലായി ഈ വർഷം നികുതി ഒടുക്കേണ്ടിയിരുന്നു. എന്നാൽ മുൻവർഷത്തേതിലും വളരെ കുറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ആണ് ഈ വർഷം നികുതി പിരിച്ചത്. ഇതിൽ നിന്നും, കുടിശ്ശിക പിരിക്കാറില്ല എന്നു മാത്രമല്ല മുൻവർഷങ്ങളിൽ നികുതി ഒടുക്കിയ പല സ്ഥാപനങ്ങളും ഈ വർഷം ഒഴിവാക്കപ്പെടുകയും ഉണ്ടായി എന്ന് ഇത് വ്യക്തമാകുന്നു.

5. ഹാജരാക്കിയ രേഖകൾ പ്രകാരം മിക്ക സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത് എന്നും കാണുന്നു. ടി പത്രിക പ്രകാരം ആദ്യ അർദ്ധ വർഷം ശരാശരി 524/- രൂപാ നിരക്കിലും രണ്ടാം അർദ്ധ വർഷം ശരാശരി 525/- രൂപാ നിരക്കിലും ആണ് നികുതി ഈടാക്കിയിട്ടുള്ളത്.

ഉയർന്ന നിരക്കിൽ നികുതി ഈടാക്കാമായിരുന്ന പല സ്ഥാപനങ്ങളിൽ നിന്നും തുച്ഛമായ നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത് എന്ന് കാണുന്നു.

ഉദാഹരണമായി, പരമാവധി നിരക്കിൽ (അർദ്ധവർഷം 1250/-) നികുതി ഈടാക്കാമായിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തുച്ഛമായ തുകയാണ് ഈടാക്കിയത്

M K കളക്ഷൻസ് (ഹോൾസേൽ തുണിക്കട) ഈടാക്കിയത് രൂ. 300/-

4G മൊബൈൽസ് (മൊബൈൽ ഫോൺ വില്പന ശാല) ഈടാക്കിയത് രൂ. 300/-

6. നഗരത്തിലെ മിക്ക സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല.

ഉദാഹരണമായി,

ഷൈമാസ് ഹോണ്ട

എൽമെക്സ് ഗോൾഡ്, വെഡ്ഡിംഗ് കാസിൽ

ബീന ഹാർഡ് വെയേഴ്സ്,

അറേബ്യൻ ജ്വവലേഴ്സ്, മുതലായവ.

7. ജീവനക്കാരുടെ തൊഴിൽ നികുതി അവരുടെ വരുമാനത്തിന് ആനുപാതികമായി ഈടാക്കുന്നതിൽ വീഴ്ചയുണ്ടായി.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പേര്, ഔദ്യോഗിക മേൽവിലാസം | കാലയളവ് | അർദ്ധ വാർഷിക വരുമാനം | ഒടുക്കേണ്ട തുക | ഒടുക്കിയ തുക | കുറവു വന്ന തുക |
|---|---|---|---|---|---|---|
| 1 | രമ്യ.സി.കെ, ക്ളർക്ക്, അസി.ലേബർ ഓഫീസറുടെ കാര്യാലയം, കായംകുളം | 2015-16 II | 125382 | 1250 | 1000 | 250 |
| 2 | വി.വി.രമേശൻ, നഴ്സിംഗ് അസിസ്റ്റന്റ്, ഗവ. ആയു. ഹോസ്പിറ്റൽ, കായംകുളം | 2015-16 I | 132438 | 1250 | 1000 | 250 |
| 3 | സൈമൻ മത്തായി, മാനേജർ, സിറ്റി ഹോസ്പിറ്റൽ, കായംകുളം | 2015-16 I | 108000 | 1000 | 750 | 250 |

D&O ലൈസൻസ് ഫീ ഇനത്തിലുള്ള നഷ്ടം - ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരളാ മുനിസിപ്പാലിറ്റി നിയമം പ്രകാരം ഏതൊരു വ്യാപാര – വ്യവസായ സ്ഥാപനവും ഒരു നഗരാതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നതിന് നഗരസഭയുടെ അനുവാദം ആവശ്യമുണ്ട്. ഇതിനായി ഓരോ സ്ഥാപനവും സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പ്, പുതിയ സ്ഥാപനങ്ങളുടെ കാര്യത്തിൽ അവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പ് നഗരസഭയിൽ അപേക്ഷ സമർപ്പിക്കേണ്ടതും ആവശ്യമായ പരിശോധനയ്ക്കു ശേഷം നിശ്ചിത ഫീസ് വാങ്ങി ലൈസൻസ് നല്കേണ്ടതുമാണ്. ലൈസൻസ് നല്കുന്നതിനുള്ള പരിശോധന നടത്തേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി അവയുടെ പ്രവർത്തനം നിർത്തി വെയ്പിക്കുന്നതിനുമുള്ള ചുമതല നഗരസഭയിലെ ഹെൽത്ത് വിഭാഗത്തിനാണ്. എന്നാൽ ഈ ചുമതല ശരിയായി നിർവ്വഹിക്കുന്നതിൽ നഗരസഭയിലെ ഹെൽത്ത് വിഭാഗം കാര്യമായ വീഴ്ച വരുത്തുന്നതായും തൻമൂലം നഗരസഭയ്ക്കു ഗണ്യമായ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളതായും കാണുന്നു.

1. ഓഡിറ്റിൽ എഴുതി തയ്യാറാക്കി നല്കിയ പത്രിക പ്രകാരം കേവലം 1796 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് 2015-16 ൽ ഹെൽത്ത് സെക്ഷൻ ശേഖരിച്ചിട്ടുള്ളത്. ഇതിൽ തന്നെ കേവലം 1341 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് ഫീ ഒടുക്കിയിട്ടുള്ളത്. കായംകുളം നഗരത്തെ സംബന്ധിച്ചിടത്തോളം ഇത് താരതമ്യേന കുറഞ്ഞ എണ്ണമാണ്.

കായംകുളത്തിന്റെ പകുതിയിൽ താഴെ മാത്രം ജനസംഖ്യയും ഭൂവിസ്തൃതിയും വളരെ കുറച്ച് വ്യാപാര സ്ഥാപനങ്ങളും ഉള്ള മാവേലിക്കര, ചെങ്ങന്നൂർ നഗരസഭകളിൽ പോലും തൻവർഷം യഥാക്രമം 1263, 1468 സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ പിരിച്ചെടുത്തിട്ടുണ്ട് എന്ന കാര്യം ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. ഇതിൽ നിന്നും നഗരത്തിലെ ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങളുടെ കണക്കുകൾ ശേഖരിക്കുന്നതിൽ പോലും ഗുരുതരമായ വീഴ്ചയുണ്ടായി എന്നു കാണാം.

2. 1796 സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച എങ്കിലും കേവലം 1341 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് ഫീ ഒടുക്കിയിട്ടുള്ളത്. ആകെ വരുമാനം രൂ.1058762/- (ശരാശരി 790/- രൂപാ വീതം). ഇവ പിരിച്ചെടുത്തതായുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3 ആവശ്യമായ രേഖകൾ കൃത്യമായി വാങ്ങി സൂക്ഷിക്കാത്തതിനാൽ സ്ഥാപനങ്ങളുടെ വിറ്റുവരവ്, ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ ശക്തി എന്നിവയുടെ അടിസ്ഥാനത്തിലാണോ ഫീ നിശ്ചയിച്ചത് എന്നുറപ്പാക്കാൻ സാധിച്ചിട്ടില്ല.

4. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചത് നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാക്കി എന്നു മാത്രമല്ല നഗരസഭയുടെ നിയമപരമായ അധികാരം ചോദ്യം ചെയ്യുന്ന നടപടിയുമാണ്.

ഓഡിറ്റ് ശുപാർശ

പരാമർശിത ന്യൂനതകൾക്ക് ഉത്തരവാദികളിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി നഗരസഭയ്ക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതും നഗരത്തിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര - വ്യവസായ സ്ഥാപനങ്ങളുടെയും കൃത്യവും വിശദവുമായ ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതം തൊഴിൽ നികുതിയും ലൈസൻസ് ഫീസും കുടിശ്ശിക, പിഴ എന്നിവ സഹിതം ഈടാക്കി നഗരസഭാ നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. വിഷയത്തിൽ ഭരണസമിതിയുടെയും ഭരണ വകുപ്പിന്റെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 നിയമാനുസൃതമല്ലാത്ത നിരവധി കെട്ടിടങ്ങൾ - നഗരസഭാധികൃതർ നടപടി സ്വീകരിക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ സെക്ഷൻ 242 പ്രകാരം ഏതെങ്കിലും വ്യക്തി നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കുകയോ, പുനർ നിർമ്മിക്കുകയോ, ചെയ്താൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതിവരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുന്ന കെട്ടിട നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, വസ്തു നികുതിയായി നല്കാൻ അയാൾ ബാധ്യസ്ഥനാണെന്നും, ഈ കെട്ടിടത്തിന് പ്രത്യേക നമ്പർ നൽകണമെന്നും വ്യവസ്ഥചെയ്യുന്നുണ്ട്. നഗരസഭ കമ്മിറ്റിയുടെ മിനിറ്റ്സ്, അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച് സൂക്ഷിച്ചിട്ടുള്ള പ്രത്യേക രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നഗരസഭാ പ്രദേശത്ത് ഇപ്രകാരമുള്ള നിരവധി കെട്ടിടങ്ങൾ നികുതി നിർണ്ണയം നടത്താതെയുണ്ടെന്ന് കാണുന്നു. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം,8 തീയതി,24/1/2017 ന് മറുപടി ലഭ്യമാക്കിയില്ല. നഗരസഭാ അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ നിന്നും ലഭിച്ച ഈ രീതിയിലുള്ള കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടമുടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റെ വിശദാംശം | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|
| 1 | ശ്രീധരൻ, കൊട്ടുവള്ളിൽ ഹൗസ്, ചേരാവള്ളി | മുനിസിപ്പൽ ജംഗ്ഷന തെക്കുവശമുള്ള മൂന്ന് നില കെട്ടിടം | 1398.82 എം.$^2$ |
| 2 | ട്രസ്റ്റി ,<br>കാദീശാ ട്രസ്റ്റ് | നിലവിലുള്ള 23/400A കെട്ടിടത്തിന്റെ സമീപത്തായി ഓഡിറ്റോറിയം | 362.05 എം.$^2$ |
| 3 | മാനേജർ,ഏഞ്ജൽ ആർക്ക് സ്കൂൾ | ഏഞ്ജൽ ആർക്ക് സ്കൂളിന് പിറക് വശത്തായി ആഡിറ്റോറിയം | 869.69 എം$^2$ |

| | | | |
|---|---|---|---|
| 4 | ലത്തീഫ് നല്ലേത്ത് വീട്, കാപ്പിൽ കിഴക്ക് | മുനിസിപ്പൽ ജംഗ്ഷന വടക്ക് വശം നിലവിലുള്ള പട്ടുമാൽ എന്ന കടയുടെ മുകളിലുള്ള അനധികൃത നിർമ്മാണം. | 92.97 എം$^2$ |
| 5 | യശോധരൻ,ശാസ്താം പറമ്പിൽ | സാന്റ് പാർക്കിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടം | 167 എം $^2$ |
| 6 | സിറാജുദ്ദീൻ ,വാലയിൽ | കോടതി കോംപൗണ്ടിന് പിറകുവശം കട നിർമ്മാണം. | വിസ്തീർണ്ണം ലഭ്യമല്ല |
| 7 | അബ്ദുൽ സത്താർ , കൽപണയിൽ, കെ.പി.റോഡ് , കായംകുളം | പാർക്ക് ജംഗ്ഷന് പടിഞ്ഞാറുവശം ഹോട്ടൽ നിർമ്മാണം | വിസ്തീർണ്ണം ലഭ്യമല്ല |

വർഷങ്ങളായി നഗരസഭയുടെ ഈ ഇനത്തിലുള്ള നഷ്ടം അധികൃതരും ഭരണസമിതിയും കണ്ടില്ലെന്ന നടിക്കുകയോ ഇത്തരം നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുവാനുള്ള ആർജ്ജവം കാണിക്കാതെ തിരസ്കരിക്കുകയോ ചെയ്തുവരുന്നു. ഇതുമൂലം നഗരസഭയ്ക്ക് ഭീമമായ വരുമാന നഷ്ടവും ഉണ്ടായിട്ടുണ്ട്. ഇത്തരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കേണ്ടതുമാണ്. വിഷയത്തിൽ ഭരണ സമിതിയുടെയും ഭരണ ഭരണവകുപ്പിന്റെയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 2-3 അനധികൃത കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതി ഈടാക്കുന്നില്ല

നഗരസഭയിലെ അനധികൃത കെട്ടിടങ്ങളുടെ യു എ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ യു.എ. നമ്പർ നൽകിയിട്ടുള്ള ചുവടെ കൊടുത്തിട്ടുള്ള നിർമ്മാണങ്ങൾക്ക് (2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടം 20(1) (2) (3) എന്നിവയിൽ നിർദ്ദേശിച്ചതുപോലെ നടപടിക്രമം പാലിച്ച് മൂന്നിരട്ടി നികുതി 2015-16 വർഷം ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമനം | യു.എ. നം | ഉടമസ്ഥന്റെ പേരും മേൽവിലാസവും | യു എ അസ്സസ്സ്മെന്റ് ചെയ്തവർഷം, കെട്ടിടത്തിന്റെ വിസ്തീർണ്ണം. | നിർണ്ണയിച്ച വസ്തു നികുതി | ഈടാക്കേണ്ട വസ്തു നികുതി (പിഴ സഹിതം) | ലൈബ്രറിസെസ്സ് ,സർവ്വീസ് ടാക്സ് (10%). |
|---|---|---|---|---|---|---|
| 1 | 140(1) | സിറാജുദ്ദീൻ,വാലേൽ വടക്കതിൽ(ഷോപ്പിംഗ് മാൾ) | 2015-16 | 413100 | 12,39,300. | 61966 + 123930 |
| 2 | 383 A1 | നജുമുദ്ദീൻ, ആല്വംമൂട്ടിൽ (ഷോപ്പിംഗ് മാൾ) | 2015-16<br>434.13 | 52096 | 156288 | 7814 + 15629 |
| 3 | 383 A2 | നജുമുദ്ദീൻ, ആല്വംമൂട്ടിൽ(ഗോഡൗൺ) | 2015-16<br>102.90 | 8232 | 24696 | 1235 + 2470 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 93 A1 | ഡോ.അനജി ദീനജോൺ, നടക്കാപറമ്പിൽ(ഹോസ്പിറ്റൽ) | 2015-16 245.57 | 3684 | 11052 | 553 + 1105 |
| 5 | 93A2 | ഡോ.അനജി ദീന ജോൺ,നടക്കാപറമ്പിൽ(പാർപ്പിടാവശ്യം) | 2015-16 245.57 | 2947 | 8841 | 442 + 884 |
| ആകെ | | | | | 14,40177/- | 72010 + 144018 |

നഷ്ടതുക 14,40,177/- ആനപാതികമായ ലൈബ്രറി സെസ്, സർവ്വീസ് ടാക്സ് (72010 + 144018) എന്നിവ സഹിതം ഈടാക്കി തനത് ഫണ്ടിലൊടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇതുമൂലമുണ്ടായ നഷ്ടം ഉത്തരവാദിയായ നഗരസഭാ സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല - നഗരസഭയ്ക്ക് വരുമാന നഷ്ടം

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ (വസ്തുനികുതിയും സേവന ഉപനികുതിയും, സർചാർജ്ജും ചട്ടങ്ങൾ) 14.01.2011ലെ 19/2011/തസ്വഭവ ഉത്തരവ് പ്രകാരം ടവറുകളുടെ വസ്തുനികുതി 1.04.2011 പ്രാബല്യത്തിൽ (13.01.12ലെ R1-6293/10 അന്തിമ വിജ്ഞാപനം, നഗരസഭാ കൗൺസിലിന്റെ 7.1.2012ലെ ഒന്നാം നമ്പർ തീരുമാനം) തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ചതുരശ്ര മീറ്റർ 500/. രൂപ നിരക്കിൽ പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ, 88/2013 /13-3-2013 ലെ സർക്കാർ ഉത്തരവ് പ്രകാരം 01/04/2013 പ്രാബല്യത്തിലാണ് പരിഷ്കരിച്ച വസ്തുനികുതി ഈടാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നഗരസഭാ പ്രദേശത്തുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി ആയത് പ്രകാരം ഈടാക്കിയിട്ടില്ല. വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 8 തീയതി, 24/1/2017 നള്ള മറുപടിയിൽ പ്രദേശത്ത് 11 ടവ്വറുകൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് അറിയിച്ചത്. ടവറുകളുടെ വിശദാംശം ചുവടെ ചേർക്കുന്ന.

| ക്രമ നം. | പേരും കെട്ടിട നമ്പരും | തറ വിസ്തീർണ്ണം. |
|---|---|---|
| 1. | X/194/A1.എ.റ്റി.സി. ടെലികോം ,എസ്സാർ ഇൻഫ്രാ സ്ടക്ച്ചർ ടെലികോം ലിമിറ്റഡ് | ലഭ്യമല്ല |
| 2. | XII/371/B മാനേജർ , ഇൻഡസ് ടവ്വേഴ്സ് ,വൻകാരേത്ത് ടവ്വേഴ്സ് , കൊച്ചി | 50 എം$^2$ |
| 3. | XIV/47/P ഇൻഡസ് ടവ്വേഴ്സ് ലിമിറ്റഡ് ,എസ്.എൽ അവന്യൂ , എൻ.എച്ച് ബൈപാസ് റോഡ് | 27 എം$^2$ |
| 4. | XXIII/77/A റിലയൻസ് ഇൻഫാ കോം ലിമിറ്റഡ് , ജവഹർ നഗർ ,എറണാകുളം | 15 എം$^2$ |
| 5 | XXVI/493/C M/S ഇൻഡസ് ടവ്വേഴ്സ് ,വൻകാരത്ത് ടവ്വേഴ്സ് , എൻ.എച്ച് ബൈപാസ് റോഡ് ,പാലാരിവട്ടം | 50 എം$^2$ |

| | | |
|---|---|---|
| 6 | XXII/59/Hറിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് , ചന്ദ്രിക ചേമ്പർ ,വൈറ്റില | 21 എം$^2$ |
| 7 | IV/I/D M/S ഭാരതി എയർടെൽ ലിമിറ്റഡ്, കൊച്ചി | ലഭ്യമല്ല |
| 8 | XII/371/B ഇൻഡസ് ടവ്വേഴ്സ് | ലഭ്യമല്ല |
| 9 | XIV/448/B ബിജു റ്റി.നായർ ,ഇൻഡസ് ടവ്വേഴ്സ് | ലഭ്യമല്ല |
| 10 | XXVII/208/A എസ്സാർ ടെലികോം കൊച്ചി | ലഭ്യമല്ല |
| 11 | XXIX/43/F മാനേജർ, വയർലെസ് ചേംമ്പർ | ലഭ്യമല്ല |

88/2013/13-13-2013 തീയതിയിലെ ഉത്തരവ് പ്രകാരം ടി മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കി വിവരം നൽകേണ്ടതാണ്.

## 2-5 അൺ - എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 3 അനുശാസിക്കുന്നത് ആക്ടിലെ 235-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 233-ാം വകുപ്പ് പ്രകാരവും ഈ ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് എന്നാണ്. ഈ വ്യവസ്ഥകൾക്ക് വിധേയമായി പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ നം.49590/ആർ.സി.2 /12.04.2011 പ്രകാരം അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 14.01.2011 മുതൽ വസ്തു നികുതി ചട്ടങ്ങൾ ബാധകമാക്കിയിട്ടുണ്ട് (13.01.2011 വരെ നികുതിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട് ). സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മാത്രമേ ഇളവു നല്കിയിട്ടുള്ളൂ. കായംകുളം നഗരസഭയുടെ പരിധിയിലുള്ള അൺ-എയ്ഡഡ് സ്കൂളുകളാണ് എസ്.എൻ സെൻട്രൽ സ്കൂൾ, എസ്.എൻ .വിദ്യാപീഠം, ഏഞ്ചൽ ആർക്ക് ഇംഗ്ലീഷ് മീഡിയം സ്കൂൾ, സെന്റ് മേരീസ് സ്കൂൾ എന്നിവ . സർക്കുലർനം.49590/ആർ.സി.2/2011/ത.സ്വ.ഭ.വ/12.04.2012 പ്രകാരം 14.01.2011 മുതൽ ഈ അൺ-എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾക്ക് വസ്തു നികുതി ചട്ടങ്ങൾ ബാധകമാണ്. എന്നാൽ വസ്തു നികുതി പരിഷ്കരണം നഗരസഭയിൽ ഇതുവരേയും നടപ്പാക്കിയിട്ടില്ലാത്തതിനാൽ അൺ എയ്ഡഡ് സ്കൂൾ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല .അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ലാത്തതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/28.01.2017) മറുപടി ലഭ്യമാക്കിയില്ല. ചട്ടത്തിലെ വ്യവസ്ഥകൾ നടപ്പാക്കി സർക്കാർ അംഗീകാരമല്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണ്.

## 2-6 വിമുക്ത ഭടൻമാരുടെ വസ്തുനികുതി ഒഴിവാക്കൽ - നടപടിക്രമങ്ങൾ സുതാര്യമല്ല

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 27.08.16 ലെ 7-ാം നമ്പർ തീരുമാന പ്രകാരം 93വിമുക്തഭടൻമാർക്ക് അവരുടെ അപേക്ഷകൾ പരിഗണിച്ച് 2015-16ൽ വസ്തുനികുതി ഒഴിവാക്കിയിട്ടുണ്ട്. നികുതിയുടെ വിശദാംശം തീരുമാനത്തിനൊപ്പം ചേർത്തിട്ടില്ല. അപേക്ഷകൾക്കൊപ്പം ജി.ഒ (എംഎസ്) 242/13 ത.സ്വ.ഭ.വ 02.07.13 ഉത്തരവ് പ്രകാരം നികുതി ഇളവിന് അർഹനാണെന്ന് വ്യക്തമാക്കുന്ന അന്വേഷണ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. 2000 ചതുരശ്ര അടിയ്ക്കു താഴെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് നികുതി ഇളവിന് അർഹതയുള്ളൂ എന്നതിനാലും വിമുക്തഭടന്റെയോ ഭാര്യയുടെയോ പേരിലുള്ള ഒരു കെട്ടിടത്തിന് മാത്രമേ നികുതി ഇളവ് ബാധകമാകുകയുള്ളൂ എന്നതിനാലും അപേക്ഷകൾക്കൊപ്പം അന്വേഷണ റിപ്പോർട്ട് അനിവാര്യമാണ്. തന്റെയോ ഭാര്യയുടെയോ പേരിലുള്ള മറ്റൊരു കെട്ടിടത്തിനും ഈ ആനുകൂല്യം ലഭിയ്ക്കുന്നില്ല എന്ന് വ്യക്തമാക്കുന്ന സത്യവാങ്മൂലം എല്ലാ അപേക്ഷകളിലും ഉൾപ്പെടുത്തിയിട്ടുമില്ല. വസ്തുനികുതി ഒഴിവാക്കുന്നതിനായി 10.4.2015 നകം അപേക്ഷ സമർപ്പിച്ചവരുടെ ലിസ്റ്റ്, വിമുക്ത ഭടൻമാരുടെ വസ്തുനികുതി ഒഴിവാക്കുന്ന വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ ഹാജരാക്കാനായി ഓഡിറ്റ്

അന്വേഷണം നം.22 നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം അർഹതയുള്ള വ്യക്തികൾക്ക് മാത്രമാണ് നികുതി ഒഴിവാക്കി നൽകുന്നത് എന്ന വിവരം അധികൃതർ ഉറപ്പാക്കുന്നില്ല എന്നതാണ് ആവശ്യമായ രജിസ്റ്ററിന്റെയും രേഖകളുടെയും അഭാവത്തിൽ നിന്നും വ്യക്തമാകുന്നത്.

വ്യക്തമായ അന്വഷണ റിപ്പോർട്ട് ഇല്ലാതെ ഹാജരാക്കിയ അപേക്ഷകൾ മാത്രം പരിഗണിച്ച് നികുതി ഒഴിവാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. നികുതി ഒഴിവാക്കുന്നതിൽ 02.07.13 ലെ മേൽ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിയ്ക്കാത്തതിനാൽ, ഈ അപേക്ഷകരുടെ അർഹത പുനപരിശോധിയ്ക്കേണ്ടതും അനർഹരായ വ്യക്തികൾക്ക് നികുതി ഇളവിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെങ്കിൽ കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതികൾ നിർവ്വഹണത്തിൽ ഗുരുതര വീഴ്ച - നഗരസഭക്ക് 3.77 കോടി പാഴായി

15-16സാമ്പത്തികവർഷം വിവിധഫണ്ടുകളിലായി ആകെ 27,39,56,470 രൂപ വകയിരുത്തി 399 പ്രോജക്റ്റുകൾ തയ്യാറാക്കിയിരുന്ന എങ്കിലും 293പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. 103പ്രോജക്റ്റുകൾ നടപ്പിലാക്കിയില്ല. 27പ്രോജക്റ്റുകൾക്ക് മാത്രമാണ് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കപ്പെട്ടത്. പദ്ധതി നടത്തിപ്പിലുണ്ടയ ഈ വൻ വീഴ്ച മൂലം നഗരസഭക്ക് 3.77 കോടി പാഴായി. വിശദാംശം ചുവടെ.

ഫണ്ട് ട്രാൻസ്ഫർ സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രകാരം വികസനഫണ്ട് എസ്സ്.സി.പി., പതിമൂന്നാം ധനകാര്യകമ്മീഷൻ ഗ്രാന്റ്, കെ.എൽ.ജി.എസ്സ്.ഡി.പി. ഗ്രാന്റ് എന്നിവയിൽ ചെലവഴിച്ചതിനു ശേഷം അവശേഷിച്ചിരുന്ന തുകകൾ വികസനഫണ്ട് ജനറൽ അക്കൗണ്ടിലേക്ക് മാറ്റുന്നതിനും ഈ തുക ചെലവഴിച്ചതിനു ശേഷം മാത്രം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് തുക പിൻവലിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം നിക്ഷേപിച്ച തുക മാർച്ച് മാസത്തിനകം ചെലവഴിച്ചില്ലെങ്കിൽ സർക്കാരിലെക്ക് തിരിച്ചെടുക്കുമായിരുന്നു . നഗരസഭ ഇപ്രകാരം എം.എഫ്.എ.II വിലേക്ക് മാറ്റിയിട്ട തുകയുടെ വിശദാംങ്ങൾ താഴെകൊടുക്കുന്നു.

| ഫണ്ടിനം. | തുക |
|---|---|
| എം.എഫ്.എIIA അക്കൗണ്ടിലെ മുന്നിരിപ്പ് തുക. | 22013223 |
| എം.എഫ്.എIIA വിലേക്ക് മാറ്റിയിട്ട എസ്സ്.സി.പി. ഫണ്ട്. | 15782512 |
| എം.എഫ്.എIIA വിലേക്ക് മാറ്റിയിട്ട പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്. | 33987201 |
| എം.എഫ്.എIIA വിലേക്ക് മാറ്റിയിട്ട കെ.എൽ.ജി.എസ്സ്.ഡി.പി. ഗ്രാന്റ് | 1119006 |
| ആകെ. | 72901942 |
| ഈ അക്കൗണ്ടിൽ നിന്ന് 31-3-016വരെയുള്ള ചെലവ് | 35127787 |
| 31-3-2016അവശേഷിച്ച തുക | 37774155 |

മുന്നിരിപ്പ് തുകയും തൻവർഷത്തെ ബഡ്ജറ്റ് പ്രൊവിഷനും പരിഗണിച്ചാണ് പ്രോജക്റ്റുകൾക്കുള്ള തുക വകയിരുത്തേണ്ടത്. എന്നാൽ പ്രോജക്റ്റുകൾക്ക് തുക വകയിരുത്തിയതിലും അപാകതയുള്ളതായി കാണുന്നു. ഉദാഹരണമായി വികസനഫണ്ടിനത്തിലുള്ള മുന്നിരിപ്പ് 2,20,13,223/- രൂപയും 2015 -16- ലെ ബഡ്ജറ്റ് അലോക്കേഷൻ 5,38,30,631/- രൂപയും ആണ്. ആകെ ഏഴര കോടിയിലധികം തുക വികസനഫണ്ടിൽനിന്ന് പ്രോജക്റ്റുകൾക്കായി വകയിരുത്താമായിരുന്ന എങ്കിലും 69159763/-രൂപ മാത്രമാണ് വകയിരുത്തിയത്. ഇതിൽ മൂന്നരക്കോടിയോളം രൂപ മാത്രമാണ് ചെലവഴിച്ചത്.

ഫണ്ട് വിനിയോഗത്തിലുള്ള അലംഭാവം കാരണം വികസനഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ട തുകയിൽ ശേഷിച്ച 3,77,74,155/- രൂപ വർഷാവസാനം നഗരസഭക്ക് നഷ്ടപ്പെട്ടു. തൻവർഷ അലോട്ട്മെന്റ് തുകയിൽ ഒരു രൂപ പോലും ചെലവഴിച്ചുമില്ല.

പദ്ധതിരൂപീകരണത്തിലും, നിർവ്വഹണത്തിലും ഉള്ള നഗരസഭയുടെ അലംഭാവവും അശ്രദ്ധയും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാമായിരുന്ന കോടിക്കണക്കിനു രൂപ നഷ്ടപ്പെടുന്നതിന് ഇടയാക്കി. പ്രായോഗികമായി നടപ്പാക്കാൻ പറ്റുന്നവയും ജനങ്ങൾക്ക് ആവശ്യമുള്ളതുമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും അവ സമയബന്ധിതമായി നടപ്പാക്കുന്നതിലും ഭരണസമിതിയുടെയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഭാഗത്തു നിന്നുമുണ്ടായ ഗുരുതരമായ വീഴ്ചയാണ് ഈ നഷ്ടത്തിനു കാരണം.

ഭാവിയിൽ ഇപ്രകാരം പദ്ധതി തുക നഷ്ടപ്പെടാത്ത വിധം ഭരണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും, നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-2 മരാമത്തു വേലകൾ - നിർമ്മാണ പ്രവർത്തനങ്ങളിലും ചെലവു നടത്തുന്നതിലും ഗുരുതര ക്രമക്കേടുകൾ - രേഖകൾ തയ്യാറാക്കുന്നതിൽ ന്യൂനതകൾ

2015-16 കാലയളവിൽ നടത്തിയ ചില നിർമ്മാണ പ്രവർത്തനങ്ങളിലും ചെലവു നടത്തിയതിലും ഗുരുതര ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായും പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലും, കരാർ ചമയ്ക്കുന്നതിലും മറ്റും അനേകം അപാകതകൾ ഉള്ളതായും കാണുന്നു. വിശദാംശം ചുവടെ.

a) രേഖകളില്ലാതെ തുക ചെലവഴിച്ചു

ഓഡിറ്റു വർഷം നടപ്പാക്കിയ മരാമത്തു പദ്ധതികളിൽ 5 എണ്ണത്തിന്റെ ചെലവുമായി ബന്ധപ്പെട്ട യാതൊരു രേഖകളും നഗരസഭയിൽ നിലവിലില്ല. *(ഇതു സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ തുടർ ഖണ്ഡികകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.)*

b) നിർമ്മാണത്തിലും അളവു രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തുന്നതിലും ഗുരുതര ക്രമക്കേടുകൾ

ഓഡിറ്റു വർഷം നടപ്പാക്കിയ ഏതാനും പദ്ധതികളുടെ ഭൗതിക പരിശോധന ഓഡിറ്റ് ടീം നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. എന്നാൽ പല പ്രവർത്തികളും അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്ഥമായിട്ടാണ് ചെയ്തിട്ടുള്ളത് എന്ന് കണ്ടെത്തി. അളവു രേഖപ്പെടുത്തിയതിലും മെറ്റീരിയൽ ഉപയോഗിച്ചതിലും കൃത്രിമം നടത്തിയാണ് രേഖകൾ തയ്യാറാക്കി തുക ചെലവു ചെയ്തത്. ഇത് അതീവ ഗുരുതരമായ ക്രമക്കേടാണ്. ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി പദ്ധതി ശരിയായി മോണിറ്റർ ചെയ്യാത്തതു മൂലമാണ് ഈ ക്രമക്കേടുകൾ നടന്നിട്ടുള്ളത്. *(ഇതു സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ തുടർ ഖണ്ഡികകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.)*

c) ഗുണഭോക്തൃ സമിതി കണക്കുകൾ അംഗീകരിക്കാതെ ബിൽ തുക നല്കി

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന മിക്ക പദ്ധതികളുടെയും കണക്കുകൾ ബന്ധപ്പെട്ട സമിതി കൂടി അംഗീകരിച്ചിട്ടില്ല. പലതിലും സമിതി അംഗീകരിച്ചതായി എഴുതി വെയ്ക്കുന്നുണ്ടെങ്കിലും സമിതി അംഗങ്ങളുടെ ഒപ്പില്ല. *(ഇതു സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ തുടർ ഖണ്ഡികകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.)*

d)മോണിറ്ററിംഗ് ശരിയായി നടത്തുന്നില്ല

മരാമത്തു വേലകളുമായി ബന്ധപ്പെട്ട ഫയലുകളിൽ ഉൾക്കെള്ളിച്ചിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ടുകളിൽ മോണിറ്ററിംഗ് സമിതി ചെയർമാൻ മാത്രമാണ് ഒപ്പിട്ടിട്ടുള്ളത്. സമിതി അംഗങ്ങൾ ആരും ഒപ്പിട്ടിട്ടില്ല. ഇതിൽ നിന്നും പദ്ധതികളുടെ മോണിറ്ററിംഗ് ശരിയായി നടത്തുന്നില്ല എന്നു വ്യക്തമാണ്.

e)കരാറുകൾ കൃത്യമായി ചമച്ചിട്ടില്ല

മിക്ക കരാറുകളിലും പൂർണ്ണ വിവരങ്ങൾ ചേർത്ത് ബന്ധപ്പെട്ട കരാറുകാർ / കൺവിനർമാർ ഒപ്പു വെച്ചിട്ടില്ല. കരാറിനൊപ്പം ടെണ്ടർ ഷെഡ്യൂൾ, പൂർത്തീകരണ സമയം, ടെണ്ടർ വ്യത്യാസം എന്നിവ ചേർക്കുന്നില്ല.

f)രജിസ്റ്ററുകളും രേഖകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

തൻവർഷം വിവധ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശം സർക്കാർ നിർദ്ദേശ പ്രകാരവും

പരിശോധനായോഗ്യമാം വിധവും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

** പ്രോജക്റ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല, തൻമൂലം ഓരോ പ്രോജക്ടിനും എത്ര തുക എങ്ങിനെയെല്ലാം ചെലവഴിച്ചു എന്നതിന് കണക്കില്ല.

** കരാറുകാരൻ / കൺവീനർ തുക കൈപ്പറ്റി എന്നതിന് തെളിവായി കൈപ്പറ്റു രസീതുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ ഇല്ല.

** പ്രോജക്ടിന്റെ ഫയലിൽ ചെലവുകളുമായി ബന്ധപ്പെട്ട യാതൊരു വിശദാംശങ്ങളും രേഖപ്പെടുത്തുന്നില്ല. (ബിൽ / ചെക്ക് വിവരങ്ങൾ)

ഇതു കാരണം ഓരോ പദ്ധതിയുടെയും ചെലവിന്റെ വിശദാംശം ലഭിക്കുന്നതിനും തുക ആരു കൈപ്പറ്റി എന്ന മനസ്സിലാക്കുന്നതിനും സാധിക്കാതെ വരുന്നു.

g) ചെലവിന്റെ വിശദാംശം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല

ചെലവിന്റെ വിശദാംശം ആസ്തി രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കി യിട്ടില്ല. തൻമൂലം ചെലവിന്റെ ആവശ്യകത പരിശോധിച്ചുറപ്പാക്കാൻ സാധിച്ചിട്ടില്ല.

ടി ന്യൂനതകൾ സംബന്ധിച്ച വിശദീകരണമാരാഞ്ഞ് ഓഡിറ്റ് അന്വേഷണം ( നം,24/1-2-2017) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

ടി ക്രമക്കേടുകളും ന്യൂനതകളും വിവിധ സർക്കാർ നിർദ്ദേശങ്ങളുടെ ഗുരുതരമായ ലംഘനവും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിതെളിച്ച / വഴിതെളിക്കുന്ന നടപടികളുമാണ്. വിഷയത്തിൻ ഭരണ വകുപ്പിന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 11,70,722/- രൂപയുടെ ചെലവുമായി ബന്ധപ്പെട്ട രേഖകളില്ല

2015-16 ൽ നഗരസഭാ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എല്ലാ പ്രോജക്ടുകളുടെയും ഫയലുകളും അനുബന്ധരേഖകളും ഹാജരാക്കുന്നതിനായി 20/01/2017 - ൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നു. (നം. 2/2015-16, തീയതി: 20/01/2017). എന്നാൽ എല്ലാ പദ്ധതികളുമായി ബന്ധപ്പെട്ട രേഖകളും ലഭ്യമാകാത്തതിനാൽ അവ ലഭ്യമാകാത്തതിനു വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി നല്കുകയും ഉണ്ടായി (നം.18/28.1.2017, 28/1.2.2017 ) എന്നാൽ ഓഡിറ്റ് അവസാനിക്കുന്ന തീയതി വരെ താഴെപ്പറയുന്ന 5 പദ്ധതികളുടെ ചെലവുകളുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

പലതവണ വാക്കാലും രേഖാമൂലവും ആവശ്യപ്പെട്ടിട്ടും എഞ്ചിനീയറിംഗ് സെക്ഷനിൽ നിലവിലുള്ള ജീവനക്കാർ പലതവണ തിരച്ചിൽ നടത്തിയിട്ടും ഈ ചെലവുകളുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ലഭ്യമായില്ല എന്നതിൽ നിന്നും ഇതു സംബന്ധിച്ച യാതൊരു രേഖകളും നഗരസഭയിൽ നിലവിലില്ല എന്ന് സുവ്യക്തമാണ്. ചെലവു നടത്തി ഒരു വർഷം തികയുന്നതിനു മുമ്പ് രേഖകൾ ഇല്ലാതായി എന്നത് യുക്തിക്കു നിരക്കുന്നതല്ല. ആയതിനാൽ നിയമാനുസൃത രേഖകളില്ലാതെയാണ് ഈ ചെലവുകൾ നടത്തിയത് എന്ന് വ്യക്തമാകുന്നു. ആയതിനാൽ ഈയിനത്തിലുള്ള ചെലവു തുക ₹.11,70,722/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്ടിന്റെ പേര് | തൻവർഷത്തെ ചെലവ് |
|---|---|---|---|
| 1 | 26/16 | വിളക്ക്മരംകാവ് റോഡിൽ ഓടനിർമ്മാണം | 68433 |
| 2 | 41/16 | മോതീന്റെങ്ങ് റോഡ് പുനരുദ്ധാരണം | 143953 |
| 3 | 73/16 | അംഗനവാടി നം.68 പുനരുദ്ധാരണം | 97118 |
| 4 | 234/16 | പള്ളിത്തറ റോഡ് മെറ്റലിംഗ് | 495000 |
| 5 | 293/16 | കറുകത്തറ കൊച്ചുപറമ്പിൽ എം എം ബാലഭവൻ | 366218 |

| | | | |
|---|---|---|---|
| | | റോഡ് റീടാറിംഗ് | |
| ആകെ | | | 11,70,722/- |

രേഖകൾ കണ്ടെത്തി പരിശോധനയ്ക്ക് ഹാജരാക്കുന്നില്ലെങ്കിൽ ടി പ്രവൃത്തികൾ നടത്തിയിട്ടില്ല എന്ന അനുമാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിക്കുന്നു.

## 3-4 റെയിൽവേ ടെർമിനൽ ബസ് സ്റ്റാന്റിനു ചുറ്റമതിൽ നിർമ്മാണം - ചെയ്യാത്ത പ്രവൃത്തിക്കു തുക നല്കി - ഗുരുതര ക്രമക്കേട്

ഫയൽ നം. : - PW1-J-10970/14

പ്രോജക്ട് നം : - S0042/16 (S0167/15)

കരാറുകാരൻ : - E.M.അഷ്റഫ് (1.6% കുറച്ച്)

കായംകുളം നഗരസഭ വക റെയിൽവേ ടെർമിനൽ ബസ് സ്റ്റാന്റിനു ചുറ്റമതിൽ നിർമ്മിക്കാൻ 2014-15 ൽ ആവിഷ്കരിച്ച് 31.3.2015 ൽ പൂർത്തീകരിച്ച പ്രവൃത്തിയാണിത്. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ നല്കിയത് 2015-16 ൽ ആണ്. ആകെ ചെലവ് രൂ. 9,96,294/-. പ്രവൃത്തിയുടെ ഫയൽ, അളവു പുസ്തകം എന്നിവയുടെ പരിശോധനയിലും ഭൗതിക പരിശോധനയിലും, നിർദ്ദേശിക്കപ്പെട്ട ഈടും ബലവും ഉള്ള മതിൽ സൃഷ്ടിക്കപ്പെട്ടില്ല എന്നും പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ ഉണ്ടായതായും ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദാംശം ചുവടെ.

പ്രവൃത്തിക്കായി ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റ പ്രകാരം 2.10m പൊക്കത്തിലും 25cm വണ്ണത്തിലും കോൺക്രീറ്റ് ഇഷ്ടിക ഉപയോഗിച്ച് മതിൽ കെട്ടി ഇരു പുറവും പ്ലാസ്റ്റർ ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം 7 പ്രകാരം ഇത് 2m പൊക്കത്തിലും 20cm വണ്ണത്തിലും ആക്കിയതായി കാണുന്നു. അസി. എഞ്ചിനീയറുടെ ചാർജ്ജ് വഹിച്ചിരുന്ന PWO – I തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഏതെങ്കിലും ക്ഷമതയുള്ള അധികാരി സാങ്കേതികാനുമതി നല്കിയതായി കാണുന്നില്ല.

അളവു പുസ്തകത്തിലും താഴെ പറയും പ്രകാരം184 m നീളത്തിലും 20cm വണ്ണത്തിലും മതിൽ കെട്ടിയതായാണ് കാണിച്ചിട്ടുള്ളത്.

1 x 184 x 0.20 x 2.00 = 73.60

Extra for pillar 69 x 0.13 x 0.15 x 2.00 = 2.69

ആകെ 76.29 $m^3$

ഇതിന് 5642.66/$m^3$ നിരക്കിൽ 430707.40 രൂപാ മൂല്യം നിർണ്ണയിച്ചു.

ഇതു കൂടാതെ ഇനം 8 പ്രകാരം ഇരു പുറവുവും 12mm കനത്തിൽ പ്ലാസ്റ്റർ ചെയ്തതായും കാണിച്ചിട്ടുണ്ട്. ഇതിന് ആകെ 808.68m2 അളവു രേഖപ്പെടുത്തി 200.75/m2 നിരക്കിൽ 162342.51 രൂപയും മൂല്യം നിർണ്ണയിച്ചു.

ടി രണ്ടിനങ്ങളിലായി നിർണ്ണയിക്കപ്പെട്ട ആകെ മൂല്യം = 430707.40 + 162342.51 = 593049.91

ടെണ്ടർ വ്യത്യാസം കിഴിച്ച് ഈ ഇനങ്ങളിൽ ചെലവഴിക്കപ്പെട്ട തുക = 593049.91 – 1.6% = 583561/-

അളവു പുസ്തകം, ബില്ല് എന്നിവ പ്രകാരം പ്രവൃത്തി ചെയ്തിരുന്നു എങ്കിൽ, മതിലിന് 20+1.20+1.20 = 22.40 cm വണ്ണം ഉണ്ടായിരിക്കണം. എന്നാൽ, 30.1.2017 ൽ ഓഡിറ്റ് ടീം എഞ്ചിനീയറിങ് വിഭാഗത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശേധനയിൽ, ഇരുപുറങ്ങളിലും ഉള്ള തേപ്പു കനം ഉൾപ്പെടെ കേവലം 16 മുതൽ 17cm വരെ മാത്രമാണ് മതിലിന് വണ്ണം ഉള്ളത് എന്ന് കണ്ടെത്തി. ഇതിൽ നിന്നും കേവലം 6 ഇഞ്ച് (15cm) വണ്ണമുള്ള കോൺക്രീറ്റ് ഇഷ്ടിക ഉപയോഗിച്ചാണ് മതിൽ കെട്ടിയത് എന്ന് സുവ്യക്തം.

ഇവിടെ 15cm വണ്ണം തെറ്റായി 20cm വണ്ണമായി രേഖപ്പെടുത്തി അധിക അളവു കണക്കാക്കിയാണ് ബിൽ തുക കണക്കാക്കിയത്.

അധികമായി കണക്കാക്കപ്പെട്ട അളവ് = 1 x 184 x (0.20 – 0.15) x 2.00= 184 x 0.05 x 2 = 18.40 $m^3$

ടി ന്യൂനതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണം ( നം,25/1-2-2017) നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല.

അളവിൽ കൃത്രിമം കാട്ടിയതു മൂലം കരാറുകാരന് അധിക തുക നല്കാനിടയായി എന്നു മാത്രമല്ല ഇത്രയും പണം ചെലവഴിച്ചിട്ടും നിർദ്ദേശിക്കപ്പെട്ട ഈടും ബലവും ഉള്ള ഒരു ആസ്തി സൃഷ്ടിക്കപ്പെട്ടുമില്ല. അനേകം ബസ്സുകൾ വന്നുപോകുന്നതും റെയിൽവെ സ്റ്റേഷന്റെ സമീപത്തുള്ളതുമായ ഈ ബസ് സ്റ്റാന്റിന് ആദ്യം നിശ്ചയിച്ചിരുന്നത് 25cm വണ്ണമുള്ള മതിലാണ്, അതിനു പകരം 20cm പോലും വണ്ണമില്ലാതെ 2m പൊക്കമുള്ള ഒരു മതിൽ കെട്ടിയതു വഴി തീരെ ദുർബ്ബലമായ ഒരു ആസ്തിയാണ് സൃഷ്ടിക്കപ്പെട്ടത്. ഇതിന് കാര്യമായ ബലവും ആയുസ്സും ഉണ്ടാകില്ല എന്ന കാര്യം വ്യക്തമാണ് എന്ന് നിലവിലെ നഗരസഭാ എഞ്ചിനീയർ ഓഡിറ്റിന്റെ എക്സിറ്റ് മീറ്റിങ്ങിൽ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ മതിലിനായി ചെലവഴിക്കപ്പെട്ട പണം പാഴ്ചെലവായി. 15 സെ.മീ. കനമുള്ള ഭിത്തി നിർമ്മിച്ചിട്ട് ( തേപ്പ് കനം ഒഴികെ 20 സെ.മീ. കനമുള്ള ഭിത്തിയ്ക്ക് മൂല്യം നിർണ്ണയിച്ച് ചെലവു ചെയ്തതിനാൽ അധിക ചെലവു ചെയ്ത തുക 105954 ( 430707-430707 x 5/20-1.6%TD) ഓഡിറ്റിൽ അനുവദിക്കുന്നില്ല.

ടി ക്രമക്കേടുകളുടെ വെളിച്ചത്തിൽ ഇതുമായി ബന്ധപ്പെട്ട മറ്റ് ഇനം പ്രവർത്തികളുടെ കാര്യത്തിലും സംശയം നിലനിൽക്കുന്നു. ആയതിനാൽ പ്രവൃത്തിയുടെ പുനർ മൂല്യനിർണ്ണയം നടത്തേണ്ടതാണ്. ആയതിനാൽ ആകെ ചെലവഴിച്ച 9,96,294/- രൂപയിൽ ടി അനുവദനീയമല്ലാത്ത തുക (രൂ. 105954/-) കിഴിച്ചുള്ള 890340/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| *അനുബന്ധ വിവരങ്ങൾ : -* | | |
| *പദ്ധതി അടങ്കൽ* | *:-* | *രൂ.10,00,000/-* |
| *കരാർ നം.* | *:-* | *113/AEE/14-15 തീയതി 13.2.2015* |
| *അളവു പുസ്തകം നം* | *:-* | *23/10-11* |
| *ആകെ മൂല്യം(ടെണ്ടർ വ്യത്യാസം കിഴിച്ച്)* | *:-* | *രൂ. 9,96,294/-* |
| *നികുതികളും മറ്റും കിഴിച്ച് കരാറുകാരന് നല്കിയ തുക* | *:-* | *രൂ.9,36,416/-* |
| *ബിൽ വിവരങ്ങൾ* | *:-* | *Bill No. 74/14-15 തീ.31.3.15 രൂ.752870/-*<br>*Bill No. 14/15-16 തീ.13.7.15 രൂ.243424/-* |
| *അളവു രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയത്* | *:-* | *ശ്രീമതി. സുഭദ്ര, PWO -I*<br>*അസി. എഞ്ചിനീയർ - ഇൻ - ചാർജ്ജ്* |
| *ചെക്കു മെഷർ നടത്തുകയും ചെലവു നടത്തുകയും ചെയ്തത്* | *: -* | *ശ്രീ. കൃഷ്ണകുമാർ.*<br>*നഗരസഭാ എഞ്ചിനീയർ* |
| *ഭൗതിക പരിശോധനയിൽ പങ്കെടുത്തവർ :-*<br>*1. S. വിജയകുമാർ, AO(HG), 2. N. സുജ, AO(HG), 3. P. ഓമന, PWO – III,*<br>*4. T.K.രാജു. PWO- II. (നിലവിൽ വൈക്കം നഗരസഭയിൽ ജോലി ചെയ്യുന്നു). (അസി. എഞ്ചിനീയർക്ക് ശാരീരിക ബുദ്ധിമുട്ടുള്ളതിനാൽ ടിയാൾ നിർദ്ദേശിച്ച പ്രകാരം ആണ് ഓവർസിയർമാർ സന്നിഹിതരായത്)* | | |

## 3-5 MLA ഫണ്ടുപയോഗിച്ച് മുനിസിപ്പൽ ട്രെയിനിംഗ് സെന്റർ നിർമ്മാണം - വെട്രിഫൈഡ് ടൈലിനു പണം നൽകി സെറാമിക് ടൈൽ കൊണ്ട് തറ നിർമ്മിച്ചു - ഗുരുതര ക്രമക്കേട്

ഫയൽ നം. : - MLA – SDF – 6095/15

കൺവീനർ : - ഹാരിസ്, കുറുപ്പന്റയ്യത്ത്, ചേരാവള്ളി

കായംകുളം നഗരസഭ വക 24-ാം വാർഡിലുള്ള വ്യവസായ എസ്റ്റേറ്റ് ഗ്രൗണ്ടിൽ CDS ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിനായി 10,00,000/- രൂപാ ശ്രീ. ലൂഡി ലൂയിസ് MLA യുടെ പ്രാദേശിക വികസന നിധിയിൽ നിന്നും അനുവദിച്ചിരുന്നു. ഈ തുക ഉപയോഗിച്ച് നടത്തിയ ട്രയിനിംഗ് സെന്റർ നിർമ്മാണത്തിൽ ഗുരുതര ക്രമക്കേടുകൾ നടന്നതായി പ്രവൃത്തിയുടെ ഫയൽ, അളവു പുസ്തകം എന്നിവയുടെ പരിശോധനയിലും ഭൗതിക പരിശോധനയിലും ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദാംശം ചുവടെ.

a)വെട്രിഫൈഡ് ടൈലിനു പകരം വില കുറഞ്ഞ സെറാമിക് ടൈൽ ഉപയോഗിച്ചു

ട്രയിനിംഗ് സെന്റർ കെട്ടിടത്തിന്റെ ഫ്ലോർ ഗുണനിലവാരമുള്ള 600mmX600mm (2'X2') അളവിലുള്ള വെട്രിഫൈഡ് ടൈൽ ഉപയോഗിച്ച് നിർമ്മിക്കണം എന്നാണ് എസ്റ്റിമേറ്റിൽ നിർദ്ദേശിച്ചിരുന്നത് (പ്രവൃത്തിയുടെ ഇനം 13പ്രകാരം). ഇതനുസരിച്ചുള്ള നിരക്കാണ് ഈ ഇനത്തിന് അനുവദിച്ചിരുന്നത്. DSR 2014 ഇനം 11.41.2 പ്രകാരമുള്ള അളവിനൊപ്പം കോസ്റ്റ് ഇന്റക്സ് 1.4571 ഗുണിച്ച് കണക്കാക്കിയ നിരക്ക് 1781.30/m2 (ഗുണഭോക്തൃ സമിതി മുഖേന ആയതിനാൽ CPOH ഒഴികെ). ഇതിൽ ടൈലിന്റെ മാത്രം വിലനിരക്ക് കോസ്റ്റ് ഇന്റക്സ് സഹിതം രൂ.1238.54/$m^2$, അതായത് ചതുരശ്ര അടിക്ക് 115.10 രൂപയാണ്.

അളവു പുസ്തകത്തിലും ഇപ്രകാരമുള്ള ടൈൽ ഉപയോഗിച്ചതായി ആണ് കാണിച്ചത്. Bismi Electricals Tiles and Sanitoryware, Kayamkulam എന്ന സ്ഥാപനത്തിൽ നിന്നും 2'X2' (600mmX600mm) അളവിലുള്ള 314 എണ്ണം (1256 ചതുരശ്ര അടി) വെട്രിഫൈഡ് ടൈൽ രൂ. 82/ചതുരശ്ര അടി നിരക്കിൽ വാങ്ങിയതിന് 102992/- രൂപയും 15kg കളർ സിമന്റ് വില 750/- രൂപയും ഉൾപ്പെടെ വാറ്റ് 15043/- സഹിതം ആകെ 118785/- രൂപാ നല്കിയതായുള്ള ബില്ലും (No.1374/18.10.15)ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (ഗുണഭോക്തൃ സമിതി മിനുട്സിലും വെട്രിഫൈഡ് ടൈൽ ഉപയോഗിച്ചതായി കാട്ടി ടി ബിൽ പ്രകാരമുള്ള തുകയാണ് കാണിച്ചിട്ടുള്ളത്.)

ആകെ 113.37 m2 വിസ്തീർണ്ണം കണക്കാക്കി 1781.30/$m^2$നിരക്കിൽ 201946/- രൂപാ മൂല്യം നിർണ്ണയിച്ചു.

എന്നാൽ, 30.1.2017 ൽ ഓഡിറ്റ് ടീം എഞ്ചിനീയറിങ് വിഭാഗത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ, കാര്യമായ ഗുണനിലവാരമില്ലാത്തതും വില കുറഞ്ഞതും 400mmX400mm അളവിലുള്ളതുമായ സെറാമിക് ഫ്ലോർ ടൈൽ ഉപയോഗിച്ചാണ് തറ ചെയ്തത് എന്ന് കണ്ടെത്തി. ആയതിനു അനുവദിക്കാവുന്ന നിരക്ക് കോസ്റ്റ് ഇൻഡക്സ് ഉൾപ്പടെ 1144.33/എം.$^2$ മാത്രമാണ്.

എസ്റ്റിമേറ്റിനു വിരുദ്ധമായി തെറ്റായതും നിലവാരമില്ലാത്തതും വില കുറഞ്ഞതുമായ മെറ്റീരിയൽ ഉപയോഗിക്കുകയും വില കൂടിയ മെറ്റീരിയൽ ഉപയോഗിച്ചതായി രേഖയുണ്ടാക്കി മൂല്യ നിർണ്ണയം നടത്തി കൺവീനർക്ക് തുക നല്കിയത് ഗുരുതരമായ ക്രമക്കേടാണ്. മാത്രമല്ല, ഇപ്രകാരം കൃത്രിമം കാട്ടിയതു മൂലം ഉദ്ദേശിക്കപ്പെട്ട ആസ്തി സൃഷ്ടിക്കപ്പെട്ടിട്ടുമില്ല. ആയതിനാൽ ഈയിനത്തിൽ നടത്തിയ ചെലവ് രൂ.201946/- ന് മുകളിൽ പറഞ്ഞിരിക്കുന്ന നിരക്ക് പ്രകാരം അനുവദനീയമായ തുക 129734/- ( 113.37 എം 2 @ 1144.33/എം2 ) മാത്രമാണ്. അധികമായി നൽകിയ തുക 72,212/- ഓഡിറ്റിൽ അനുവദിക്കുന്നില്ല. തുക കൺവീനറിൽ നിന്നും തിരികെ ഈടാക്കി നഗരസഭാ നിധിയിൽ ഒടുക്കേണ്ടതാണ്.

b) ഗുണഭോക്തൃ സമിതി കണക്കുകൾ അംഗീകരിച്ചിട്ടില്ല

24.7.2015 ൽ കൂടിയ ഗുണഭോക്തൃ സമിതിയുടെ ആദ്യ യോഗത്തിൽ 21 പേർ പങ്കെടുത്ത് മിനുട്സിൽ ഒപ്പുവെച്ചിരുന്നു. എന്നാൽ 29.10.2015 ൽ ചെലവുകൾ ഗുണഭോക്തൃ സമിതി അംഗീകരിച്ചതായി മിനുട്സ് ബുക്കിൽ രേഖപ്പെടുത്തി കൺവിനർ ഉൾപ്പെടെ 6 പേരുടെ പേരുകൾ എഴുതിയിട്ടുണ്ട് എങ്കിലും കൺവീനറും വാർഡ് കൗൺസിലർ ശ്രീ.യു. മുഹമ്മദും മാത്രമാണ് മിനുട്സിൽ ഒപ്പു വെച്ചിട്ടുള്ളത്.

ഇതിൽ നിന്നും ചെലവുകൾ ഗുണഭോക്തൃ സമിതി അംഗീകരിച്ചിട്ടില്ല എന്നു വ്യക്തം. ഗുണഭോക്തൃ സമിതി കണക്കുകൾ അംഗീകരിക്കാതെ കൺവീനർക്കു ബിൽ തുക നല്കിയത് നിയമ വിരുദ്ധ നടപടിയാണ്.

ടി ന്യൂനതകളുടെ വെളിച്ചത്തിൽ കൺവീനർക്ക് ആകെ നല്കിയ 924528/- രൂപയിൽ ടി പരാമർശം (a) പ്രകാരം അംഗീകരിക്കാത്ത തുക (രൂ.201946/-)കിഴിച്ച് ബാക്കി തുകയുടെ (രൂ.722582/-) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| *അനുബന്ധ വിവരങ്ങൾ : -* | | |
| *പദ്ധതി അടങ്കൽ* | *:-* | *രൂ.10,00,000/-* |
| *കരാർ നം.* | *:-* | *224/AEE/14-15 തീയതി 10.8.2015* |
| *അളവു പുസ്തകം നംപർ* | *:-* | *61/15-16* |
| *ആകെ മൂല്യം(നികുതികൾ സഹിതം)* | *:-* | *രൂ. 1000001.50,*<br>*അടങ്കലിൽ ക്ലിപ്തപ്പെടുത്തി 10,00,000/-* |
| *കൺവീനർക്ക് നല്കിയ തുക* | *:-* | *രൂ.924528/-* |
| *ചെലവു വിവരങ്ങൾ* | *:-* | *ചെക്കു നം. 420057/29.3.2016രൂ.924528/-* |
| *അളവു രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയത്* | *:-* | *ശ്രീ.ശശിധരൻ നായർ, അസി. എഞ്ചിനീയർ* |
| *ചെക്കു മെഷർ ചെയ്തതും ചെലവു നടത്തിയതും* | *: -* | *ശ്രീ. എൻ. ഷൈനി, നഗരസഭാ എഞ്ചിനീയർ* |
| *ഭൗതിക പരിശോധനയിൽ പങ്കെടുത്തവർ :-*<br>*1. S. വിജയകുമാർ, AO(HG), 2. N. സുജ, AO(HG), 3. P. ഓമന, PWO – III,*<br>*4. T.K.രാജു. PWO- II. (നിലവിൽ വൈക്കം നഗരസഭയിൽ ജോലി ചെയ്യുന്നു). (അസി. എഞ്ചിനീയർക്ക് ശാരീരിക ബുദ്ധിമുട്ടുള്ളതിനാൽ ടിയാൾ നിർദ്ദേശിച്ച പ്രകാരം ആണ് ഓവർസിയർമാർ സന്നിഹിതരായത്)* | | |

## 3-6 TB റോഡിലും മെയിൻ റോഡിലും ഫുട്പാത്ത് - അളവുകളിൽ ക്രമക്കേടുകൾ, പിഴ / കോമ്പൻസേഷൻ ഈടാക്കിയതിൽ കുറവ്

| | | |
|---|---|---|
| ഫയൽ നം. | :- | PW 1/12825/13(J) |
| പ്രോജക്റ്റ് നം. | :- | S0025/16 |
| കരാറുകാരൻ | :- | K.M.ഇഖ്ബാൽഖാൻ (11.30% കുറച്ച്) |

നഗരത്തിലെ റ്റി.ബി. റോഡിലും മെയിൻ റോഡിലും ഫുട്പാത്തും കൈവരിയും നിർമ്മിക്കുന്നതിനായി 2014-15 ആരംഭിച്ച പദ്ധതി 14.9.2015 ൽ പൂർത്തീകരിച്ച് 11,70,743/- രൂപാ ചെലവഴിച്ചു. ഈ പ്രവൃത്തിയുടെ ഫയൽ, അളവു പുസ്തകം എന്നിവയുടെ പരിശോധനയിലും ഭൗതിക പരിശോധനയിലും പദ്ധതി നിർവ്വഹണത്തിലും ചെലവു

നടത്തിയതിലും ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദാംശം ചുവടെ.

***a)*** *അളവിൽ ക്രമക്കേടുകൾ*

എസ്റ്റിമേറ്റ്, അളവു പുസ്തകം എന്നിവ പ്രകാരം 30cmപൊക്കത്തിൽ 1:2:4 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്ത് ഫുട്പാത്ത് നിർമ്മിച്ചതായും അതിനു മുകളിൽ 1.30m ഉയരമുള്ള GI പൈപ്പുകൾ സ്ഥാപിച്ച് കൈവരികൾ നിർമ്മിച്ചതായും പറയുന്നു. എന്നാൽ 30.1.2017 ൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ ഫുട്പാത്ത് താരതമ്യേന കുറഞ്ഞ പൊക്കത്തിലും കാര്യമായ ഗുണനിലവാരമില്ലാതെയും കൈവരികളുടെ തൂണുകൾക്ക് രേഖകൾ പ്രകാരമുള്ള ഉയരം ഇല്ലാത്തതായും കാണപ്പെട്ടു. കൈവരികളുടെ പരമാവധി ഉയരം 1 മീറ്റർ ആയും അവയിലെ ഇളകികിടന്ന തൂണുകൾക്ക് 1.10 മീറ്ററിൽ താഴെ മാത്രമാണ് ഉയരമെന്നും കണ്ടെത്തി. ഇതിൽ നിന്നും എസ്റ്റിമേറ്റ്, അളവു പുസ്തകം എന്നിവ പ്രകാരമുള്ള അളവിൽ കോൺക്രീറ്റ് നടത്തുകയും തൂണുകൾ ഉപയോഗിക്കുകയും ചെയ്തിട്ടില്ല എന്ന് വ്യക്തമാണ്. അതായത് നിർദ്ദേശിക്കപ്പെട്ടതും, രേഖകൾ പ്രകാരമുള്ളതും ആയ പ്രവൃത്തി നടത്താതെയാണ് ചെലവു നടത്തിയത്.

ആയതിനാൽ പ്രവൃത്തിയുടെ പുനർ മൂല്യ നിർണ്ണയം നടത്തി യഥാർത്ഥ മൂല്യം നിർണ്ണയിക്കേണ്ടതാണ്.

***b)*** *പിഴ / കോമ്പൻസേഷൻ ഈടാക്കയതിൽ കുറവ്*

പ്രവൃത്തിക്കായി 18.10.2014 ൽ കരാർ ചമച്ച് സ്ഥലം കൈമാറിയിരുന്നു. കരാർ, വർക്ക് ഓർഡർ എന്നിവ പ്രകാരം 5 മാസത്തിനകം (17.3.2015) പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 14.9.2015 ൽ ആണ്.

2012 ലെ പിഡബ്ല്യൂഡി മാനുവൽ സെക്ഷൻ 2112 പ്രകാരം ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

ടി നിബന്ധന അനുസരിച്ച് 25% വരെയുള്ള കാലാവധി ദൈർഘ്യത്തിന് PAC യുടെ 1% ഉം, 25% മുതൽ 50% വരെയുള്ള കാലദൈർഘ്യത്തിന് PAC യുടെ 1+2=3% ഉം പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചു മാത്രമേ കാലാവധി ദീർഘിപ്പിക്കാമായിരുന്നുള്ളൂ. എന്നാൽ ഇവിടെ കരാറുകാരൻ സമയ ദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല. അതുപോലെ ബാക്കി സമയത്തിന് നിയമാനുസൃത കോമ്പൻസേഷനും ഈടാക്കിയിട്ടില്ല. ഫൈനൽ ബില്ലിൽ നിന്നും PAC യുടെ കേവലം 1% തുക പിഴയിനത്തിൽ ഈടാക്കുക മാത്രമാണ് ചെയ്തത്.

***(****27.10.2014 ൽ ചിലയാളുകൾ ജോലി തടസ്സപ്പെടുത്തിയതായും, 31.10.2014 ൽ India Silk House എന്ന സ്ഥാപനത്തിനു മുമ്പിൽ 5 മീറ്റർ സ്ഥലത്തെ കോൺക്രീറ്റ് കെമിക്കൽ ഒഴിച്ച് നശിപ്പിച്ചതായും ഉള്ള ചില പ്രശ്നങ്ങൾ ഉണ്ടായി എങ്കിലും തൊട്ടടുത്ത ദിവസങ്ങളിൽ തന്നെ സെക്രട്ടറി അവ സംബന്ധിച്ച് പോലീസ് നടപടിക്കായി റിപ്പോർട്ട് ചെയ്തതായി കാണുന്നു. ഇതു സംബന്ധിച്ച് കൂടുതൽ തടസ്സമുണ്ടാവുകയോ അതനുസരിച്ച് കാലാവധി നീട്ടിക്കൊടുക്കുകയോ ഉണ്ടായിട്ടില്ല.)*

നിയമാനുസൃതം പിഴ ഈടാക്കി സമയം ദൈർഘിപ്പിക്കാത്തതിനാലും, നിയമാനുസൃത കോമ്പൻസേഷൻ ഈടാക്കാത്തതിനാലും ഈ ഇനങ്ങളിൽ ചുവടെ ചേർക്കും പ്രകാരം നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട് .

| | | | | |
|---|---|---|---|---|
| എസ്റ്റിമേറ്റ് തുക | :- | രൂ.16,89,713/- | | |
| അംഗീകൃത PAC | :- | 1689713 – 11.3% | = | രൂ. 14,98,775/- |

| | | | | | | |
|---|---|---|---|---|---|---|
| സ്ഥലം കൈമാറിയ തീയതിയും പൂർത്തീകരണ കാലാവധിയും | :- | 18.10.2014,<br>17.3.2015 (5 മാസം) | | | | |
| പ്രവൃത്തി പൂർത്തീകരിച്ച തീയതിയും (AE അവസാന അളവു രേഖപ്പെടുത്തിയ തീയതി) അധികമായി എടുത്ത സമയവും | :- | 14.9.2015<br>5 മാസം 28 ദിവസം | | | | |
| കോമ്പൻസേഷൻ ഈടാക്കേണ്ട കാലം | :- | 3.6.2015 – 14.9.2015 = 14.85 ആഴ്ച | | | | |
| ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ | :- | 1498775 | X | 1.485% | = | 22257 |
| ഈടാക്കിയ പിഴ തുക | :- | രൂ. 11707 | | | | |
| ഈടാക്കിയതിൽ കുറവ് | :- | രൂ**. 10550/-** | | | | |

*(ടി ന്യൂനതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണം (നം. 23/1.2.2017) നല്കിയെങ്കിലും മറുപടി നല്കിയിട്ടില്ല.)*

പിഴയും കോമ്പൻസേഷനും നിയമാനുസൃതം ഈടാക്കാത്തതു മൂലം ഉണ്ടായ ഈ അധിക ചെലവ് (രൂ**. 10550/-)** ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കി നഗരസഭാ നിധിയിൽ ഒടുക്കേണ്ടതാണ്.

ടി പരാമർശം (a) ൽ വിവരിക്കപ്പെട്ട ന്യൂനതകളുടെ വെളിച്ചത്തിൽ പ്രവൃത്തിക്കായി ആകെ ചെലവഴിക്കപ്പെട്ട 1170743/- രൂപയിൽ ടി പരാമർശം (b) പ്രകാരം അനുവദനീയമല്ലാത്ത ചെലവ് (രൂ. 10550/-) കിഴിച്ചുള്ള ചെലവ് രൂ**. 11,60,193/-** ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

---------------------------------------------------------------------------------------------------

| *അനുബന്ധ വിവരങ്ങൾ **: -*** | | |
|---|---|---|
| *പദ്ധതി അടങ്കൽ* | :- | *രൂ.17,00,000/-* |
| *കരാർ നം.* | :- | *17/AEE/14-15 തീയതി 18.10.2014* |
| *അളവു പുസ്തകം നം* | :- | *7/14-15, 18/2011-12* |
| *ആകെ മൂല്യം(ടെണ്ടർ വ്യത്യാസം കിഴിച്ച്)* | :- | *11,70,743/-* |
| *നികുതികളും മറ്റും കിഴിച്ച് കരാറുകാരന് നല്കിയ തുക* | :- | *രൂ.11,11,937/-* |
| *ഫൈനൽ ബിൽ വിവരങ്ങൾ* | :- | *Bill No. 80/28.9.2015 രൂ. 530226/-* |
| *അളവു രേഖപ്പെടുത്തിയതും മൂല്യ നിർണ്ണയം നടത്തിയതും* | :- | *ശ്രീ. വി. ശശിധരൻ നായർ,*<br>*അസി. എഞ്ചിനീയർ* |

| | | |
|---|---|---|
| *ചെലവു നടത്തിയ ഉദ്യോഗസ്ഥൻ* | :- | *ശ്രീമതി. എൻ. ഷൈനി*<br>*നഗരസഭാ എഞ്ചിനീയർ* |

## 3-7 താലൂക്ക് ആശുപത്രി ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് ഹൈവേ വരെ ഫുട്പാത്ത് നിർമ്മാണം

ഫയൽ നം. :- PW 1/810/15(J)

പ്രോജക്റ്റ് നം. :- S0085/16

കരാറുകാരൻ :- D.ശിവരാജൻ (15.20% കുറച്ച്)

നഗരത്തിലെ താലൂക്ക് ആശുപത്രി ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് ഹൈവേ വരെ ഫുട്പാത്ത് ഫുട്പാത്തും കൈവരിയും നിർമ്മിക്കുന്നതിനായി 2014-15 ആരംഭിച്ച പദ്ധതി 30.10.2015 ൽ പൂർത്തീകരിച്ച് 13,56,040/- രൂപാ ചെലവഴിച്ചു. ഈ പ്രവൃത്തിയുടെ ഫയൽ, അളവു പുസ്തകം എന്നിവയുടെ പരിശോധനയിൽ പദ്ധതിയുടെ ചെലവു നടത്തിയതിൽ ചില ന്യൂനതകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദാംശം ചുവടെ.

*a) കാലതാമസത്തിന് പിഴയും കോമ്പൻസേഷനും ഈടാക്കാത്തത്*

പ്രവൃത്തിക്കായി 26.2.2015, ൽ കരാർ ചമച്ച് സ്ഥലം കൈമാറിയിരുന്നു. കരാർ, വർക്ക് ഓർഡർ എന്നിവ പ്രകാരം 31.3.2015 നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 30.10.2015 ൽ ആണ്.

2012 ലെ പി.ഡബ്ല്യൂ.ഡി. മാനുവൽ സെക്ഷൻ 2112 പ്രകാരം പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ച് മാത്രമേ കാലാവധി ദീർഘിപ്പിക്കാമായിരുന്നുള്ളൂ. എന്നാൽ ഇവിടെ കരാറുകാരൻ സമയ ദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല. അതുപോലെ ബാക്കി സമയത്തിന് സെക്ഷൻ 2116.1 പ്രകാരമുള്ള കോമ്പൻസേഷനും ഈടാക്കിയിട്ടില്ല.

*(പിഴ, കോമ്പൻസേഷൻ എന്നിവ സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി. മാനുവൽ അനുസരിച്ചുള്ള വിവരങ്ങൾ മുൻ ഖണ്ഡികയിൽ വിശദീകരിച്ചിട്ടുണ്ട്.)*

വസ്തു തർക്കം ഉണ്ടായതിനാൽ ഹൈവേയുടെ സമീപത്തായി 25 മീറ്റർ ഭാഗത്ത് പ്രവൃത്തി നടത്തിയിട്ടില്ല. ഇതൊഴിച്ചുള്ള പ്രവൃത്തിയുടെ ബിൽ ആണ് നല്കിയത്. ആയതിനാൽ ഈ തർക്കം കാരണമാണ് പ്രവൃത്തി തടസ്സപ്പെട്ടത് എന്ന് കണക്കാക്കാനാകില്ല. മാത്രമല്ല, കരാറുകാരന് ഗ്രേസ് പീരീയഡ് അനുവദിച്ച് കരാർ ദീർഘിപ്പിച്ചിട്ടുമില്ല.

നിയമാനുസൃതം പിഴ ഈടാക്കി സമയം ദൈർഘിപ്പിക്കാത്തതിനാലും, നിയമാനുസൃത കോമ്പൻസേഷൻ ഈടാക്കാത്തതിനാലും ഈ ഇനങ്ങളിൽ ചുവടെ ചേർക്കും പ്രകാരം നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്.

| | | |
|---|---|---|
| എസ്റ്റിമേറ്റ് തുക | :- | രു.17,88,706/- |
| അംഗീകൃത PAC | :- | 1788706 – 15.2% = 1516823/- |
| സ്ഥലം കൈമാറിയ തീയതിയും പൂർത്തീകരണ കാലാവധിയും | :- | 26.2.2015,<br>31.3.2015 (34 ദിവസം)<br>*(കരാറിൽ കാലാവധി 30.3.2015 ഉം വർക്ക് ഓർഡറിൽ 31.3.2015 ഉം ആണ് കാണിച്ചിട്ടുള്ളത്)* |
| പ്രവൃത്തി പൂർത്തീകരിച്ച തീയതിയും (AE അവസാന അളവു രേഖപ്പെടുത്തിയ തീയതി) അധികമായി എടുത്ത സമയവും | :- | 30.10.2015<br>7മാസം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| കോമ്പൻസേഷൻ ഈടാക്കേണ്ട കാലം | :- | 18.4.2015 – 30.10.2015 = 28 ആഴ്ച | | | | |
| ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ | :- | 1516823 | X | 2.8 % | = | 42471 |
| ഈടാക്കിയ തുക | :- | ഒരു തുകയും ഈടാക്കിയില്ല | | | | |
| പിഴയും കോമ്പൻസേഷനും നിയമാനുസൃതം ഈടാക്കാത്തതു മൂലം ഉണ്ടായ അധിക ചെലവ്) | :- | രൂ. 42,471/- | | | | |
| *(ടി ന്യൂനതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണം (നം. 23/1.2.2017) നല്കിയെങ്കിലും മറുപടി നല്കിയിട്ടില്ല.)*<br>കോമ്പൻസേഷൻ നിയമാനുസൃതം ഈടാക്കാത്തതു മൂലം ഉണ്ടായ ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കി നഗരസഭാ നിധിയിൽ ഒടുക്കേണ്ടതാണ്. | | | | | | |

*b) കണക്കിലെ പിശക് മൂലം അധിക തുക നല്കി*

പ്രവൃത്തിയുടെ 4-ാം ഇനമായി 71.764m3 1:2:4 കോൺക്രീറ്റ് ചെയ്യതിന് 6791.95/m3 നിരക്കിൽ 487417.49 രൂപാ മൂല്യം നിർണ്ണയിച്ചു. എന്നാൽ അളവു പുസ്തകം നം. 63/13.14 പേജ് 14 പ്രകാരം 63.83m3 ഉം പേജ് 43 പ്രകാരം 6.824m3 ഉം ഉൾപ്പെടെ ആകെ 70.654m3 മാത്രമേ ചെയ്തിട്ടുള്ളൂ.

ഇതനുസരിച്ച് അധികമായി കണക്കാക്കിയ മൂല്യം (71.764-70.654)x6791.95 = 7539

ടെണ്ടർ വ്യത്യാസം കിഴിച്ച് അധികമായി ചെലവായ തുക 7539 – 15.2% = 6393/-

ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി നഗരസഭാ നിധിയിൽ ഒടുക്കേണ്ടതാണ്.

*c) മറ്റു ന്യൂനതകൾ*

പ്രവൃത്തിക്കായി ശരിയായ വിധം വിശദമായ എസ്റ്റിമേറ്റു തയ്യാറാക്കിയിട്ടില്ല. ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രവൃത്തി ആവശ്യമായത് എന്ന് വ്യക്തമായി രേഖപ്പെടുത്തിയല്ല Detailed Estimate തയ്യാറാക്കിയത്. അതുപോലെ, കൈവരിയുടെ ഉയരം എത്രയാണെന്നും എസ്റ്റിമേറ്റിൽ ചേർത്തിട്ടില്ല. ആയതിനാൽ പ്രവൃത്തിയുടെ ആവശ്യകത ഉറപ്പാക്കുന്നതിനും എസ്റ്റിമേറ്റു പ്രകാരമാണോ പ്രവൃത്തി നടപ്പാക്കിയത് എന്ന് പരിശോധിച്ചുറപ്പാക്കുന്നതിനും സാധിച്ചിട്ടില്ല.

ടി ന്യൂനതകളുടെ വെളിച്ചത്തിൽ പ്രവൃത്തിക്കായി ആകെ ചെലവഴിക്കപ്പെട്ട 13,56,040/- രൂപയിൽ ടി പരാമർശം (a), (b) എന്നിവ പ്രകാരം അനുവദനീയമല്ലാത്ത ചെലവ് (87976 + 6393 = 94369/-) കിഴിച്ചുള്ള ചെലവ് രൂ. 1261671/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| *അനുബന്ധ വിവരങ്ങൾ : -* | | |
| *പദ്ധതി അടങ്കൽ* | :- | *രൂ.18,00,000/-* |
| *കരാർ നം.* | :- | *144/AEE/14-15 തീയതി 26.2.2015* |
| *അളവു പുസ്തകം നം* | :- | *63/14-15, 146/2015-16* |

| | | |
|---|---|---|
| *ആകെ മൂല്യം(ടെണ്ടർ വ്യത്യാസം കിഴിച്ച്)* | *:-* | *രൂ. 13,56,040/-* |
| *നികുതികളും മറ്റും കിഴിച്ച് കരാറുകാരന് നല്കിയ തുക* | *:-* | *രൂ.12,74,542/-* |
| *ഫൈനൽ ബിൽ വിവരങ്ങൾ* | *:-* | *Bill No. 272/31.3.2016 രൂ. 239332/-* |
| *മൂല്യ നിർണ്ണയം നടത്തിയത്* | *:-* | *ശ്രീ.ശശിധരൻ നായർ,*<br>*അസി. എഞ്ചിനീയർ* |
| *ചെലവു നടത്തിയ ഉദ്യോഗസ്ഥൻ* | *: -* | *ശ്രീമതി. എൻ. ഷൈനി,*<br>*നഗരസഭാ എഞ്ചിനീയർ* |

## 3-8 റെയിൽവേ ടെർമിനൽ ബസ് സ്റ്റാന്റ് യാർഡ് കോൺക്രീറ്റിംഗ്

ഫയൽ നം. :- PW 1/10970/15

പ്രോജക്റ്റ് നം. :- S0168/16

കരാറുകാരൻ :- റോയ് യോഹന്നാൻ (17.30% കുറച്ച്)

നഗരത്തിലെ റെയിൽവേ ടെർമിനൽ ബസ് സ്റ്റാന്റ് യാർഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി 2014-15 ആരംഭിച്ച പദ്ധതി ഓഡിറ്റ് വർഷം പൂർത്തീകരിച്ച് 20,67,139/- രൂപാ ചെലവഴിച്ചു. കരാർ, വർക്ക് ഓർഡർ എന്നിവ പ്രകാരം 31.3.2015 നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 23.3.2016 ൽ ആണ്. എന്നാൽ കാലതാമസത്തിന് നിയമാനുസൃതം പിഴയും കോമ്പൻസേഷനും ഈടാക്കാതെയാണ് കരാറുകാരന് ബിൽ തുക നല്കിയത്. വിശദാംശം ചുവടെ.

2012 ലെ പി.ഡബ്ല്യൂ.ഡി. മാനുവൽ സെക്ഷൻ 2112 പ്രകാരം പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ച് മാത്രമേ കാലാവധി ദീർഘിപ്പിക്കാമായിരുന്നുള്ളൂ. എന്നാൽ ഇവിടെ കരാറുകാരൻ സമയ ദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല. കാലവിളംബത്തിന് സെക്ഷൻ 2116.1 പ്രകാരമുള്ള കോമ്പൻസേഷനും ഈടാക്കിയിട്ടില്ല.

*(പിഴ, കോമ്പൻസേഷൻ എന്നിവ സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി. മാനുവൽ അനുസരിച്ചുള്ള വിവരങ്ങൾ മുൻ ഖണ്ഡികയിൽ വിശദീകരിച്ചിട്ടുണ്ട്.)*

നിയമാനുസൃതം പിഴ ഈടാക്കി സമയം ദൈർഘിപ്പിക്കാത്തതിനാലും, നിയമാനുസൃത കോമ്പൻസേഷൻ ഈടാക്കാത്തതിനാലും ഈ ഇനങ്ങളിൽ ചുവടെ ചേർക്കും പ്രകാരം നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| എസ്റ്റിമേറ്റ് തുക | :- | രൂ. 25,00,000/- | | |
| അംഗീകൃത PAC | :- | 2500000 – 17.3% | = | രൂ. 20,67,500/- |
| സ്ഥലം കൈമാറിയ തീയതിയും പൂർത്തീകരണ കാലാവധിയും | :- | 4.3.2015<br>31.3.2015 (28ദിവസം)<br>*(കരാറിൽ കാലാവധി 30.3.2015 ഉം വർക്ക് ഓർഡറിൽ 31.3.2015 ഉം ആണ് കാണിച്ചിട്ടുള്ളത്)* | | |

| | | |
|---|---|---|
| | | |
| പ്രവൃത്തി പൂർത്തീകരിച്ച തീയതിയും (AE അവസാന അളവ് രേഖപ്പെടുത്തിയ തീയതി) അധികമായി എടുത്ത സമയവും | :- | 23.3.2016<br>357 ദിവസം |
| ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ | :- | 2067500 X 4.9% = 101308 |
| ഈടാക്കിയ തുക | :- | ഒരു തുകയും ഈടാക്കിയില്ല |
| കോമ്പൻസേഷൻ നിയമാനുസൃതം ഈടാക്കാത്തതു മൂലം ഉണ്ടായ അധിക ചെലവ്) | :- | രൂ. 1,01,308/- |

*(ടി ന്യൂനതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണം (നം. 23/1.2.2017) നല്കിയെങ്കിലും മറുപടി നല്കിയിട്ടില്ല.)*

പിഴയും കോമ്പൻസേഷനും നിയമാനുസൃതം ഈടാക്കാത്തതു മൂലം ഉണ്ടായ ഈ അധിക ചെലവ് ( രൂ. 101308/-) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കി നഗരസഭാ നിധിയിൽ ഒടുക്കേണ്ടതാണ്.

| | | |
|---|---|---|
| *അനുബന്ധ വിവരങ്ങൾ : -* | | |
| *പദ്ധതി അടങ്കൽ* | *:-* | *രൂ.25,00,000/-* |
| *കരാർ നം.* | *:-* | *155/AEE/14-15 തീയതി 4.3.2015* |
| *അളവു പുസ്തകം നം* | *:-* | *19/14-15* |
| *ആകെ മൂല്യം(ടെണ്ടർ വ്യത്യാസം കിഴിച്ച്)* | *:-* | *20,67,139/-* |

| | | |
|---|---|---|
| *നികുതികളും മറ്റും കിഴിച്ച് കരാറുകാരന് നല്കിയ തുക* | *:-* | *രൂ.19,42,904/-* |
| *ഫൈനൽ ബിൽ വിവരങ്ങൾ* | *:-* | *Bill No. 323/31.3.2016 രൂ. 369177/-* |
| *മൂല്യ നിർണ്ണയം നടത്തിയത്* | *:-* | *ശ്രീ. വി. ശശിധരൻ നായർ, അസി. എഞ്ചിനീയർ* |
| *ചെലവു നടത്തിയ ഉദ്യോഗസ്ഥൻ* | *: -* | *ശ്രീമതി. എൻ. ഷൈനി, നഗരസഭാ എഞ്ചിനീയർ* |

## 3-9 ഗുണഭോക്തൃ സമിതി മുഖേന നടത്തിയ മരാമത്തു വേലകൾ – നിയമവിരുദ്ധമായി ചെലവു നടത്തി

ഗുണഭോക്തൃ സമിതി മുഖേന നടത്തുന്ന മരാമത്തു വേലകളുടെ ബിൽ തുക നല്കുന്നത് സമിതി കൺവീനർ ഹാജരാക്കുന്ന ചെലവുരേഖകളുടെ അടിസ്ഥാനത്തിലും സമിതി അംഗീകരിക്കുന്ന ചെലവു കണക്കുകളുടെയും അടിസ്ഥാനത്തിലും ആയിരിക്കണമെന്നും സമിതി അംഗീകരിക്കുന്ന ചെലവു കണക്കുകളിൽ അധികരിക്കുന്ന ബിൽ തുക നല്കാൻ പാടില്ല എന്നും സർക്കാർ മാർഗ്ഗ നിർദ്ദേശം ഉണ്ട്. എന്നാൽ കായകുളം നഗരസഭയിൽ 2015-16 വർഷം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്തു വേലകളുടെ ബിൽ തുക നല്കിയപ്പോൾ ടി നിർദ്ദേശങ്ങൾ പാലിക്കാതെ ബിൽ തുക കൺവീനർക്ക് നല്കിയതായി കാണുന്നു.

സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ ഇല്ലാതെയും ചെലവു കണക്കുകൾ ഗുണഭോക്തൃ സമിതി അംഗീകരിക്കാതെയും അളവു പുസ്തകം പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ മാത്രം കൺവീനർക്ക് തുക നല്കിയത് വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യങ്ങളെ തന്നെ തകർക്കുന്ന നടപടിയാണ്. താഴെ പറയുന്ന പ്രവൃത്തികളിൽ മിക്കതിന്റെയും കാര്യത്തിൽ സാധനങ്ങൾ വാങ്ങിയതിന്റെ രേഖകളായി കാണിച്ചിട്ടുള്ളത് *"വൗച്ചർ* " എന്ന പേരിൽ ചില വ്യക്തികൾ വെള്ളകടലാസിൽ തയ്യാറാക്കിയ കുറിപ്പടികളാണ്. ബന്ധപ്പെട്ട വ്യാപാര സ്ഥാപനങ്ങളുടെ ബില്ലുകളില്ല. അതുപോലെ ചിലവയുടെ കാര്യത്തിൽ മിനട്സ് ബുക്കിൽ കണക്കുകൾ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഗുണഭോക്തൃ സമിതി അംഗങ്ങളുടെ ഒപ്പുകളില്ല. കൺവീനറോ വാർഡ് കൗൺസിലറോ മാത്രമാണ് ഒപ്പു വെച്ചിട്ടുള്ളത്.

ഇത് സംബന്ധിച്ച വിശദീകരണമാരാഞ്ഞ് ഓഡിറ്റ് അന്വേഷണം ( നം,24/1-2-2017) നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല.

നിയമാനുസൃത രേഖകളില്ലാതെ താഴെപ്പറയുന്ന പദ്ധതികളുടെ പേരിൽ നടത്തിയ ചെലവ് (രൂ.62,75,113/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോ. നമ്പർ,<br>പ്രവൃത്തിയുടെ പേര്,<br>ഫയൽ നമ്പർ | കൺവിനറുടെ പേര്, എഗ്രി. നമ്പർ | MB നമ്പർ,<br>ആകെ മൂല്യം | ബിൽ നം.,<br>തീയതി,<br>ബിൽ തുക | കൺവീനർക്കു നല്കിയ തുക |
|---|---|---|---|---|---|
| 1 | 285/15,കരിക്കാപ്പള്ളി കൊച്ചപള്ളി റോഡ് മെറ്റലിങ്ങ് ടാറിങ്ങ്, | ഷൗക്കത്ത് 315/AEE/15-16 | 111/15-16<br>രൂ. | 138,<br>27.2.2016, | 283289 |

| | | | | | |
|---|---|---|---|---|---|
| | PW1-6288/15 | 28.12.15 | 343698/- | രൂ. 312596/- | |
| 2 | 323/16,ചെങ്ങോളിൽ റോഡ്-ആരുഢത്തിൽ റോഡ് മെയിന്റനൻസ്, PW1-6384/15 | ശിവദാസൻ, 225/AEE/15-16 10.8.15 | 112/15-16 രൂ. 243223/- | 185, 29.2.2016 രൂ. .247927 | 217792 |
| 3 | 221/16, നിറയിൽമുക്ക്-തിരുവമ്പാടി റോഡ് റീ ടാറിംഗ് PW1-6244/15 | വാസുദേവൻ, 278/EE/15-16 25.09.15 | 113/15-16 458143 | 184, 27.2.16 രൂ. 247209 | 247209 |
| 4 | 238/16, ഒ.എൻ.കെ ജംഗ്ഷനിൽ കിഴക്ക വശമുള്ള റോഡിൽ ഓടയും RC ചർച്ച് റോഡിൽ കോൺക്രീറ്റിംഗും PW1/6403 | നൗഷാദ് 250/EE/15-16 | 69/15-16 രൂ.249502 | 110, 21.01.16 രൂ. 233026 | 230672 |
| 5 | 251, അറയ്ക്കൽ ക്ഷേത്രം-മുണ്ടകത്തിൽ തോട് ഓടയും സ്ലാബ് നിർമ്മാണവും PW1-6255/15 | ഷാനിത 219/AEE/15-16 20.08.15 | 130/15-16 481000 | 194, 11.03.16 രൂ. 213537 | 444699 |
| 6 | 225, പെരുമ്പള്ളി റോഡ് ഓടയും കവറിംഗ് സ്ലാബ് നിർമ്മാണവും PW16247/15 | ഭാനുമതി അമ്മ 220/AEE/15-16 | 44/15-16 481016 | 85, 19.10.15 രൂ. 453530 | 448949 |

| | | | | | |
|---|---|---|---|---|---|
| 7 | 392,<br>ചെമ്മക്കാട് മനയശ്ശേരി റോഡ് കോൺക്രീറ്റിംഗ്<br>PW1/5387/15 | ഷാജഹാൻ<br>212/AEE/15-16 | 40/15-16<br>124986 | 93,<br>28.12.15<br>രൂ.<br>116732 | 115554 |
| 8 | 322,<br>വിളവയൽ റോഡ് കോൺക്രീറ്റിംഗ്<br>PW1/6383/15 | നാസർ | 33/15-16<br>497000 | 68,<br>23.09.15 | 459477 |
| 9 | 326,<br>ചേലപ്പറത്ത് റോഡും ക്രഷർ റോഡ് കളീക്കൽ റോഡ് റീ ടാറിംഗ്<br>PW16387/15 | വിശ്വനാഥൻ<br>362/AEE/15-16 | 74/15-16<br>456758 | 257,<br>28.03.16<br>രൂ.<br>286514 | 281853 |
| 10 | 220,<br>ഗുരുമന്ദിരം കെ.എച്ച്.എസ്സ് റോഡ് മെറ്റലിഗ്,ടാറിംഗ്<br>PW1-6243/15 | സതീഷ് കുമാർ<br>717/AEE/15-16 | 90/15-16<br>497864 | 167,<br>22.02.16<br>രൂ.<br>313571 | 308874 |
| 11 | 222,<br>തുണ്ടിൽമുക്ക്-കമ്പനിപ്പടി റോഡ് ടാറിംഗ്<br>PW16245/15 | T.C.ജോൺ<br>218/AEE/15-16<br>28.3.16 | 138/15-16<br>364365 | 218,<br>28.3.16<br>രൂ.<br>180751 | 177314 |
| 12 | 231,<br>സെക്രട്ടറി ക്വാർട്ടേഴ്സ്-കൊപ്പാറ റോഡ് റീ ടാറിംഗ്<br>PW16250/15-16 | ഷാജി<br>242/AEE/15-16 | 166/15-16<br>224839 | 218,<br>28.3.16<br>രൂ.<br>180751 | 177314 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 13 | 267,<br>തയ്യിൽ റോഡിൽ ഓട മെയിന്റനൻസ്<br>PW16269/15 | ഷാജഹാൻ<br>221/AEE/15-16<br>10.8.15 | 47/15-16<br>482208 | 91,<br>26.10.15<br>രൂ.<br>450364 | 445815 |
| 14 | 292,<br>സാധുപുരത്ത് ചേലിക്കുളങ്ങര റോഡ്<br>റീ ടാറിംഗ്<br>PW16323/15 | ആനന്ദ് രാജൻബാബു<br>288/AEE/15-16<br>25 9.15 | 182/15-16<br>595834 | 243,<br>28.03.16<br>രൂ.<br>257230 | 252552 |
| 15 | 291,<br>പുന്നക്കൽ കോളനി റോഡ് അറ്റകുറ്റപ്പണി<br>PW16322/15 | ഇർഷാദ് പൂക്കഞ്ഞ്<br>360/AEE/15-16<br>28.01.2016 | 181/15-16<br>307186 | 269,<br>30.03.15<br>161145 | 158073 |
| 16 | 279,<br>കുറ്റിക്കുളങ്ങര പായിക്കാട് റോഡ്<br>PW16282/15 | ഹസ്രത്ത്<br>268/AEE/15-16<br>15.9.2015 | 153/15-16 | 249,<br>28.03.2016 | 182857 |
| 17 | 281,<br>ഡമ്പിംഗ് യാഡിന് കിഴക്കുവശമുള്ള റോഡ് മെറ്റലിഗ്,ടാറിംഗും മണ്ടേൽ മണ്ടേൽ മണ്ണൂർ റോഡ് ഫില്ലിംഗ്<br>PW16284/15 | കൃഷ്ണകുമാർ<br>227/AEE/15-16<br>10.8.15 | 136/15-16<br>457304 | 212,<br>22.3.2016<br>രൂ.<br>312766 | 308452 |
| 18 | 277,<br>തോപ്പിൽ റോഡ് റീ ടാറിംഗ് | സാദിക്<br>252/AEE/15-16 | 106/15-16<br>498758 | 190,<br>11.3.16 | 240868 |

| | | | | | |
|---|---|---|---|---|---|
| | PW16280/15 | | | രൂ.<br>245573 | |
| 19 | 299,<br>തോട്ടമുഖപ്പിൽ റോഡ് ഫില്ലിംഗ് രണ്ടാം ഘട്ടം<br>PW1-6331/15 | ഷാജഹാൻ<br>249/AEE/15-16 | 126/15-16<br>458834 | 201,<br>22.3.16<br>രൂ.<br>428535 | 424206 |
| 20 | 366,<br>തെന്നാട്ട് റെയിൽവേ സ്റ്റേഷൻ റോഡ് മെയിന്റനൻസ്<br>PW1/10323/15 | ശ്രീകുമാരൻ<br>289/AEE/15-16<br>25.09.15 | 142/15-16<br>419758 | 226,<br>28.03.2016<br>രൂ.<br>283795 | 279840 |
| 21 | 359,<br>ഊട്ടുപുര കോമളത്ത് റോഡ് റീ ടാറിംഗ്<br>PW1/9805/15 | എൻ.കൃഷ്ണൻ നായർ<br>291/AEE/15-16<br>25.09.15 | 180/15-16<br>393360 | 258<br>28.3.16<br>രൂ.<br>273834 | 305925 |
| 22 | 332,<br>മണ്ണൂർ തൈക്കാവ് റോഡ് മെറ്റലിഗ്<br>PW16407/15 | അബ്ദുൾ അസീസ്<br>237/AEE/15-16 | 165/15-16<br>330897 | 245,<br>28.3.16<br>രൂ.<br>309047 | 305925 |
| 23 | 340,<br>പ്രൈവറ്റ് ബസ്സ്റ്റാന്റ് റോഡ് ഓടനിർമ്മാണം<br>PW1-J-3589/15 | ഹ്ഷുള്ള മുഹമ്മദ് ഹനീഫ്<br>203/15-16 | 15/15-16<br>243186 | 58,<br>10.09.15<br>രൂ.<br>227110 | 224813 |

| | |
|---|---|
| ആകെ | 62,75,113/- |

## 3-10 തെരുവുവിളക്ക് പരിപാലനം -അശാസ്ത്രീയമായി എസ്റ്റിമേറ്റ് തയ്യാറാക്കി- നഗരസഭക്ക് 17 ലക്ഷംരൂപയുടെ അധികചെലവ്.

നഗരസഭയുടെ 44 വാർഡുകളിലായി തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്കായി നാല് പ്രോജക്ടുകളാണ് തയ്യാറാക്കിയിരുന്നത്. 11വാർഡുകളെ ഒരു യൂണിറ്റായി കണക്കാക്കി ഇത്രയും വാർഡുകളിലേക്കുള്ള വിളക്കുകളുടെ പരിപാലനത്തിനായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി അതു പ്രകാരം ടെണ്ടർ ക്ഷണിച്ചാണ് പ്രവർത്തി നടപ്പിലാക്കിയത്. എന്നാൽ ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിലെ അപാകത കാരണം അധിക ചെലവു സംഭവിച്ചു. മാർക്കറ്റ് നിരക്കിലും ഭീമമായ വിലയും സർക്കാർ അംഗീകരിച്ചിട്ടുള്ള അറ്റകുറ്റപ്പണി ചാർജ്ജിലും വളരെയധികം ഉയർന്ന നിരക്കും നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. കരാറുകാരന് നൽകിയതുകയും അനുവദനീയമായ തുകയും താഴെ പറയുന്നു. അധിക ചെലവ് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

| വാർഡ്.നം./ കരാറുകാരൻ | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | | നൽകാവുന്ന തുക | | അധികം നൽകിയ തുക |
|---|---|---|---|---|---|
| | tube | 370x600=222000 | tube | 370x40=14800 | |
| | cfl | 60x150=9000 | cfl | 60x350=21000 | |
| | bulb | 66x50=3300 | bulb | 66x10=660 | |
| | labour | 528x443=233904<br>210x377=79170 | labour | 496x75=37200 | |
| | ആകെ-550000 | | ആകെ.73660 | | 382935 |
| agreed pac | 456595 | | | | |
| 12-22 | tube | 364x600=218400 | tube | 364x40<br>=14560 | |
| | cfl | 74x150=11100 | cfl | 74x350<br>=29500 | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | bulb | 80x50<br>=4000 | bulb | 80x10=800 | |
| | labour | 528x443=233904<br>150x377=56550 | labour | 518x75=38850 | |
| | LS | 1046 | | | |
| | TOTAL | 525000 | TOTAL | 83710 | |
| agreed<br>pac | | 517116 | | | 433406 |
| 23-33 | tube- | 448X600=268800 | tube- | 448*40=17920 | |
| | cfl | 97X150=14550 | CFL | 97*350=33950 | |
| | bulb | 72X50=3600 | bulb | 72*10=720 | |
| | labour | 528X443=233904<br>75X377=28275 | labour | 617*75=46275 | |
| | unforseen | 871 | | | |
| | TOTAL | 550000 | TOTAL | 98865 | |
| agreed<br>pac | | 496595 | | | 397730 |
| 34-44 | tube- | 464x600=278400 | tube | 464*40=18560 | |

| | | | | | |
|---|---|---|---|---|---|
| | cfl | 67x150=<br>10050 | cfl | 67*350<br>=23450 | |
| | bulb | 73x50<br>=3650 | bulb | 73*10=730 | |
| | labour | 528x443=233904<br>195x377=73515 | labour | 604*75=45300 | |
| | unforseen | 481 | | | |
| | TOTAL | 600000 | TOTAL | 88040 | |
| agreed<br>pac | 591000 | | | | 502960 |
| ആകെ അധിക ചെലവ് | | | | | 1717031 |

അധിക ചെലവ് രൂ. 1717031/- ഓഡിറ്റിൽ അനുവദിക്കുന്നില്ല. കൂടാതെ താഴെപറയുന്ന അപാകതകളും കാണുന്നു.

പൊതുഅപാകതകൾ.

1.നഗരസഭയിലെ മുഴുവൻ തെരുവുവിളക്കുകളുടെയും ഇനംതിരിച്ചുള്ള വിവരം, പോസ്റ്റ് നമ്പർ ഉൾപ്പെടുത്തിക്കൊണ്ട് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. ഈ രജിസ്റ്റർ പ്രകാരമുള്ള എണ്ണം അടിസ്ഥാനപ്പെടുത്തിയാണ് അറ്റകുറ്റപ്പണിക്കായി റിസർവ്വ് ചെയ്യേണ്ടത്. എന്നാൽ ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നഗരസഭക്ക് ആകെ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നോ അവയുടെ ഇന വിവരം സംബന്ധിച്ചോ നഗരസഭാ ജീവനക്കാർക്കോ ജന പ്രതിനിധികൾക്കോ അറിവില്ല. ഇപ്രകാരമൊരു കണക്കില്ലാതെയാണ് തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് അടക്കുന്നതും അറ്റകുറ്റപ്പണിക്ക് എ.എം.സി.നൽകിയിട്ടുള്ളതും.

2.മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3.മാറ്റിസ്ഥാപിച്ച വിളക്കുകളുടെ വിവരം രേഖപ്പെടുത്തുന്നതിന് ഒരു അൺ സർവ്വീസബിൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4.ഓരോ വാർഡിലും എത്രവിളക്കുകൾ എതിനം വിളക്കുകൾ അറ്റകുറ്റപ്പണി നടത്തി എന്നത് സംബന്ധിച്ച വിവരങ്ങൾ വാർഡ് കൗൺസിലറോ, ഇലക്ട്രിസിറ്റി ബോർഡോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.പഴയ ഉപകരണങ്ങൾ നഗരസഭയിൽ തിരികെ എൽപ്പിച്ചിട്ടില്ല.

<u>എസ്റ്റിമേറ്റിലെ അപാകത.</u>

1.മാർക്കറ്റ് നിരക്കിലും ഭീമമായവിലയും സർക്കാർ അംഗീകരിച്ചിട്ടുള്ള അറ്റകുറ്റപ്പണി ചാർജ്ജിലും (ഒരുപോളിന് 75രൂപ) വളരെയധികം ഉയർന്നനിരക്കും നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

2.വാർഡുകളിൽ വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് ട്യൂബ്സെറ്റുകൾ വാങ്ങേണ്ടതില്ല.കുറഞ്ഞവിലമാത്രം വരുന്നട്യൂബുകൾക്ക് പകരം 600 രൂപക്കുള്ള ട്യൂബ്സെറ്റുകളുടെ വിലഉൾപ്പെടുത്തി എസ്റ്റിമേറ്റ്

തയ്യാറാക്കി.അറ്റകുറ്റപ്പണിക്ക് അതായാവശ്യം വേണ്ട ക്ളാമ്പ്,ചോക്ക്,വയർ,മറ്റ് ആക്സസറീസ് എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയില്ല.

3..ഓരോപ്രോജക്ടും 5 ലക്ഷത്തിലധികം വരുന്നവയായിരുന്നു എങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതിക അനുമതി നൽകുകയോ ചെയ്തിട്ടില്ല. നഗരസഭയിലെ ഒരു ഓവർസിയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും , എം.ഇ.ക്കുവേണ്ടി പേരോ ഡെസിഗ്നേഷനോ രേഖപ്പെടുത്താതെ ഒരുഉദ്യോഗസ്ഥൻ ഇൻഷ്യൽ ചെയ്യുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 12/27-1-17) മറുപടി ലഭ്യമാക്കിയില്ല.

മേൽക്കാരണങ്ങളാൽ നിരാകരിക്കപ്പെട്ട 1717031രൂപ കഴിച്ച് ആകെ ചെലവിൽ ബാക്കിയായ 383275/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 36-ാം വാർഡിൽ 36W ന്റെ സിംഗിൾ ട്യൂബ് സെറ്റ് സ്ഥാപിക്കൽ - നടക്കാത്ത പ്രവർത്തിയുടെ പേരിൽ ചെലവു നടത്തി

| | | |
|---|---|---|
| പ്രോജക്റ്റ് നം. | :- | S075/16 |
| കരാറുകാരൻ | :- | ശ്രീജിത്ത് |

നഗരസഭയുടെ 35-ാം വാർഡിൽ 36 വാട്ടിന്റെ സിംഗിൾ ട്യൂബ് സെറ്റുകൾ സ്ഥാപിക്കുന്നതിനായി 197000/- രൂപ അടങ്കലുള്ള പദ്ധതി തയ്യാറാക്കി 179പുതിയ ട്യൂബ്സെറ്റുകൾ വാങ്ങി ഫിറ്റുചെയ്തു എന്നു കാട്ടി 192632/- രൂപാ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും പദ്ധതി നടപ്പാക്കാതെയാണ് തുക ചെലവഴിക്കപ്പട്ടത് എന്നു കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ചതിൽ അമ്മിണി ഏജൻസീസും, ശ്രീജിത്ത് എന്ന വ്യക്തിയും ടെണ്ടർ സമർപ്പിച്ചിരുന്നു. ഫിറ്റിംഗ് ഉൾപ്പെടെ 110/- രൂപ ക്വോട്ട് ചെയ്ത ശ്രീജിത്തിന്റെ ടെണ്ടർ അംഗീകരിച്ചു. 28-3-2015 ൽ ഏഴ് ദിവസത്തിനകം എഗ്രിമെന്റ് വക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. 7ദിവസത്തിനകം കരാറിൽ ഏർപ്പെട്ടില്ലെങ്കിൽ ഇ.എം.ഡി കണ്ടുകെട്ടുന്നതിനും റീടെണ്ടർ ചെയ്യുമെന്നും അറിയിച്ചിരുന്നു. എന്നാൽ ടിയാൻ എഗ്രിമെന്റ് വച്ചിട്ടുള്ളത് 10-7-15-ൽ മാത്രമാണ്. നിർദ്ദിഷ്ട സമയ പരിധി കഴിഞ്ഞിട്ടും pwd manual അനുശാസിക്കും പ്രകാരം കരാർ റദ്ദ ചെയ്യാതെ അടുത്ത സാമ്പത്തിക വർഷം ടിയാനെ ചുമതലപ്പെടുത്തിയത് ക്രമ പ്രകാരമല്ല.

2. സാധനങ്ങളുടെ ഗ്യാരണ്ടിയെകുറിച്ചോ, തുടർ സേവനത്തെ പറ്റിയോ യാതൊരു വിവരവും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ഒരു ഇലക്ട്രിക്കൽ കരാറുകാരനു മാത്രമേ തെരുവു വിളക്കുമായി ബന്ധപ്പെട്ട വൈദ്യുതി ഉപകരണങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിനോ, ഫിറ്റു ചെയ്യുന്നതിനോ ഉള്ള അധികാരം ഉള്ളൂ. കരാർ ഏറ്റെടുത്ത ശ്രീജിത്ത് ഇലക്ട്രിക്കൽ കരാറുകാരനാണെന്നതിന് രേഖകളില്ല.

4. പുതിയ ഫിറ്റിംഗുകൾക്ക് ഇലക്ട്രിസിറ്റി ബോർഡിന് സൂപ്പർവിഷൻ ചാർജ്ജ് നൽകേണ്ടതുണ്ട്. എന്നാൽ നഗരസഭ സൂപ്പർവിഷൻ ചാർജ്ജ് ഇനത്തിൽ തുകയൊന്നും ഇലക്ട്രിസിറ്റി ബോർഡിന് അടച്ചിട്ടില്ല. മുൻ വർഷങ്ങളിൽ 36-ാം വാർഡിൽ ലൈൻ നീട്ടൽ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. ട്യൂബ്സെറ്റ് ഇൻസ്റ്റാൾ ചെയ്യാത്ത ലൈനുകൾ ഇല്ലാതെ പുതിയ ട്യൂബ് സെറ്റുകൾ ഇൻസ്റ്റാൾ ചെയ്തു എന്നതും ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതിയില്ലാതെ ഇലക്ട്രിക്കൽ കാരാറുകാരനല്ലാത്ത ഒരാൾ നിലവിലുള്ള ലൈനിൽ 179പുതിയ ട്യൂബ്സെറ്റുകൾ വാങ്ങി ഫിറ്റുചെയ്തു എന്നതും യുക്തിക്കു നിരക്കുന്നതല്ല.

5. ട്യൂബ്സെറ്റുകൾ ഇൻസ്റ്റാൾ ചെയ്തതായി ഇലക്ട്രിസിറ്റി ബോർഡിന്റെയോ, വാർഡ് കൗൺസിലറുടെയോ സാക്ഷ്യപ്പെടുത്തലില്ല. 179ട്യൂബ് സെറ്റുകൾ പുതുതായി ഇൻസ്റ്റാൾ ചെയ്യപ്പെട്ടിട്ടും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ വർദ്ധനവ് വന്നിട്ടില്ല.

6. പ്രവൃത്തിയുടെ അളവു രേഖപ്പെടുത്തിയതായി പറയുന്ന എം.ബുക്ക് 4/10-11പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7. ഈ വാർഡിലെ നിലവിലുള്ള വിളക്കുകൾ മാറ്റിയിടുന്നതിനായി പ്രോജക്ട് നം. 273ആയി 600000/- രൂപയുടെ പ്രോജക്ട് തയ്യാറാക്കി 591000/-രൂ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവർത്തി കരാർ എടുത്തത് ശ്രീ.മുരളീധരൻ നായർ എന്ന വ്യക്തിയായിരുന്നു എങ്കിലും സാമ്പത്തിക ഈടപാടുകൾ നടത്തുന്നതിന് ഈ പ്രവർത്തിക്കായി കരാർ എടുത്ത

ശ്രീജിത്തിനെ ചുമതലപ്പെടുത്തുകയും ടിയാൻ തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

മേൽക്കാരണങ്ങളിൽ നിന്നും പുതിയ ട്യൂബ്സെറ്റുകൾ മാറ്റിയിടുന്ന പ്രവർത്തി നടന്നിട്ടില്ല എന്ന് വ്യക്തമാണ്. ആയതിനാൽ ഈ പ്രവർത്തിയുടെ പേരിൽ നടത്തിയ 192632/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

---------------------------------------------------------------------------------------------------

| | | |
|---|---|---|
| *അനുബന്ധ വിവരങ്ങൾ : -* | | |
| *പദ്ധതി അടങ്കൽ* | :- | *രൂ.197000/-* |
| *കരാർ നം.* | :- | *1209/AEE/2015 തീയതി 10-7-2015.* |
| *അളവു പുസ്തകം നം* | :- | *24/10-11* |
| *ആകെ മൂല്യം(ടെണ്ടർ വ്യത്യാസം കിഴിച്ച്)* | :- | *രൂ. 192632 /-* |
| *നികുതികളും മറ്റും കിഴിച്ച് കരാറുകാരന് നല്കിയ തുക* | :- | *രൂ.181055/-* |
| *ഫൈനൽ ബിൽ വിവരങ്ങൾ* | :- | *Bill No. ,,,,,,,,,,,,,,,,,,,, തീയതി 29-09.2015* |
| *ചെലവു നടത്തിയ ഉദ്യോഗസ്ഥൻ* | :- | *ശ്രീമതി. എൻ. ഷൈനി,*<br>*നഗരസഭാ എഞ്ചിനീയർ* |

## 3-12 സി.ഡി.എസ്സ് ട്രയിനിഗ് സെന്റർ - ലക്ഷ്യം കൈവരിച്ചില്ല, ലക്ഷങ്ങൾ പാഴായി

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വ്യവസായ വികസന കോംപ്ലക്സിൽ ഒരു സി.ഡി.എസ്സ് ട്രയിനിംഗ് സെന്റർ പണിയുന്നതിനായി താഴെ പറയും പ്രകാരം തുകകൾ വിവിധ ഏജൻസികൾ വഴി ചെലവു വന്നിട്ടുണ്ട്.

| ക്രമ.നം. | പ്രോജക്ടിന്റെ പേര്.നം. & ഫയൽ നം. | പ്രവർത്തിയുടെ വിവരം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | നഗരസഭ.സി.ഡി.എസ്സ് ട്രയിനിംഗ് കെട്ടിടം പൂർത്തീകരണം.<br>പ്രോജക്ട്352/16 (ഫയൽ. PW 1.9797/15)<br>എം.ബുക്ക്.നം .60/15-16<br>കൺവീനർ.ശ്രീ.ഇ.ഹാരീസ് | പ്രസ്തുത പ്രോജക്ടിൽ 495000/- രൂപയുടെ പ്രവർത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്.<br>251.75m2 സെറാമിക് ടൈൽപാകൽ കതക്, ജനൽ, ബാത്ത്റൂം കതക്, ടൈൽ പാകൽ ഇവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. | 4,95,000 |

| | | | |
|---|---|---|---|
| | കുറുപ്പന്റയ്യത്ത് | | |
| 2 | ഫയൽ നം PW1J.6385/15 പ്രോജക്റ്റ്.നം. 324/14<br>ടോയിലറ്റ് & ബേസിക് ഫെസിലിറ്റീസ് ഫോർ മുൻസിപ്പൽ ട്രയിനിഗ് സെന്റർ<br>എം.ബുക്ക്. 59/15-16<br>ശ്രീ.ഷഹിൻഷാ.കോ | സെന്ററിന്റെ സെക്കന്റ് ഫ്ലോർ RCC പില്ലർ നിർമ്മിച്ച് ട്രസ്സ് വർക്ക് ചെയ്യുന്നതിനും, ടോയിലറ്റ് റൂം നിർമ്മാണവും.<br>ഈപ്രവർത്തിക്കായി രണ്ട് ബില്ലുകളിലായി 1349450/- രൂപ ചെലവഴിച്ചു. | 13,49,450 |
| 3 | ലൂഡിലൂയിസ്സ് .എം.എൽ.എ.ഫണ്ട്.<br>സി.ഡി.എസ്സ് ട്രയിനിംഗ്സെന്റർ കെട്ടിടം.മെസ്സ്ഹാൾ.<br>എം.ബുക്ക്.നം.61/15-16<br>കൺവീനർ.ശ്രീ.ഹാരിസ്. | മെസ്സ്ഹാൾ നിർമ്മാണം | 10,00,000 |
| 4 | ബഹു.എം.പി, ശ്രീ.വേണുഗോപാലിന്റെ ഫണ്ടിൽ നിന്ന് കെട്ടിടനിർമ്മാണം. | രൂ.2000000/- മുതുകുളം ബ്ലോക്ക് ഓഫീസ് വഴി ചെലവഴിച്ചു. ചെലവുരേഖകൾ ഈ ഓഫീസിൽ ലഭ്യമല്ല. | 20,00,000 |
| 5 | ശ്രീ.എ.കെ ആന്റണിയുടെ ഫണ്ടിൽനിന്ന് വിഹിതം. | മുതുകുളം ബ്ലോക്ക് ഓഫീസ് വഴി ചെലവഴിച്ചു. ചെലവുരേഖകൾ ഈ ഓഫീസിൽ ലഭ്യമല്ല. | 500000 |
| 6 | ഗ്രൌണ്ട് നിരപ്പാക്കൽ ഫയൽ.നം. PW3.10755/15<br>ചെക്ക്.നം.8765 dt.29-1-2015 | 54m$^3$ ഗ്രാവൽ | 38200 |
| 7 | ഉത്ഘാടനചെലവ്<br>വൌച്ചർ.നം.39/6-512 തീ.24-2-2014, (ഫയൽ.നം.kmc/upa /2176/2014)<br>2.PH1.10652/15<br>vr no.52/10/15 & che.no.8795 dt.27-10-2015 -71000<br>vr.no.53/10/15 & che.no.8795 | | 20000<br>160145 |

| | | | |
|---|---|---|---|
| | dt.27-10-2015-35000<br>vr.no.54/10/15 & che.no.8795 dt.27-10-2015-34145<br>(ഫയൽനം.pw3.10755/15) | | |
| 8 | ഫർണീച്ചർ , വൈദ്യുതി ഉപകരണങ്ങൾ വാങ്ങൽ.<br>വൌച്ചർനം.70/15-16<br>dt.1-3-016<br>71/15-16 dt.21-3-2016 | 18"*7" ഫോൽഡിഗ് ടെബിളുകൾ,<br>44എണ്ണം<br>500 കസേരകൾ | 317201 |
| ആകെ ചെലവ് | | | 5879996/- |

എം.പി. വേണഗോപാൽ ഫണ്ടിൽനിന്ന് ആദ്യകെട്ടിട നിർമ്മാണം നടന്നപ്പോൾ 2004ൽ ഉത്ഘാടനം നടത്തിയിരുന്നു. എങ്കിലും കെട്ടിടത്തിന്റെ മുകളിൽ രണ്ടു നിലകളും മെസ്സ്ഹാളും പണിഞ്ഞതിനു ശേഷം വീണ്ടും ഉത്ഘാടനം നടത്തുകയും ഒന്നര ലക്ഷത്തിലധികം തുക ചെലവഴിക്കുകയും ചെയ്തു. കൂടാതെ സദ്യക്ക് ഉപയോഗിക്കുന്ന തരം ഫോൾഡിംഗ് ടേബിളുകൾ, പ്ളാസ്റ്റിക് കസേരകൾ എന്നിവ വാങ്ങിയിരുന്നത് കെട്ടിടത്തിന്റെ രണ്ടാം നിലയിൽ ഉപയോഗിക്കാതെ പൂട്ടിയിട്ട നിലയിലാണ്. കെട്ടിടം നാളിതുവരെ സി.ഡി.എസ്സ് മുഖാന്തിരമോ അല്ലാതെയോ ഉള്ള യാതൊരുവിധ ട്രയിനിംഗുകൾക്കോ സംരംഭങ്ങൾക്കോ ഉപയോഗിക്കപ്പെട്ടിട്ടില്ല. അരക്കോടിയിലധികം തുക ചെലവഴിക്കപ്പെട്ടെങ്കിലും ലക്ഷ്യം കൈവരിക്കാതെ കെട്ടിടം പ്രാവിൻ വിസർജ്ജ്യം നിറഞ്ഞ് കിടക്കുന്നു.

കെട്ടിടം ഉപയോഗപ്രദമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെയും ഭരണ വകുപ്പിന്റെയും പ്രത്യക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 അഗതി ആശ്രയ - പദ്ധതി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല - അഗതികൾ അവഗണിക്കപ്പെടുന്നു

ആശ്രയപദ്ധതി പ്രകാരം ഭക്ഷണം, മരുന്ന് തുടങ്ങിയ അതിജീവനാവശ്യങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിറവേറ്റപ്പെടേണ്ടതും, വീട് വെയ്ക്കാൻ സ്ഥലം, വീട്, കുടിവെള്ളം, കക്കൂസ്സ്, വീട് റിപ്പയർ തുടങ്ങി അടിസ്ഥാന ആവശ്യങ്ങൾക്കുള്ള ഫണ്ട് സ്ഥാപനം വഹിക്കേണ്ടതുമാണ്. പദ്ധതി നിർദ്ദേശങ്ങൾ പ്രകാരം അടിസ്ഥാന ആവശ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന പ്രോജക്ടുകളിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടത്. എന്നാൽ ആശ്രയ പദ്ധതിയിൽപ്പെടുന്നവർക്കായി തുച്ഛമായ തുക വകയിരുത്തി പ്രത്യേക പദ്ധതികൾ തയ്യാറാക്കി ചെലവു ചെയ്യുന്ന രീതിയാണ് പിൻതുടരുന്നത്. ഏറ്റവും അർഹരായവരുടെ ആവശ്യം നിറവേറ്റപ്പെടുന്നതിന് മുമ്പ് അതിലും ഉയർന്ന ശേഷിയുള്ള മറ്റു വിഭാഗങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നു. 2010ൽ തയ്യാറാക്കിയ ലിസ്റ്റിൽനിന്ന് പകുതിയിൽ താഴെ പേർക്കു മാത്രമേ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെട്ടിട്ടുള്ളൂ. ആശ്രയ പദ്ധതിയിൽപ്പെട്ടവരുടെ ആവശ്യങ്ങൾ വർഷങ്ങൾക്കു ശേഷവും നിറവേറ്റപ്പെടാതെ പോകുന്നു. ഇത് തീർത്തു നിരാശാ ജനകമാണ്. അടിസ്ഥാന സൗകര്യ വികസനത്തിൽ അഗതി കുടുംബാംഗങ്ങൾക്ക് പ്രഥമ പരിഗണന നൽകുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കുന്നതിന് ഭരണസമതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ആശ്രയ ഗുണഭോക്താക്കളുടെ എണ്ണം, അടിസ്ഥാന സൗകര്യങ്ങൾക്ക് ലഭിച്ച ആനുകൂല്യങ്ങൾ ഇവയുടെ വിവരം താഴെ കൊടുക്കുന്നു

1. ആനുകൂല്യങ്ങൾ നൽകിയതിന്റെ വിവരങ്ങൾ

| ഇനം. | ഒന്നാംഘട്ടം | രണ്ടാംഘട്ടം |
|---|---|---|
| ഗുണഭോക്താക്കളുടെഎണ്ണം. | 108 | അംഗീകാരം ലഭിച്ചിട്ടില്ല. |
| വീട് വെക്കാൻ സ്ഥലം ആവശ്യമുള്ളവർ. | 89 | |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 35 | |
| വീട് ആവശ്യമുള്ളവർ | 89 | |
| വീട് ലഭിച്ചവർ | 35 | |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 89 | |
| ആനുകൂല്യം ലഭിച്ചവർ | 1 | - |
| കക്കൂസ്സ് ആവശ്യമുള്ളവർ | 89 | |
| നാളിതുവരെ ലഭിച്ചവർ | 30 | |
| കുടിവെള്ളം ആവശ്യമുള്ളവർ | 89 | |
| നാളിതുവരെ ലഭിച്ചവർ | 18 | - |
| കരണ്ട് ആവശ്യമുള്ളവർ | 89 | |
| നാളിതുവരെ ലഭിച്ചവർ | 35 | |

2. വിലയിരുത്തൽ സമതികൾ നിഷ്ക്രിയം

ആശ്രയ പദ്ധതി മോണിറ്ററിംഗിനായി ഒരു വിലയിരുത്തൽ ഉപസമതി രൂപീകരിക്കേണ്ടതാണ്. ചെയർമാൻ അദ്ധ്യക്ഷനായും, ക്ഷേമകാര്യ സ്റ്റാന്റിഗ് കമ്മറ്റി ചെയർപെഴ്സൺ, സെക്രട്ടറി, സി.ഡി.എസ്സ് ചെയർപെഴ്സൺ ,മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ സി.ഡി.എസ്സിലെ ആശ്രയയുടെ ചുമതലയുള്ള അംഗം, ഈ രംഗത്ത പ്രവർത്തിക്കാൻ താത്പര്യമുള്ള രണ്ട് സാമൂഹ്യ പ്രവർത്തകർ എന്നിവർ അംഗങ്ങളായുള്ള ഈ സമതി ആശ്രയ പ്രോജക്റ്റുകൾ മോണിറ്റർ ചെയ്യേണ്ടതും രണ്ടു മാസത്തിൽ ഒരിക്കൽ സമതി നിർബന്ധമായും ആശ്രയ പദ്ധതി നടത്തിപ്പുകൾ വിലയിരുത്തേണ്ടതാണ്. എന്നാൽ ഈ വിധത്തിലുള്ള വിലയിരുത്തലുകൾ ഭരണസമതിയുടെ ഭാഗത്തു നിന്നോ സി.ഡി.എസ്സിന്റെ ഭാഗത്തുനിന്നോ ഉണ്ടാകുന്നില്ല. ചലഞ്ച് ഫണ്ട് ഇനത്തിൽ ലഭിച്ച തുകയിൽ നിന്ന് ഭക്ഷണം നടത്തുന്നു എന്നല്ലാതെ മറ്റ് അടിസ്ഥാന ആവശ്യങ്ങളോ, അതിജീവനാവശ്യങ്ങളോ തിട്ടപ്പെടുത്തുകയോ പരിഹരിക്കപ്പെടുകയോ ചെയ്യുന്നില്ല. രണ്ടാംഘട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് താമസംവിനാ അംഗീകരിച്ച് വാങ്ങേണ്ടതും, ഒന്നാം ഘട്ട ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ പുനർനിർണ്ണയിക്കേണ്ടതും അടിസ്ഥാന ആവശ്യങ്ങൾക്ക് അർഹരായവരെ അതാത് ഗുണഭോക്തൃ പട്ടികയുടെ ആദ്യ ഗുണഭോക്താക്കളായി പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

3.ചലഞ്ച് ഫണ്ട് - നീക്കിയിപ്പ് വിവരം

കായംകുളം നഗരസഭയ്ക്ക് അഗതി ആശ്രയ പദ്ധതിക്കായുള്ള ഒന്നാം ഘട്ട ചലഞ്ച് ഫണ്ടിനത്തിൽ 10,00,000/- രൂപ ലഭിച്ചിരുന്നു. രണ്ടാം ഘട്ട ലിസ്റ്റിന് അംഗീകാരം ലഭിച്ചിട്ടില്ല. ആശ്രയ പദ്ധതി അക്കൗണ്ടിൽ 31-3-016 ൽ 2057746.65 രൂപ അവശേഷിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി ലഭിച്ചതുകയിൽ 9,61,660/- രൂപ ചെലവഴിക്കാതെ ഈ അക്കൗണ്ടിൽ നിൽക്കുന്നു. തുക അർഹരായ ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4ചലഞ്ച് ഫണ്ട് വിനിയോഗം വിപുലപ്പെടുത്തണം

ഭക്ഷണത്തിനു വേണ്ടി മാത്രമാണ് ഇപ്പോൾ ചലഞ്ച് ഫണ്ട് ഉപയോഗിക്കപ്പെടുന്നത്. അഗതി ആശ്രയ പദ്ധതിയിലെ മിക്ക അംഗങ്ങളും പല രോഗങ്ങൾക്കും അടിമകളാണ്. എങ്കിലും ചികിൽസാ സഹായം ലഭിക്കുന്നില്ല. GO(MS)NO.4/2016 DT.11-1-2016 പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗ്ഗ നിർദ്ദേശം അനുബന്ധം 13 ഖണ്ഡിക 6-3(9) പ്രകാരം അഗതി കുടുംബങ്ങൾക്ക് ചികിൽസാ ചെലവ് സൗജന്യമായി ലഭ്യമാക്കണമെന്നും ആവശ്യമെങ്കിൽ അഗതി പുനരധിവാസ ഫണ്ടിൽ നിന്നും തുക ചെലവഴിക്കാമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അർഹരായവർക്ക് ചികിൽസാ രേഖകളും ബില്ലുകളും ഹാജരാക്കുന്ന മുറക്ക് ചികിൽസാ സഹായം നൽകാവുന്നതാണ്. കൂടാതെ ഖണ്ഡിക 6-11(9) പ്രകാരം ചലഞ്ച് ഫണ്ടിന്റെ 1% റിസർവ് ഫണ്ടായി സൂക്ഷിക്കാവുന്നതും അഗതി കുടുംബാംഗങ്ങൾക്ക് പെട്ടെന്നുണ്ടാകുന്ന അത്യാഹിതങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ ഇവയ്ക്ക് സി.ഡി.എസ്സ് തീരുമാന പ്രകാരം ചെലവഴിക്കാവുന്നതുമാണ്. അഗതി കുടുംബങ്ങളെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും ലഭ്യമായ ഫണ്ട് ചെലവഴിക്കുന്നതിനും ജീവനക്കാരും ഭരണ സമതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-14 ഉത്പാദനമേഖലയ്ക്ക് അർഹമായ പ്രാധാന്യം നൽകുന്നില്ല - വകയിരുത്തിയതിൽ ചെലവഴിച്ചത് തുച്ഛമായ തുക

2015-16 വർഷം കാർഷികമേഖലയിലെ പദ്ധതികൾക്ക് വികസനഫണ്ട്/ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും വകയിരുത്തിയതിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്. | വകയിരുത്തിയ തുക. | ചെലവഴിച്ച തുക. | ചെലവ് ശതമാനം. |
|---|---|---|---|---|
| 1. | സമഗ്രതെങ്ങുകൃഷി-ജനറൽ.(204/16) | 440350 | 6966 | 1.6 |
| 2. | സമഗ്രതെങ്ങുകൃഷി-എസ്.സി.പി.(203/16) | 107160 | 1608 | 1.5 |
| 3. | സമഗ്രകൃഷി വികസനം-ജനറൽ.(205/16) | 347243 | 6908 | 2 |
| 4. | സമഗ്രകൃഷി വികസനം-എസ്.സി.പി.(206/16) | 125258 | 9000 | 7 |
| 5. | തെങ്ങിന് വളം-എസ്.സി.പി. | 200000 | ഇല്ല. | 0 |
| 6. | പച്ചക്കറികൃഷിയ്ക്ക് ഗ്രോബാഗ്-ജനറൽ. (345/16) | 660000 | 68400 | 10 |

| | | | | |
|---|---|---|---|---|
| 7. | പച്ചക്കറികൃഷിയ്ക്ക് ഗ്രോബാഗ്-എസ്.സി.പി. (346/16) | 264000 | 4800 | 2 |

വിവിധ പദ്ധതികൾക്കായി വകയിരുത്തിയതിൽ ശരാശരി 3.4ശതമാനം തുക മാത്രമാണ് തൻവർഷം ചെലവഴിച്ചത്. ക്രമ നം. ഒന്നു മുതൽ അഞ്ചു വരെയുള്ള പദ്ധതികൾ തൻവർഷം സ്പിൽ ഓവറായി നടപ്പാക്കിയതാണ്. പദ്ധതി നിർവ്വഹണത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ പലരും അക്കൗണ്ട് എടുക്കുന്നതിലും ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നതിനും തയ്യാറാകാഞ്ഞതാണ് വകയിരുത്തിയതിലും വളരെ കുറച്ചു തുക മാത്രം ചെലവഴിയ്ക്കാനുണ്ടായ കാരണമെന്ന് ആ കാലയളവിലെ നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകി. തൻവർഷം നടപ്പാക്കിയ ഗ്രോബാഗ് വിതരണ പദ്ധതിയിലെ ചെലവ് ശതമാനം കുറഞ്ഞതിന് നിർവഹണ ഉദ്യോഗസ്ഥ വ്യക്തമായ മറുപടി നൽകിയില്ല.

നെൽകൃഷി പ്രോത്സാഹിപ്പിയ്ക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിയ്ക്കാത്തതിനുള്ള കാരണത്തിന്, കായംകുളം കായലിനോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ ഉപ്പുവെള്ള ഭീഷണിയുള്ളതിനാൽ ആ സ്ഥലങ്ങളിൽ നെൽകൃഷി ചെയ്യാൻ കഴിയുന്നില്ല എന്നും സാധ്യമായ മറ്റു സ്ഥലങ്ങളിൽ വകുപ്പു തല ഫണ്ട് ഉപയോഗിച്ച് നെൽകൃഷി ചെയ്തിട്ടുണ്ടെന്നും അറിയിച്ചു.

മൃഗസംരക്ഷണമേഖലയിലും തൻവർഷം വളരെ കുറച്ചുമാത്രം തുകയാണ് ചെലവഴിച്ചത്. മുട്ടക്കോഴി വളർത്തൽ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 131825/- രൂപയും എസ്.സി.പി യ്ക്കായി 215176/- രൂപയും വികസന ഫണ്ടിൽ നിന്നും വകയിരുത്തിയെങ്കിലും യഥാക്രമം 67925/- രൂപയും, 5055/- രൂപയുമാണ് ചെലവഴിച്ചത്. അംഗീകാരം ലഭിച്ച പശു വളർത്തൽ - എസ്.സി.പി- സ്പിൽഓവർ, മുട്ടക്കോഴി വളർത്തൽ - എസ്.സി.പി പദ്ധതികൾ നടപ്പാക്കിയിട്ടുമില്ല. പദ്ധതികൾ നടപ്പാക്കാതിരുന്നതിന്റെയും നടപ്പാക്കിയതിൽ കുറച്ച് തുക മാത്രം ചെലവഴിയ്ക്കാനുമുണ്ടായ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/25.1.17 നുള്ള മറുപടിയിൽ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ, അംഗീകാരം ലഭിച്ച് നടപ്പാക്കി വരുന്ന പദ്ധതികളാണെങ്കിലും ആയത് നിർത്തിവെയ്ക്കണമെന്ന കളക്ടറുടെ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിലാണ് മുട്ടക്കോഴി വിതരണം നടപ്പാക്കാതിരുന്നതെന്ന് അറിയിച്ചു. സാമ്പത്തിക വർഷം അവസാനത്തിലാണ് തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നത്. ആയതിനാൽ, നേരത്തെ തന്നെ അംഗീകാരം ലഭിച്ചതും ആവശ്യത്തിന് ഗുണഭോക്താക്കളുള്ളതുമായ പദ്ധതി വർഷാവസാനം വന്ന തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം കാരണം പൂർണ്ണമാക്കാനായില്ല എന്ന നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിയ്ക്കാനാവില്ല.

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഉത്പാദന മേഖലയ്ക്ക് മുന്തിയ പരിഗണന അനിവാര്യമായിരുന്നിട്ടും കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന പ്രദേശമായിരുന്നിട്ടും അതിന് സഹായകമായ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ഓഫീസുകളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല എന്നത് ശരിയായ പ്രവണത അല്ല. വകയിരുത്തുന്ന തുക പൂർണ്ണമായും ഉത്പാദന മേഖലയുടെ സമഗ്ര വികസനത്തിനായി പ്രയോജനപ്പെടുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിയ്ക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 3-15 റവന്യൂ സെക്ഷൻ കൗണ്ടർ സ്ഥാപിക്കൽ - പ്രോക്യുവർമെന്റ് മാന്വൽ അവഗണിച്ചു

പ്രോജക്ട്നം. :- 89/16

റവന്യൂ സെക്ഷനിൽ കൗണ്ടർ സ്ഥാപിക്കുന്നതിനായി 466000/- രൂയുടെ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു. പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പ്രൊക്യുവർമെന്റ് മാനുവൽ അനുസരിച്ചല്ല വാങ്ങൽ നടത്തിയത്

ഒരു ലക്ഷത്തിൽ അധികരിച്ച വാങ്ങലായിട്ടും ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല. സിഡ്കോ പോലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ സ്വന്തമായി നിർമ്മിക്കുന്ന ഉപകരണങ്ങൾ മാത്രമേ ടെണ്ടർ നടപടികൾ കൂടാതെ അവരിൽ നിന്നും നേരിട്ട് വാങ്ങാൻ അനുവാദമുള്ളൂ. ഇതിന് വിരുദ്ധമായി സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. തത്ഫലമായി മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കുന്നതിനുള്ള അവസരം നഷ്ടമായി. പ്രോജക്ടിൽ

വകയിരുത്തിയ തുകക്ക് വാങ്ങൽ നടത്തി.

2.സാധനങ്ങളുടെ ഗുണമേന്മ സംബന്ധിച്ചും വില്പനാനന്തര സേവനം സംബന്ധിച്ചുമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കരാർവച്ചിട്ടില്ല.

3.12-5-2016ൽ സിഡ്കോ പാർട്ടീഷൻ വർക്കുകൾ പൂർത്തിയാക്കി എന്നും പേയ്മെന്റ് നല്കണം എന്നും ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ 31-3-2016 ൽ തന്നെ ഇതിനായി ബിൽ തയ്യാറാക്കി തുക പിൻവലിച്ചിട്ടുണ്ട്. എന്നാണ് സിഡ്കോയ്ക്ക് തുക നൽകിയത് എന്നത് സംബന്ധിച്ച് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പിൻവലിച്ച തുക മാസങ്ങളോളം കൈവശം സൂക്ഷിച്ചതിന് വിശദീകരണം നൽകിയിട്ടില്ല.

----------------------------------------------------------------------------------------------------

*അനുബന്ധ വിവരങ്ങൾ :-*

*ചെവിന്റെ വിശദാംശം*

*ബിൽ നം. 311/16 തീയതി 31-3-016 രൂ. 200000 /-*

*ബിൽ നം. 312/16 തീയതി 31-3-016 രൂ. 200000 /-*

*ബിൽ നം. 313/16 തീയതി 31-3-016 രൂ. 66000/-*

## 3-16 പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണം, നിർവഹണം - അപാകതകൾ

പശ്ചാത്തല മേഖലയിൽ മറ്റ് മേഖലകളെ അപേക്ഷിച്ച് കൂടുതൽ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നുണ്ട്. പദ്ധതി തുക വിവിധ വാർഡുകളിലായി വീതിച്ച് നൽകുന്ന പ്രവണത തുടരുന്നതിനാൽ ചെറിയ അടങ്കലുള്ള അനേകം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാൻ ഈ വിഭാഗം നിർബന്ധിതമാകുന്നു.

2015-16 വർഷം വിവിധ പ്രോജക്ടുകൾക്കായി 15,71,74,312/- രൂപ വകയിരുത്തുകയും 5,93,08,668/- രൂപയുടെ പ്രോജക്ടുകൾ നടപ്പിലാക്കുകയും ചെയ്തു. പല പ്രോജക്ടുകളും 100000/- രൂപയോ അതിൽ താഴെയോ മാത്രം അടങ്കലുള്ളവയായിരുന്നു.

പ്രോജക്ടുകളുടെ ബാഹുല്യം കാരണം പരിമിതമായ സ്റ്റാഫ് മാത്രമുള്ള സാഹചര്യത്തിൽ മുഴുവൻ സൈറ്റുകളും സന്ദർശിച്ച് പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധ്യമല്ല. ഇത് മരാമത്ത് പണികളുടെ ക്വാളിറ്റിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഓഡിറ്റ് ടിം പ്രാദേശിക പരിശോധന നടത്തിയ സൈറ്റുകളിൽ എല്ലാം തന്നെ എം. ബുക്ക് പ്രകാരമുള്ള അളവുകളും പ്രവർത്തികളും യഥാർത്ഥത്തിൽ നടത്തിയ പ്രവർത്തികളും അളവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണപ്പെടുകയുണ്ടായി. അതുപോലെ, ഒരു പ്രവർത്തി തന്നെ പല പ്രോജക്ടുകളാക്കി ചെയ്യുന്നു. ഉദാഹരണം. സി.ഡി.എസ്സ്. ട്രയിനിംഗ് സെന്റർ, പഴയ ഫയർ സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം. കെട്ടിട നിർമ്മാണ പ്രോജക്ടുകളിൽ പ്ലംബിംഗ്, വയറിംഗ് ഉൾപ്പെടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ബഹുവർഷ പ്രോജക്ടുകളായി ചെലവ് നടത്തുകയും ചെയ്യുന്നതിനു പകരം ഭാഗികമായ പ്രവർത്തികൾ ഉൾപ്പെടുത്തിക്കൊണ്ട് ഓരോ വർഷവും പ്രത്യേകം പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കുന്നു. ഇത് നഗരസഭക്ക് വൻ നഷ്ടത്തിന് കാരണമാകുന്നു.

തൻവർഷം മൂന്ന് കോടിയിലധികം തുക പദ്ധതി നടത്തിപ്പിലെ മെല്ലെപ്പോക്കു കാരണം നഗരസഭക്ക് നഷ്ടമാകുകയുണ്ടായി.

അടങ്കൽ തുകയിൽ വർദ്ധനവ് വരുത്തിക്കൊണ്ട് പ്രോജക്ടുകളുടെ എണ്ണത്തിൽ കുറവു വരുത്തുന്നതിനും പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ വർഷാരംഭം മുതൽ തന്നെ തുടങ്ങുന്നതിനും ബന്ധപ്പെട്ടവർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-17 കിണർ നിർമ്മാണം - ഇടനാടിന് ബാധകമായ നിരക്കിൽ സബ്സിഡി നൽകി - അധിക ചെലവ്

നിർവ്വഹണം - എസ്.സി.ഡി.ഒ.

16.11.2013-ലെ സ.ഉ.(എം.എസ്സ്.)നം.362/13/ത.സ്വ.ഭ.വ. അനുബന്ധം 16ലെ ഖണ്ഡിക 3-5 ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ മൂന്ന് മേഖലകൾക്കും കിണർ നിർമ്മാണത്തിനർഹമായ (മലനാട്, ഇടനാട്, തീര പ്രദേശം)

സബ്സിഡി വ്യത്യസ്ഥ നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്. ഇതനുസരിച്ച് ഈ പദ്ധതിക്ക് സംസ്ഥാനത്തെ മലനാട് ഭാഗങ്ങളിൽ വികസന ഫണ്ടിൽ നിന്നും അനുവദിക്കാവുന്ന പരമാവധി സബ്സിഡി രൂ.22,000/-, ഇടനാട് ഭാഗങ്ങളിൽ അനുവദിക്കാവുന്ന പരമാവധി സബ്സിഡി രൂ 17,000,/- തീരപ്രദേശത്തനുവദിക്കാവുന്ന പരമാവധി സബ്സിഡി രൂ.12,000/- എന്നീ ക്രമങ്ങളിലാണ്. കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുബന്ധ സ്ഥാപനമായ ENVIS സെന്റർ കേരള പ്രസിദ്ധീകരിച്ചിരിക്കുന്ന ഭൂപടവും സ്ഥിതി വിവരവും പ്രകാരം സമുദ്ര നിരപ്പിൽ നിന്നും 7.5 മീറ്റർ മുതൽ 76 മീറ്റർ വരെ ഉയരമുള്ള ഭാഗമാണ് ഇടനാട് എന്ന സംജ്ഞയിൽ വരുന്നത്. ഇവരുടെ ഭൂപടം പ്രകാരം ആലപ്പുഴ ജില്ലയിലെ തെക്കൻ മേഖലകളിൽ, സമുദ്ര തീരത്തുനിന്നും 20.കി.മീ വരെയുള്ള പ്രദേശങ്ങൾ തീര പ്രദേശമാണ്. ഇതിൽ നിന്നും കായംകുളം നഗരസഭ പ്രദേശം തീര പ്രദേശമാണെന്ന് വ്യക്തമാകുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥ ഇതൊന്നും പരിഗണിക്കാതെ SO202/16 (സ്പിൽ ഓവർ), SO235/16 (ന്യൂ) നമ്പർ പ്രോജക്ടുകളിലുൾപ്പെടുത്തി നഗരസഭയിലെ മുഴവൻ വാർഡുകളിലും ഉൾപ്പെട്ട വ്യക്തികൾ നിർമ്മിച്ച കിണറുകൾക്ക് ഇടനാടിന് ബാധകമായ നിരക്കിലുള്ള സബ്സിഡി അനുവദിച്ച നൽകുകയാണുണ്ടായത്. ഇപ്രകാരം അധിക നിരക്കിൽ ആനുകൂല്യം നൽകിയതു വഴി വികസന ഫണ്ടിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ - SO202/16 (സ്പിൽ ഓവർ)

അടങ്കൽ - 4,76,000

ചെലവ് - ബിൽ നമ്പർ - 2-15/16 തീ.28.7.15 - 17,000

ബിൽ നമ്പർ - 5-15/16 തീ.4.8.15 - 25,500

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ചത് | അനുവദിക്കാവുന്ന തുക | കൂടുതൽ |
|---|---|---|---|---|
| 1. | അശോകൻ, കോയിക്കൽ പടീറ്റതിൽ | 17000 | 12000 | 5000 |
| 2. | ഹരിദാസൻ, അമ്പാടിയിൽ | 17000 | 12000 | 5000 |
| 3. | കേശവൻ, തെക്കേവിളയത്ത് | 17000 | 12000 | 5000 |
| | ആകെ | | | 15000 |

2. പ്രോജക്ട് നമ്പർ - SO235/16 (ന്യൂ)

അടങ്കൽ - 3,40,000

ചെലവ് - ബിൽ നമ്പർ - 20-15/16 തീ.1.3.16 - 8,500

ബിൽ നമ്പർ - 24-15/16 തീ.21.3.16 - 34,000

ബിൽ നമ്പർ - 29-15/16 തീ.31.3.16 - 68,000

ബിൽ നമ്പർ - 39-15/16 തീ.5.4.16 - 17,000

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ചത് | അനുവദിക്കാവുന്ന തുക | കൂടുതൽ |
|---|---|---|---|---|
| 1. | രാജി,കോട്ടയ്ക്കകം | 17000 | 12000 | 5000 |
| 2. | അജയൻ,ചമ്മന്തറ കിഴക്കതിൽ | 17000 | 12000 | 5000 |
| 3. | രാജമ്മ, പുത്തൻ കണ്ടത്തിൽ | 17000 | 12000 | 5000 |
| 4. | ബിന്ദു, കൊറ്റിനാട് പടീറ്റതിൽ | 17000 | 12000 | 5000 |

| | | |
|---|---|---|
| | ആകെ | 20,000 |

അപാകത സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണം (നം. 4/23.1.2017, നം. 16/27.1.17) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

വികസന ഫണ്ടിൽ നിന്ന് ആകെ അധികമനുവദിച്ച 35,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-18 പ്രോജക്റ്റ് വെയ്ക്കാത്ത പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചു

തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ, സബ്സിഡി മാർഗ്ഗ രേഖയായ സ. ഉ (എം.എസ്) 362/2013/തസ്വഭവ തീയതി 16-11-13 ലെ ഖണ്ഡിക 7 (iii) അനുസരിച്ച് തനത് ഫണ്ട് വിഭവ സ്രോതസ്സായി വകയിരുത്തണം. ഖണ്ഡിക 4(3) പ്രകാരം ഒരു തദ്ദേശ ഭരണ സ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ്സ് എന്തു തന്നെയായാലും) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി പ്രോജക്റ്റിൽ ഉൾപ്പെടുത്താതെ നഗരസഭയിലെ 21- 44വരെയുള്ള വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി 51625 തനത്ഫണ്ടിൽ നിന്ന് (ചെക്ക് നമ്പർ 420055/ 9.3.16) നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റി കായംകുളം സബ്ഡിവിഷനിൽ നിന്ന് നൽകിയ എസ്റ്റിമേറ്റ് പ്രാകാരം 84871 രൂപയാണ് ഈ പ്രവൃത്തിയ്ക്ക് ചെലവ് വരുന്നത്. s055/12 പ്രോജക്റ്റിനായി വാട്ടർ അതോറിറ്റിയിൽ 2011-2012 ൽ നിക്ഷേപിച്ച 6,60,000 രൂപയിൽ (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) വിനിയോഗിച്ചതിനു ശേഷം വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള 33246 രൂപയും കൂടി 21- 44വരെയുള്ള വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിയ്ക്കായി വിനിയോഗിക്കാൻ തീരുമാനിച്ചതയാണ് ഫയൽ നമ്പർ 20099/11 ൽ രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ ഇത് സാധൂകരിക്കുന്നതിനായി s055/12 പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നു നൽകിയ 6,60,000രൂപയിൽ വിനിയോഗശേഷം ബാക്കിയുള്ള 33246 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിലേക്ക് തിരിച്ചടയ്ക്കണമെന്നിരിക്കെ ഈ തുക മറ്റൊരു പ്രോജക്റ്റിനായി വിനിയോഗിച്ചത് ക്രമപ്രകാരമല്ല. മേൽ അപാകതകളാലും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും 84871/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 21/31.1.2016 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

## 3-19 ഇ.എം.എസ് ഭവന പദ്ധതി - ആനുകൂല്യം കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ഇ.എം.എസ്. ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. 6ഗുണഭോക്താക്കൾ (ജനറൽ 5, എസ്.സി.1) ആദ്യ ഗഡു മാത്രം കൈപ്പറ്റിയതിനു ശേഷം തുടർ ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. കൂടാതെ രണ്ട് ഗഡു കൈപ്പറ്റിയതിനു ശേഷം 12 ഗുണഭോക്താക്കളും (ജനറൽ 9,എസ്.സി. 3) മൂന്ന് ഗഡു കൈപ്പറ്റിയതിനു ശേഷം 11 ഗുണഭോക്താക്കളും (ജനറൽ ) തുടർ ഗഡുക്കൾ കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

എ. ആദ്യ ഗഡു മാത്രം കൈപ്പറ്റിയവർ

1.സുരേന്ദ്രൻ ആചാരി,ചാരുകളത്തിൽ,എരുവ

2.സുജാത,പണയിൽ

3.ലതാകുമാരി,കാഞ്ഞിക്കലേത്ത് വടക്കതിൽ

4.കവിത,തോപ്പിൽ

5.മുഹമ്മദ് സിദ്ദിഖ് നൌഷാദ് സേട്ട്

6.രമ,പുതുവെളി പടീറ്റതിൽ

<u>ബി.രണ്ട് ഗഡു കൈപ്പറ്റിയവർ</u>

1.സഹദേവൻ,തറയിൽ

2.അബ്ദുൾ സലാം, വേലംപറമ്പിൽ

3.നിയാസ്,കരുർ തെക്കതിൽ,ചേരാവള്ളി

4.ഹരികുമാർ,തട്ടാനപ്പള്ളിൽ

5.സുധാ സുരേന്ദ്രൻ,സൂര്യ ഭവനം

6.കൃഷ്ണൻ,മാളികപടീറ്റതിൽ

7.സുമ രാമചന്ദ്രൻ,അനുഗ്രഹ

<u>സി.മൂന്ന് ഗഡു കൈപ്പറ്റിയവർ</u>

1.ശാന്ത,തറയിൽ

2.വിശ്വനാഥൻ,കരുമ്പോലിൽ,പെരുങ്ങാല

3.ധർമ്മരാജൻ,പുതുവൽ വീട്,കൃഷ്ണപുരം

4.ഷാജഹാൻ,മാത്രർതറ പചീറ്റതിൽ

5.യുനൈസ്,അമ്പനാട്ട് പടീറ്റതിൽ

6.സുരേഷ്,വയൽവാരത്ത്

7.അബ്ദുൾ വാഹിദ്,അറ്റത്ത് വീട്

8.ലൈലാബീവി,പഴയതെരുവ് വീട്

9.ജാനമ്മ,കുഴിവേലിൽ

10.അബൂബേക്കർ,കൊച്ചുവീട്ടിൽ

11.ഷാജി,പുത്തൻകണ്ടത്തിൽ

12-ാംപദ്ധതി മാർഗ്ഗരേഖ പ്രകാരം പണി പൂർത്തീകരിക്കാത്ത വീടുകൾക്ക് 17.2.11 ലെ സ.ഉ.(സാധ) നമ്പർ 497/11 നിബന്ധന പ്രകാരം ആനുകൂല്യം നൽകാവുന്നതാണ്. ഇതിലുൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നിർമ്മാണം പുനരാരംഭിക്കാത്ത പക്ഷം ഇ.എം.എസ്. ഭവനപദ്ധതിയിലുൾപ്പെടുത്തി നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 3-20 <u>നഗരസഭ സി.ഡി.എസ്.ട്രയിനിങ് സെന്ററിന് ഫർണിച്ചർ, വൈദ്യുതി ഉപകരണങ്ങൾ വാങ്ങൽ - വാങ്ങൽ നടപടിക്രമത്തിൽ അപാകത</u>

പ്രോജക്റ്റ് നമ്പർ :s0357/16

നിർവ്വഹണം - യു.പി.എ.ഡി.പ്രോജക്റ്റ് ഓഫീസർ

ചെലവ് :- ബിൽ നമ്പർ - 70-15/16 യു.പി.എ.11311/15തീ.21.3.16 – 199001/-

ബിൽ നമ്പർ - 71-15/16 യു.പി.എ.11311/15തീ.21.3.16 – 118200/-

സി.ഡി.എസ്. ട്രയിനിങ് സെന്ററിന് ഫർണിച്ചർ,വൈദ്യുതി ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള പ്രോജക്ടിലുൾപ്പെടുത്തി മേശ, കസേര, വൈദ്യുതി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. മലബാർ ട്രേഡിങ് സെന്ററിൽ നിന്നും മേശയും ഗ്രേറ്റ് ഇൻഡ്യ ട്രേഡിങ് കമ്പനിയിൽ നിന്ന്

കസേരയും വാങ്ങിയിട്ടുണ്ട്. ക്വട്ടേൻ രേഖകൾ പരിശോധിച്ചതിൽ മരാമത്ത് വേലകളിലേതു പോലെ ടെന്റർ ഷെഡ്യൂൾ തയ്യാറാക്കി ഓരോ ഇനം വാങ്ങലുകൾക്കും പ്രത്യേകം നിരക്ക് നിർണ്ണയിച്ച് നൽകിയിരിക്കുകയാണ്. ക്വട്ടേഷനിൽ പങ്കെടുത്തവർ ഈ നിരക്കിൽ നിന്നും നിശ്ചിത ശതമാനം കുറച്ച് / കൂടുതൽ ക്വാട്ട് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. മരാമത്ത് വേലകളിൽ സർക്കാർ നിശ്ചയിച്ച നിരക്കിനെ അടിസ്ഥാനമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറുക്കുന്നതെന്നിരിക്കെ സർക്കാർ പ്രത്യേക നിരക്ക് നിർണ്ണയിച്ച് നൽകിയിട്ടില്ലാത്ത മേശ, കസേര, വൈദ്യുതി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ഈ രീതി പിൻതുടർന്നത് ക്രമപ്രകാരമല്ല. മേലിൽ വാങ്ങലുകൾ നടത്തുമ്പോൾ ഈ അപാകത ഒഴിവാക്കേണ്ടതാണ്.

## 3-21 ഭൗതിക സാഹചര്യങ്ങളൊരുങ്ങിയിട്ടും ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചില്ല

നിർവ്വഹണം :- സൂപ്രണ്ട്, താലൂക്ക് ആശുപത്രി

കായംകുളം ഗവൺമെന്റ് താലൂക്ക് ആശുപത്രിയ്ക്ക് ഡയാലിസിസ് യൂണിറ്റ് സ്ഥാപിയ്ക്കുന്നതിനായി 3641325/- രൂപ (ബിൽ നം.4/15-16 തീയതി 21.3.16) വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു. ഓഡിറ്റ് റിക്വിസിഷൻ നം.3/23.1.17, ഓഡിറ്റ് അന്വേഷണം നം.17/28.1.17, എന്നിവ നൽകിയിട്ടും ഇതുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിൽ ഹാജരാക്കിയില്ല. ബിൽ പകർപ്പ്, എസ്റ്റിമേറ്റ് എന്നിവ മാത്രമാണ് ഓഡിറ്റിനായി നൽകിയത്. ഹാജരാക്കിയ രേഖകൾ പ്രകാരം പദ്ധതി നിർവഹണത്തിനായി തുക നൽകിയത് കേരള മെഡിയ്ക്കൽ സർവീസസ് കോർപ്പറേഷനാണ്. ഹാജരാക്കിയ രേഖകളുടെയും 30.1.17ൽ ഓഡിറ്റ്ടീം നടത്തിയ സ്ഥല പരിശോധനയുടെയും അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

1. പ്രൊക്യൂർമെന്റ് ഓഫ് ഗുഡ്സ് & സർവീസസ് -ഖണ്ഡിക 3.4 പ്രകാരം 5,00,000/- ൽ അധികമുള്ള വാങ്ങലുകളിൽ ലഭ്യമാക്കുന്ന സേവനത്തിന് മികച്ച ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ക്യൂ.സി.ബി.എസ് രീതിയിൽ സ്ഥാപനത്തെ തെരഞ്ഞെടുക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ ഇവിടെ ഡയാലിസിസ് യൂണിറ്റ് സ്ഥാപിയ്ക്കുന്നതിനായി തുക പിൻവലിച്ച് കെ.എം.എസ്.സി.എൽ ന് നൽകുകയായിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ആ സ്ഥാപനമാണ് ചെയ്തത്. എന്നാൽ കെ.എം.എസ്.സി.എൽ ന് ഇത്തരമൊരു യൂണിറ്റ് സജ്ജീകരിയ്ക്കുന്നതിനാവശ്യമായ കാര്യക്ഷമത ഉണ്ട് എന്നതിൽ യാതൊരു വ്യക്തതയും ഇല്ല.

2. രണ്ടു ഡയാലിസിസ് യൂണിറ്റുകളും അവയ്ക്കാനുപാതികമായി മറ്റ് ഉപകരണങ്ങളും ആണ് ഇതിനായി വാങ്ങിയത്. യൂണിറ്റിനാവശ്യമായ എല്ലാ ഉപകരണങ്ങളും ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള സിവിൽ വർക്കുകളും പൂർത്തിയാക്കി ആർ.ഒ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. ഫയൽ ഹാജരാക്കാതിരുന്നതിനാൽ യൂണിറ്റിനാവശ്യമായ സാമഗ്രികൾ എന്ന് ലഭിച്ചു എന്നതിന് കൃത്യമായ വിവരമില്ല. മൂന്ന് മാസത്തിലധികമായി എന്നാണ് ആശുപത്രി ജീവനക്കാർ അറിയിച്ചത്. സിവിൽ വർക്കുകൾ പൂർത്തിയാക്കിയതിലെ താമസം കാരണമാണ് യൂണിറ്റ് സജ്ജീകരിച്ച് പ്രവർത്തനമാരംഭിയ്ക്കാൻ വൈകിയതെന്നാണ് സെക്ഷൻ ക്ലാർക്കിൽ നിന്നും അറിയാനായത്.

എല്ലാ സർക്കാർ ആശുപത്രികളിലും ഈ സേവനം ലഭ്യമാകാത്തതിനാൽ സ്വകാര്യ സ്ഥാപനങ്ങളെയാണ് കൂടുതൽ രോഗികളും ആശ്രയിയ്ക്കുന്നത്. സ്വകാര്യ സ്ഥാപനങ്ങളിൽ ഈ സേവനത്തിനായി അവർക്ക് വലിയ തുകയും ചെലവാകുന്നു. ഡയാലിസിസ് യൂണിറ്റിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ പൂർത്തിയായിട്ടും അത് സ്ഥാപിച്ച് ജനങ്ങൾക്ക് പ്രയോജനപ്രദമാക്കാൻ കാലതാമസമുണ്ടാകുന്നത് ദുരൂഹമാണ്. പ്രവർത്തന സജ്ജമായ യൂണിറ്റ് സ്ഥാപിച്ച് ജനങ്ങൾക്ക് പ്രയോജനപ്രദമാക്കാനായി മുനിസിപ്പൽ കൗൺസിലിന്റെ ഭാഗത്തു നിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നതും ഖേദകരമായ വസ്തുതയാണ്. ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. നാളിതുവരെ പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തതിനാൽ യൂണിറ്റിനായി ചെലവഴിച്ച തുക (രൂ.3641325/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-22 ബാന്റ് സെറ്റ് വാങ്ങൽ – നടപടിക്രമങ്ങൾ പാലിച്ചില്ല, ട്രൂപ്പ് രൂപീകരിച്ചതിന്റെ വിവരം നൽകിയില്ല

പ്രോജക്ട് നം.259/16

നിർവ്വഹണം :- പ്രിൻസിപ്പാൾ, ഗവ. ബി.എച്ച്.എസ്. എസ്.

വിദ്യാർത്ഥികളുടെ സർഗ്ഗവാസന മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തിൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ നിർവഹണം നടത്തിയ പദ്ധതിയാണിത്. ബാന്റ്സെറ്റിനുള്ള ഉപകരണങ്ങൾ, യൂണിഫോം, യൂണിഫോമിന് തയ്യൽക്കൂലി എന്നിങ്ങനെ മൂന്ന് ഇനങ്ങളിലായാണ് തുക ചെലവഴിച്ചത്. ബിൽ നം.1/15-16തീയതി 28.10.15 പ്രകാരം 2,00,000/- രൂപ പിൻവലിച്ചതിൽ ഉപകരണങ്ങൾക്കായി മാനവൽ ഇൻഡസ്ട്രീസ്, എറണാകുളത്തിന് 1,20,680/- രൂപയും യൂണിഫോം, അലങ്കാര സാധനങ്ങൾ, തയ്യൽക്കൂലി എന്നിവയ്ക്കായി നാഷണൽ യൂണിഫോം സെന്റർ, എറണാകുളം, ഷംലാസ് ടെക്സ്റ്റയിൽസ്, കായംകുളം എന്നീ സ്ഥാപനങ്ങൾക്ക് യഥാക്രമം 41620/-രൂപയും 37700/- രൂപയും നൽകിയിട്ടുണ്ട്.

പദ്ധതി നിർവഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. പ്രൊക്യൂർമെന്റ് ഓഫ് ഗുഡ്സ് & സർവീസസ്, 2010 (ജി.ഒ(പി) 259/2010/ LSGD) ഖണ്ഡിക 3.2 പ്രകാരം ഒരു ലക്ഷത്തിലധികം രൂപയുടെ വാങ്ങലുകൾക്ക് ഓപ്പൺ ടെന്റർ ക്ഷണിയ്ക്കണമെന്നാണ് നിബന്ധന. എന്നാൽ ഇവിടെ പദ്ധതിയ്ക്കായി ടെന്റർ ക്ഷണിച്ചിട്ടില്ല. മാനവൽ ഇൻഡസ്ട്രീസ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും ബാൻഡ് സെറ്റ് ഉപകരണങ്ങൾ നേരിട്ട് വാങ്ങി.

2. പ്രൊക്യൂർമെന്റ് മാനവൽ പ്രകാരം യൂണിഫോം, അലങ്കാരസാധനങ്ങൾ എന്നിവ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചില്ല.

3. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം നൽകിയിട്ടില്ല.

4. ട്രൂപ്പ് രൂപീകരിച്ചതിന്റയും പരിശീലകനെ തെരഞ്ഞെടുത്ത് കുട്ടികൾക്ക് പരിശീലനം നൽകിയതിന്റെയും യാതൊരു രേഖകളും ഇല്ല.

ടി ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.9/27.1.2017ന് മറുപടിയും നൽകിയില്ല. പരിശീലനം നൽകി ബാൻഡ്ട്രൂപ്പ് രൂപീകരിച്ചതിന്റെ വിവരം നൽകാത്തതിനാൽ കുട്ടികളുടെ സർഗ്ഗവാസന വികസിപ്പിയ്ക്കുക എന്ന ലക്ഷ്യത്തിൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച തുക ഫലപ്രദമായി വിനിയോഗിയ്ക്കാനായില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബാന്റ്സെറ്റിനുള്ള സാധനങ്ങൾ, യൂണിഫോം എന്നിവ വാങ്ങിയതിൽ പ്രൊക്യൂർമെന്റ് മാനവലിലെ വ്യവസ്ഥകൾ പാലിയ്ക്കാതിരുന്നതിനാലും ട്രൂപ്പ് രൂപീകരിച്ചതിന്റെ വിവരം നൽകാത്തതിനാലും ഇതിനായി ചെലവഴിച്ച 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-23 <u>മരുന്നുകളും സഹായക ഉപകരണങ്ങളും കിട്ടിയില്ല – ഹോം കെയറിലൊതുങ്ങുന്ന സാന്ത്വന പരിചരണം</u>

നിർവ്വഹണം :- സൂപ്രണ്ട്, താലൂക്ക് ആശുപത്രി

പാലിയേറ്റിവ്കെയർ പദ്ധതി നിർവഹണത്തിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

<u>1.മരുന്നുകളും പാലിയേറ്റീവ് ഉപകരണങ്ങളും ലഭിച്ചിട്ടില്ല :-</u>

പാലിയേറ്റീവ് കെയർ പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി 1,92,386/- രൂപ പിൻവലിച്ച് കെ.എം.എസ്.സി.എൽ നം പാലിയേറ്റിവ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 42754/- രൂപ റെയ്ഡ്കോയ്ക്കും നൽകിയിട്ടുണ്ട്. (ബിൽ നം.5/15-16 തീയതി 31.3.16) . ലഭിച്ച മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം. നം. 17ന് മറുപടി നൽകിയില്ല. മരുന്നുകളും ഉപകരണങ്ങളും ലഭിച്ചിട്ടില്ല എന്നാണ് പാലിയേറ്റീവ് നഴ്സ് അറിയിച്ചത്.ക്വട്ടേഷൻ ക്ഷണിയ്ക്കാതെയാണ് ഉപകരണങ്ങൾക്കായി റെയ്ഡ്കോയ്ക്ക് തുക നൽകിയത്. റെയ്ഡ്കോയിൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ നേരിട്ട് വാങ്ങാമെന്നതിനുള്ള സർക്കാർ ഉത്തരവും ഹാജരാക്കിയില്ല.

തികച്ചും അവശരായ രോഗികളുടെ അടിയന്തിരമായ ആവശ്യങ്ങൾ നിറവേറ്റുക എന്ന ലക്ഷ്യത്തിലാണ് വാട്ടർബെഡ്,വീൽചെയർ പോലെയുള്ള ഉപകരണങ്ങൾക്കും മരുന്നിനുമായി തുക പിൻവലിച്ച് നൽകിയത്. എന്നാൽ മരുന്നുകളും ഉപകരണങ്ങളും നൽകുന്നതിൽ ഇത്രയധികം കാലതാമസം വന്നിട്ടും ആയത് ലഭ്യമാക്കുന്നതിനായി പദ്ധതി നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥയോ തുടർന്ന് ചുമതലയേറ്റയാളോ യാതൊരു നടപടിയും സ്വീകരിച്ചില്ല. സാന്ത്വനചികിത്സാ പദ്ധതിയ്ക്ക് അർഹമായ പരിഗണന നൽകുന്നില്ല എന്നതിന്റെ പ്രധാന തെളിവാണിത്. ആവശ്യമായ മരുന്നുകളുടെയും സഹായക ഉപകരണങ്ങളുടെയും അഭാവത്തിൽ, കേവലം ഭവനസന്ദർശനം കൊണ്ട് മാത്രം ഫലപ്രദമായ ഹോംകെയർ സംവിധാനം ഒരുക്കുക സാധ്യമല്ല. ഒരു നിർബന്ധിത പദ്ധതിയാകയാൽ,അത് നടപ്പാക്കി

എന്ന് വരുത്തിതീർക്കുക മാത്രമാണ് യഥാർത്ഥത്തിൽ ചെയ്തത്. അതിലുപരിയായി അശരണരും നിരാലംബരുമായ ഒരു വിഭാഗത്തിന് യഥാസമയം സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യം വെച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിയ്ക്കേണ്ടതാണ്.മരുന്നുകളും പാലിയേറ്റീവ് ഉപകരണങ്ങളും ലഭിയ്ക്കാത്ത സാഹചര്യത്തിൽ ,ഇവയ്ക്കായി ചെലവഴിച്ച 235140/- രൂപ (1,92,386 + 42754) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി-യഥാസമയം യോഗം ചേരുന്നില്ല:-

ജി.ഒ (എം.എസ്) 228/12 ത.സ്വ.ഭ.വ 23.08.12 പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി മൂന്ന് മാസത്തിലൊരിയ്ക്കൽ പി.എം.സി യോഗം ചേരണമെന്ന നിർദ്ദേശവും പാലിയ്ക്കപ്പെട്ടിട്ടില്ല. 2015-16 വർഷം പി.എം.സി യോഗം ഒരു തവണ (3.3.2016) മാത്രമാണ് ചേർന്നിട്ടുള്ളത്. ഇതിൽനിന്നും നഗരസഭയിലെ സാന്ത്വന പരിപാലന പദ്ധതിയിലെ പ്രവർത്തനങ്ങൾ ഒട്ടും തന്നെ വിശകലനം ചെയ്യപ്പെടുന്നില്ല എന്നതാണ് വ്യക്തമാകുന്നത്.കമ്മിറ്റി കൃത്യമായി യോഗം ചേർന്ന് നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ മാത്രമേ പോരായ്മകൾ പരിഹരിയ്ക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സാധിയ്ക്കുകയുള്ളൂ.നഗരസഭാ ചെയർമാൻ കൂടി ഉൾപ്പെടുന്ന കമ്മിറ്റി യഥാസമയം ചേരുന്നതിന്,ഭരണസമിതി തന്നെ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ആയതിനാൽ, തുടർന്നുള്ള വർഷങ്ങളിൽ ജി.ഒ. (ആർ.റ്റി) 3217/15 ത.സ്വ.ഭ.വ29.10.15 ലെ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി രണ്ട് മാസത്തിലൊരിയ്ക്കലോ ഇടവേളകളിൽ ആവശ്യാനുസരണത്തിനോ പി.എം.സി.യോഗം ചേരാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-24 താലൂക്ക് ഹോസ്പിറ്റൽ 389531/- രൂപയുടെ ചെലവ് രേഖകൾ ഇല്ല

സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ നിർവഹിച്ച പദ്ധതികളുടെ ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം പിൻവലിച്ച തുകയുടെ ചെലവ് രേഖകൾ ഫയലിൽ സൂക്ഷിച്ചിരുന്നില്ല.

| ക്രമ നം. | ബിൽ നം. | തുക |
|---|---|---|
| 1. | 1/15-16 തീയതി 21.12.15 (ബ്രഡ് & മിൽക്ക്) | 273931/- |
| 2. | 3/15-16 തീയതി 19.1.16 | 115600/- |
| | ആകെ | 389531/- |

ചെലവു രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ (നം. 3/ 23.1.2017) നൽകുകയും രേഖകൾ ഇല്ലാത്തതിന് വിശദീകരണം ആരാഞ്ഞ ഓഡിറ്റ് അന്വേഷണം (നം.17/28.1.17) നല്കുകയും ചെയ്തിട്ടും ചെലവ് രേഖകൾ ഹാജരാക്കുകയോ വിശദീകരണം നല്കുകയോ ചെയ്തിട്ടില്ല. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവ് രൂ.389531/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്നില്ലെങ്കിൽ ചെലവ് നടന്നിട്ടില്ലായെന്ന അനുമാനത്തിൽ തുടർ നടപടി സ്വീകരിക്കുമെന്ന് അറിയിക്കുന്നു.

## 3-25 മുൻകൂർ നൽകിയ തുക ക്രമീകരിച്ചില്ല

2015-16 ൽ നഗരസഭാഉദ്യോഗസ്ഥർക്ക് വിവിധ ആവശ്യങ്ങൾക്ക് അനുവദിച്ച മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല എന്ന് കാണുന്നു. നൽകിയ മുൻകൂറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുൻകൂർ കൈപ്പറ്റിയ വ്യക്തി. | അഡ്വാൻസിന്റെ സ്വഭാവം. | വൗച്ചർ നം, തുക |
|---|---|---|---|
| 1. | ശ്രീമതി.പി.ഓമന.<br>പിഡബ്ല്യുഒ-3. | സിഡിഎസ് ട്രെയിനിങ് സെന്ററിന്റെ ഉത്ഘാടനം. | 49/9-5തീയതി 29.9.15,<br>40000/- |
| 2. | ശ്രീ.റ്റി.കെ.രാജു.<br>പിഡബ്ല്യുഒ-2. | ഓഫീസ് ഇലക്ട്രിയ്ക്കൽ മെയിന്റനൻസ്. | 50/9-15തീയതി<br>30.9.15, 12,000/- |

| | | | |
|---|---|---|---|
| 3. | ശ്രീമതി.ഡി.സുഭദ്ര,<br>പിഡബ്ല്യൂഒ-1. | KL-29 F-6699-സിഫ്റ്റ്കാർ<br>റിപ്പയർ. | 19/10-15തീയതി<br>5.10.15, 7670/- |
| 4. | ശ്രീ.അനീസ്.ഐ.<br>ജെ.എച്ച്.ഐ-2 | കേരളോത്സവം-2015. | 27/12-15തീയതി<br>11.12.15, 25000/- |
| 5. | ശ്രീമതി.ഡി.സുഭദ്ര,<br>പിഡബ്ല്യൂഒ-1. | വയോമിത്രം പദ്ധതി-കേരളസോഷ്യൽ സെക്യൂരിറ്റിമിഷൻ. | 53/12-15തീയതി<br>21.12.15, 30000/- |
| 6. | ശ്രീമതി.ഡി.സുഭദ്ര,<br>പിഡബ്ല്യൂഒ-1. | അനധികൃത നിർമ്മാണംപൊളിയ്ക്കൽ. | 13/1-16തീയതി<br>5.1.16, 4800/- |
| 7. | ശ്രീ.റ്റി.കെ.രാജു.<br>പിഡബ്ല്യൂഒ-2. | ട്രാഫിക് സൈൻ ബോർഡ് സ്ഥാപിയ്ക്കൽ. | 24/3-16തീയതി 9.3.16,<br>25000/- |
| 8. | ശ്രീ.അബ്ദുൾ ഫിറോസ്.ഒ.<br>അക്കൗണ്ടന്റ്. | 2016-17 ബഡ്ജറ്റ് പ്രിന്റിംഗ്. | 42/316തീയതി14.3.16,58900/- |
| ആകെ | | | 203370/- |

ടി തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/24.1.17 ന് മറുപടി നൽകിയില്ല. ടി മുൻകൂറുകൾ നാളിതുവരെ ക്രമീകരിക്കാത്തതിന് ജി.ഒ.(പി) 419/11 ഫിൻ 4.10.11 ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം അഡ്വാൻസ് തുകയോടൊപ്പം 18 % നിരക്കിൽ പലിശയും ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവ് രൂ. 203370/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-26 വാഹനങ്ങളുടെ ലോഗ് ബുക്ക് ക്രമ പ്രകാരം പരിപാലിക്കുന്നില്ല

നഗരസഭ ഉടമസ്ഥതയിലുള്ള വാഹനങ്ങളിൽ കെ.എൽ 29 എഫ് - 6699, കെ.എൽ 04 എസ്സ് - 1557 എന്നീ വാഹനങ്ങളുടെ ലോഗ് ബുക്കുകൾ മാത്രമാണ് പരിശോധനയ്ക്കു ഹാജരാക്കിയിട്ടുള്ളത്. ഓരോ തവണയും ഇന്ധനം അടിക്കുന്നതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ടി ലോഗ് ബുക്കുകളിൽ ഇല്ല. ഓരോ മാസവും ഓടിയ കിലോമീറ്ററുകളും ഇന്ധന ഉപയോഗവും കാണിക്കുന്ന പ്രതിമാസ സംക്ഷിപ്തം ലോഗ്ബുക്കിൽ ചേർക്കുന്നില്ല. തന്മൂലം ആകെ ഉപയോഗിക്കപ്പെടുന്ന ഇന്ധനം സംബന്ധിച്ച നിഗമനത്തിലെത്തിച്ചേരാൻ കഴിയുന്നില്ല. കൂടാതെ ആറു മാസത്തിലൊരിക്കൽ ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും ഇന്ധനക്ഷമതാ സാക്ഷ്യപത്രം വാങ്ങി ലോഗ്ബുക്കിൽ ചേർക്കണമെന്ന വ്യവസ്ഥയും പാലിക്കുന്നില്ല. ഇതുസംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക കണക്ക് പരിശോധന - ന്യൂനതകൾ

1. ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ I-6 ഷെഡ്യൂളിൽ അലോട്ട്മെന്റ് പ്രകാരമുള്ള മുഴുവൻ തുകകളും ഉൾപ്പെടുത്തിയിട്ടില്ല.

| ഇനവിവരം. | അലോട്ട്മെന്റ് തുക | വാർഷിക കണക്കിലെ തുക. |
|---|---|---|
| വികസനഫണ്ട് ജനറൽ | 53830631 | 20545593 |
| വ്കസനഫണ്ട്. എസ്സ്.സി.പി. | 29505512 | 3885165 |
| സംരക്ഷണഗ്രാന്റ് റോഡ് | 19865000 | 10168597 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 12597000 | 6746041 |
| പതിമൂന്നാംധനകാര്യകമ്മീഷൻഗ്രാന്റ് | 56469809 | 18306635 |
| കെ. എൽ. ജി.എസ്സ്.ഡി.പി. | 1119006 | 269029 |

സിസ്റ്റം ജനറേറഡ് എ.സി.ആർ. നഗരസഭയുടെ കണക്കുകളെ ശരിയായി പ്രതിഫലിപ്പിക്കുന്നില്ല.

2. പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ട്രഷറി കണക്കുകൾ പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള ചെലവ് 16061465 രൂപയാണ്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് 1586274 രൂപയാണ്. നഗരസഭ കണക്കുകൾ ട്രഷറിയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3. ഡി.സി.ബി. ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ B-15 പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

4. ആസ്തി രജിസ്റ്ററിൽ മുൻകാല ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആസ്തി സംബന്ധിച്ച തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | ബാക്കിയുള്ള തുക |
| ഇഎംഎസ്സ് ഭവനപദ്ധതി | GO(Rt) No. 2234/10/lsgd തീ. 7/7/2010 | 55546500 | 20718659 | 2647369 | | 18071290 |

4-6 <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഇല്ല

4-7<u>ഓഡിറ്റ് റിക്കവറി</u>

ഇല്ല

4-8<u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം</u>

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2-16, | 2006-07 | 4-12-1 | ലാടിൻ | |
| | 2-17, | | 4-12-2 | വനിതാ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | |
| | 2-19 | | 4-12-3 | കൊതുക് നിവാരണം | |
| | | 2006-08ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | 2-17 | വാടക വർദ്ധനവ് ഈടാക്കിയിട്ടില്ല | സെക്രട്ടറിയുടെ ഡി.സി.ആർ.ജി യിൽ നിന്നും ഈടാക്കാൻ ശുപാർശ ചെയ്തിട്ടുണ്ട് |
| | | 2006-08 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | 29,30 | വകമാറ്റി ചെലവഴിച്ചു | ഖണ്ഡിക നിലനിൽക്കുന്നു. |
| | | 2006-08ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | 31 | ടാർ വാങ്ങൽ | ഫയൽ ഹാജരാക്കിയിട്ടില്ല |
| | | 2006-08ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | | അമ്പലപ്പാട്ട് റോഡ് ടാറിംഗ് | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |
| | | 2006-08 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | 43, 44 | വ്യാജ രേഖ ചമയ്ക്കൽ | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |
| | | 2006-08 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | 45 | - | സെക്രട്ടറിയെ കുറ്റവിമുക്തനാക്കി |
| | | 2006-08 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | 57, 58, 59, 60 | - | റവന്യൂ റിക്കവറിയ്ക്ക് കത്ത് നൽകി |

4-9. <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 16,09,38,633 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 22,07,34,002 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 15,84,195 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 22,83,551 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 166,18,133 |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 1440177 + 1,44,018 (സർവ്വീസ് ടാക്സ്) | | പ്രദീപ് കുമാർ. ആർ , സെക്രട്ടറി |
| 3-4 | | 1,05,954 | കൃഷ്ണകുമാർ , നഗരസഭ എഞ്ചിനീയർ |
| 3-5a | | 72212 | എൻ.ഷൈനി, നഗരസഭാ എഞ്ചിനീയർ |
| 3-6b | | 10550 | എൻ.ഷൈനി, നഗരസഭാ എഞ്ചിനീയർ |
| 3-7a | | 42471 | എൻ.ഷൈനി, നഗരസഭാ എഞ്ചിനീയർ |
| 3-7b | | 6393 | എൻ.ഷൈനി, നഗരസഭാ എഞ്ചിനീയർ |
| 3-8 | | 101308 | എൻ.ഷൈനി, നഗരസഭാ എഞ്ചിനീയർ |
| 3-10 | | 1717031 | എൻ.ഷൈനി, നഗരസഭാ എഞ്ചിനീയർ |
| 3-11 | | 192632 | എൻ.ഷൈനി, നഗരസഭാ എഞ്ചിനീയർ |
| 3-17 | | 35000 | ജലജ, എസ്.സി.ഡി.ഒ. |
| ആകെ | 15,84,195 | 22,83,551 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1170722 | എൻ.ഷൈനി, നഗരസഭാ എഞ്ചിനീയർ |
| 3-4 | 890340 | കൃഷ്ണകുമാർ , നഗരസഭ എഞ്ചിനീയർ |
| 3-5b | 722582 | എൻ.ഷൈനി, നഗരസഭാ എഞ്ചിനീയർ |
| 3-6b | 1160193 | എൻ.ഷൈനി, നഗരസഭാ എഞ്ചിനീയർ |
| 3-7c | 1261671 | എൻ.ഷൈനി, നഗരസഭാ എഞ്ചിനീയർ |
| 3-9 | 6275113 | എൻ.ഷൈനി, നഗരസഭാ എഞ്ചിനീയർ |
| 3-10 | 383275 | എൻ.ഷൈനി, നഗരസഭാ എഞ്ചിനീയർ |
| 3-18 | 84871 | ഡി.ജയകുമാർ, സെക്രട്ടറി |
| 3-21 | 3641325 | ഡോ.അനു.എം.എസ്.,സൂപ്രണ്ട്,താലൂക്ക് ഹോസ്പ്പിറ്റൽ, കായംകുളം |
| 3-22 | 200000 | ബീനാകുമാരി.എം.ജി<br>പ്രിൻസിപ്പാൾ,<br>ഗവ.ഗേൾസ്ഹയർ സെക്കന്ററി സ്കൂൾ. |
| 3-23(1) | 235140 | ഡോ.അനു.എം.എസ്.,സൂപ്രണ്ട്,താലൂക്ക് ഹോസ്പ്പിറ്റൽ, കായംകുളം |
| 3-24 | 389531 | ഡോ.അനു.എം.എസ്.,സൂപ്രണ്ട്,താലൂക്ക് ഹോസ്പ്പിറ്റൽ, കായംകുളം |
| 3-25 | 203370 | |
| ആകെ | 166,18,133 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ലൈബ്രറി സെസ്സ് ഖണ്ഡിക 2-3 72,010/-

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം. 2-1, 2-2, 2-4, 2-5, 3-12

(എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ആർ. പ്രദീപ് കുമാർ,<br>സെക്രട്ടറി | സെക്രട്ടറി,<br>ആറ്റിങ്ങൽ നഗരസഭ | നന്ദനം,<br>കാവുവിള, വാവരമ്പലം,<br>പോത്തൻകോട്.പി.ഒ,<br>തിരുവനന്തപുരം |
| കൃഷ്ണകുമാർ,<br>മുനിസിപ്പൽ എഞ്ചിനീയർ | എൽ.എസ്.ജി.ഡി<br>വിജിലൻസ് വിംഗ്. | കൃഷ്ണകൃപ,<br>ശാസ്തമംഗലം,<br>തിരുവനന്തപുരം |
| ഡോ.അന.എം.എസ്, സൂപ്രണ്ട്,<br>താലൂക്ക് ഹോസ്പിറ്റൽ. | ജില്ലാ റ്റി.ബി. ഓഫീസർ,<br>കൊല്ലം | കൈലാസം,<br>മുളങ്കാടകം,<br>കൊല്ലം |
| എൻ.ഷൈനി.<br>മുനിസിപ്പൽ എഞ്ചിനീയർ. | അസി.എക്സി.എഞ്ചിനീയർ,<br>മുതുകുളം ബ്ലോക്ക്. | മംഗലശ്ശേരിൽ,<br>ഹൗസ് നം.801.<br>ശങ്കർ നഗർ,കൊല്ലം. |
| ജലജ, എസ്.സി.ഡി.ഒ. | എസ്.സി.ഡി.ഒ,<br>ഭരണിക്കാവ് ബ്ലോക്ക് | ശ്രേയസ്സ്,<br>ഇലപ്പിക്കുളം. പി.ഒ,<br>വള്ളികുന്നം. |
| ബീനാകുമാരി.എം.ജി<br>പ്രിൻസിപ്പാൾ,<br>ഗവ.ഗേൾസ്ഹയർ സെക്കന്ററി സ്കൂൾ. | ലഭ്യമല്ല | അഭയം,<br>മുതാക്കൽ.പി.ഒ.<br>മുതാക്കൽ,<br>തിരുവനന്തപുരം. |
| ജെ.മുഹമ്മദ്ഷാഫി. | സെക്രട്ടറി,<br>ചേർത്തല നഗരസഭ. | സബർമതി,ചെറുകായൽക്കര,<br>മുരുക്കിൻപുഴ.പി.ഒ.<br>തിരുവനന്തപുരം. |
| ഡി.ജയകുമാർ. | സെക്രട്ടറി,<br>കായുകുളം നഗരസഭ. | ശ്രീഭവൻ,<br>ചെമ്മണ്ണവിള, വടകോട്,<br>പെരുമ്പഴുത്തൂർ,<br>തിരുവനന്തപുരം. |

4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 71-72 മുതൽ 1980-81 വരെ | എൽ.എഫ്.എ.5-266/83/13.02.85 |
| 1981-82 | എൽ.എഫ്.എ.5-197/83/31.01.85 |
| 1982-83 | എൽ.എഫ്.എ.5-686/85/12.01.85 |
| 1983-84 | എൽ.എഫ്.എ.5-375/86/31.10.86 |

| | |
|---|---|
| 1984-85 | എൽ.എഫ്.എ.5-402/85/31.10.86 |
| 1985-86 | എൽ.എഫ്.എ.5-848/89/31.10.90 |
| 1986-87 | എൽ.എഫ്.എ.5-1306/90/29.10.90 |
| 1987-88 | എൽ.എഫ്.എ.5-എഫ്.744/91/21.11.90 |
| 1988-89 | എൽ.എഫ്.എ.5-63/93/17.04.93 |
| 1989-90 | എൽ.എഫ്.എ.5-63/93/ 17.04.93 |
| 1990-91 | എൽ.എഫ്.എ.5-815/96/07.06.1996 |
| 1991-92 | എൽ.എഫ്.എ.5-816/95/11.06.96 |
| 1992-93 | എൽ.എഫ്.എ.5-271/97/23.03.98 |
| 1996-97 | എൽ.എഫ്.എ.5-769/99/14.03.00/07.09.2000 |
| 1997-98 (വരവ്)<br>1997-98(ചെലവ്) | എൽ.എഫ്.എ.4-169/09/30.06.09/01.10.09<br>എൽ.എഫ്.എ.11-896/00/08.02.01/12.06.01 |
| 1998-99(വരവ്)<br>1998-99 (ചെലവ്) | എൽ.എഫ്.എ.4-170/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1275/01/17.05.02/07.06.02 |
| 1999-2000(വരവ്)<br>1999-2000 (ചെലവ്) | എൽ.എഫ്.എ.4-171/09/30.06.09/01.10.09<br>എൽ.എഫ്.എ.4-955/03/10.10.03/11.12.03 |
| 2000-01 (വരവ്)<br>2000-01 (പ്ലാൻ ഫണ്ട്)<br>2000-01 (തനത് ചെലവ്) | എൽ.എഫ്.എ.4-172/09/01.07.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04<br>എൽ.എഫ്.എ.4-പി.962/06/08.12.06/15.02.07 |

| | |
|---|---|
| 2001-02(വരവ്)<br>2001-02(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04 |
| 2002-03(വരവ്)<br>2002-03(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2003-04(വരവ്)<br>2003-04(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2004-05 | എൽ.എഫ്.എ.4-168/09/01.07.09/01.10.09 |
| 2005-06 | എൽ.എഫ്.എ.4-332/09/13.07.09/01.10.09 |
| 2006-07 | എൽ.എഫ്.എ.4-368/09/17.08.09/06.02.2010 |
| 2007-08 to 2009-10 | എൽ.എഫ്.എ.എം1-1094/12/25.01.13 |
| 2010-11, 2011-12 | എൽ.എഫ്.എ.എം1- |
| 2012-13 | എൽ.എഫ്.എ.എം1-634/2015 |
| 13-14 | കെ.എസ്.എ.എ.എൽ.പി.എം.1/1079/15 dt.7.9.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.എം.1/848/16 dt.1.8.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/ജി.എ.169/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,

ആലപ്പുഴ.

തീയതി: 10. 2.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ 1994 ലെ കേരള നഗരപാലികാ നിയമം - വകുപ്പ് 295(4) ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കായംകുളം നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കായംകുളം നഗരസഭയുടെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

No. KSA-ALP/GA.5-169/2017

Kerala State Audit Department,

District Audit Office,

Alappuzha.

Date: 10. 2.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Kayakulam Municpality in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municpality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Kayakulam Municpality for the year 2015-16 except the observations in Para 4-1 of my audit report properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department